









9-ാം പദ്ധതി

ജനകീയ ആസൂത്രണം
സമഗ്ര വികസന റിപ്പോർട്ട്

ആലക്കോട് ഗ്രാമപഞ്ചായത്ത്



ആലക്കോട് പഞ്ചായത്ത്

61-4

ഒൻപതാം പദ്ധതി ജനകീയ പദ്ധതി



വികസന രേഖ

ആലക്കോട് ഗ്രാമപഞ്ചായത്ത്



ഈ വികസന റിപ്പോർട്ട് തയ്യാറാക്കുവാനും
എഡിറ്റ് ചെയ്യുവാനും അഹോരാത്രം ശ്രമിച്ച
ഡി.ആർ.പി. മാരായ

സർവ്വ ശ്രീ
ജോസഫ് മാത്യു മാളിയേക്കൽ
Rtd. H.M. IJLPS ആലക്കോട്

എം. എ. ജോസഫ് മുട്ടുങ്കൽ,
ടീച്ചർ, ഗവ. എൽ.പി. എസ്. ഇഞ്ചിയാനി

വിൻസന്റ് ജോൺ മാങ്കുഴുപ്പിൽ

ബിജു തോമസ് തോട്ടുപുറം

കെ.ജെ. അവറാൻ കുട്ടി കല്ലിടുക്കിൽ

മാത്യു അഗസ്റ്റിൻ ഇളയിടത്തുകുന്നേൽ

കെ.സി. കൃഷ്ണൻകുട്ടി കണ്ടത്തിൻകര

എന്നിവർക്കും, വിലയേറിയ വിവരങ്ങളും
നിർദ്ദേശങ്ങളും നൽകി സഹകരിച്ച എല്ലാവർക്കും
നന്ദി രേഖപ്പെടുത്തുന്നതോടൊപ്പം നിങ്ങളുടെ
പ്രയത്നം പഞ്ചായത്തിന്റെ വികസനപാതയിലെ ഒരു
നാഴികക്കല്ലാവട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.

ഗ്രാമപഞ്ചായത്ത് കമ്മറ്റി ആലക്കോട്

Computer Typesetting & Layout
Digital Laser Graphics
Thodupuzha ✆ 25239

Telephone { Office: 67295
67039
PABX: 8215

P. J. JOSEPH
MINISTER FOR EDUCATION AND WORKS



ആലക്കോട് ഗ്രാമപഞ്ചായത്ത് വികസനരേഖ പ്രസിദ്ധീകരിക്കുന്നു
എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.
ജനജീവിതത്തെ ബാധിക്കുന്ന എല്ലാ മേഖലകളിലും 'സമഗ്രവും
ശരിക്കാഴ്ചയുമായ മൂന്നേറ്റം' എന്ന വികസനനയ സമീപന തന്ത്രമാണ്
ഇന്ന് ആവശ്യമായിട്ടുള്ളത്. വികസനം എന്നത് റോഡുകളും
പാലങ്ങളും നിർമ്മിക്കൽ മാത്രമല്ല ഉയർന്ന
ഉല്പാദനക്ഷമതയും നീതി പൂർവ്വകമായ വിതരണവും
കൂടിയാണ് എന്ന യാഥാർത്ഥ്യം ഊട്ടിയുറപ്പിക്കേണ്ടിയിരിക്കുന്നു.
വിവിധ വകപ്പുകളുടെ ചുവപ്പുനാടയിൽ കുടുങ്ങി ശ്വാസംമുട്ടുന്ന
വികസനത്തെ അഴകും പിടിയും മാറ്റി അഴിമതി രഹിതമായ
സംവിധാനം ആക്കുക എന്നത് അത്യന്താപേക്ഷിതമാണ്.
വിഭവങ്ങളില്ലാത്ത വികസനം അസാദ്ധ്യമാണ്. സർക്കാർ ഫണ്ട് മാത്രം
ആശ്രയിച്ചുകൊണ്ടുള്ള വികസനം പലപ്പോഴും അപൂർണ്ണവുമായിരിക്കും.
അതുകൊണ്ട് വിഭവ സമാഹരണത്തിന് മനുഷ്യാദ്ധ്വാനമടക്കമുള്ള
മേഖലകൾ കണ്ടെത്തി ഫലപ്രദമായി ഉപയോഗപെടുത്തുവാൻ
കഴിയണം. ആസൂത്രണത്തിലും നടത്തിപ്പിലും ജനപങ്കാളിത്തം
ഉറപ്പാക്കികൊണ്ട് മാത്രമെ
ഈ ലക്ഷ്യത്തിലെത്തുവാൻ കഴിയുകയുള്ളു.
ഈ രീതിയിൽ ഒരു വികസനമുന്നേറ്റം നടത്തുവാൻ ആലക്കോട്
പഞ്ചായത്തിനു കഴിയട്ടെ...

വിജയാശംകളോടെ,

പി.ജെ.ജോസഫ്
(വിദ്യാഭ്യാസ പൊതുമരാമത്ത് വകുപ്പ് മന്ത്രി)

ഉള്ളടക്കം

പേജ്

1. ആമുഖം 7

2. പഞ്ചായത്ത് പൊതുവിവരണം 9

3. സാമൂഹികസാംസ്കാരിക ചരിത്രം 11

4. ഭൂപ്രകൃതിയും വിഭവങ്ങളും 14

5. സാമൂഹിക സാമ്പത്തിക മേഖലകൾ 16

5.1 കൃഷിയും ജലസേചനവും 17

5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും 23

5.3 വ്യവസായം 29

5.5 കുടിവെള്ളവും പെതുജനാരോഗ്യവും 35

5.6 ഗതാഗതം - ഊർജ്ജം 41

5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും 48

5.8 സംസ്ക്കാരം 57

5.9 വനിത 61


5.10 സഹകരണം 63

5.11 പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം 66


5.12 വിഭവസമാഹരണം 69

ഉപസംഹാരം 72


ഭരണസമിതിയംഗങ്ങൾ



പി.കെ.കുര്യൻ
പ്രസിഡന്റ്




ജോസ് പാലാട്ട്
വൈസ് പ്രസിഡന്റ്




ടോമി കാവാലം
സ്റ്റാൻഡിംഗ് കമ്മറ്റി
ചെയർമാൻ




സെലിൻ ബേബി
മെമ്പർ



പി.എസ്.സുലൈമാൻ
മെമ്പർ



ജയ്മോൻ .കെ. ആഗസ്തി
മെമ്പർ



ഏലിക്കുട്ടി പുന്നൂസ്
മെമ്പർ




ഏലിക്കുട്ടി ഉലഹന്നാൻ
മെമ്പർ



അഗസ്റ്റിൻ കല്ലിടുക്കിൽ
ബ്ലോക്ക് പഞ്ചായത്ത് മെമ്പർ

1



ആമുഖം

കേരളം ഇന്ന് അനുഭവിക്കുന്ന ഏറ്റവും ഗുരുതരമായ രണ്ട് വെല്ലുവിളികളാണ് ഉൽപ്പാദന മേഖലയിലെ മാന്ദ്യവും സേവനത്തുറകളിലെ നിലവാരത്തകർച്ചയും. 1995 –ൽ ഇന്ത്യാക്കാരന്റെ ശാരാശരി പ്രതിശീർഷ ഉല്പാദനം 8237 രൂപ ആയിരുന്നപ്പോൾ കേരളീയന്റേത് 6983 രൂപ മാത്രമായിരുന്നു. 1970 –കൾ മുതൽ കേരളത്തിലെ കാർഷികോൽപ്പാദനരംഗത്ത് കാര്യമായ വളർച്ച ദൃശ്യമായിട്ടില്ല. ഇതിനൊരുകാരണം ദീർഘകാലകൃഷികളിലേക്കുള്ളചുവടുമാറ്റമാണ്. എന്നാൽ കേരളത്തിലെ ഓരോ വിളയുടേയും ഉൽപാദനക്ഷമതയെടുത്തു പ്രത്യേകം പരിശോധിച്ചാൽ അത് ദേശീയ ശരാശരിയിൽനിന്നോ നമ്മളുമായി മത്സരിക്കുന്ന മറ്റു പ്രദേശങ്ങലുടെ ഉൽപ്പാദനക്ഷമതയിൽ നിന്നോ വളരെ താഴ്ന്നതാണെന്നുകാണാവുന്നാതാണ്. കൂലിയുടേയും മറ്റ് ഉത്പ്പാദനച്ചെലവുകളുടേയും വർദ്ധനവിന് ആനുപാതികമായി ഉത്പാദനക്ഷമതയും കാർഷികോല്പന്നങ്ങളുടെ വിലയും ഉയരാതിരുന്നത് കാർഷികമേഖലയെ അനാകർഷകമാക്കി.

അതുപോലെ തന്നെ 1990– കളിൽവളരെ തുച്ഛമായ വ്യവസായ വളർച്ചയേ കേരളത്തിനുണ്ടായുള്ളു. പരമ്പാഗത വ്യവസായരംഗം പ്രതിസന്ധിയിലാണ്. ഉല്പാദനരംഗത്തെ മുരടിപ്പ് കാരണം തൊഴിലില്ലായ്മ വർദ്ധിക്കുന്നു.

ഈ പ്രതിസന്ധിഘട്ടത്തിൽ ഫലപ്രദമായി സാമ്പത്തിക മേഖലയിൽ ഇടപെടുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ കഴിവും കുറഞ്ഞുകൊണ്ടിരിക്കുന്നു. സംസ്ഥാനത്തെ നികുതി സാധ്യതകളെ ഉപയോഗപ്പെടുത്തുന്നതിന് പല പരിമിതികളും കേരളത്തിനുണ്ട്. അതേ സമയം സാമൂഹ്യക്ഷേമ ആവർത്തനചെലവുകളുടെ ഭാരം മറ്റേതുസംസ്ഥാനത്തേക്കാളും കൂടുതൽ കേരളം വഹിക്കേണ്ടിയുമിരിക്കുന്നു. ഇതിന്റെ ഫലമായി റവന്യു കമ്മി വർഷംതോറും വർദ്ധിച്ചുവരുന്നു. വികസനപ്രവർത്തനങ്ങൾക്ക് മിച്ചം വെക്കാൻ കഴിയുന്ന തുക ദിവസം തോറും കുറഞ്ഞുംവരുന്നു. ദ്രുത ഗതിയിലുള്ള സാമ്പത്തിക വളർച്ച ഉറപ്പുവരുത്തികൊണ്ട് മാത്രമേ കേരളജനത ഇന്നനുഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യക്ഷേമനിലവാരം പോലും തുടർന്നും നിലനിർത്തുവാൻ സാധ്യമാകു എന്ന് നാം തിരിച്ചറിഞ്ഞിരിക്കുന്നു.

കഴിഞ്ഞ എട്ടുപഞ്ചവത്സരപദ്ധതികളിലായി നാം കോടികണക്കിനു രൂപ വികസന പദ്ധതികൾക്കുചിലവഴിച്ചു. എങ്കിലും അതനുസരിച്ചുള്ള ഗുണഫലങ്ങൾ സാമാന്യ ജനങ്ങൾക്ക് അനുഭവേദ്യമായിട്ടില്ല എന്നത് നിസ്തർക്കമാണ്. പദ്ധതിനടത്തിപ്പിൽ വന്ന പ്രധാനപ്പെട്ട ചിലപോരായ്മകളായിരുന്നു അതിനു കാരണം.

ഒന്നാമതായി ആസൂത്രണമെന്നത് പ്രയോഗത്തിൽ വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകളായി അധ:പതിച്ചു. സ്ഥല ജലവിഭവങ്ങളുടെ കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിന് ആ സ്കീമുകൾക്ക് കഴിഞ്ഞില്ല.

രണ്ടാമതായി ആസൂത്രണം കേന്ദ്രീകൃതവും ഉദ്യോഗസ്ഥ മേധാവിത്വപരമായിരുന്നു. ജനങ്ങൾക്ക് പദ്ധതിയുടെ നടത്തിപ്പുസംബന്ധിച്ച തീരുമാനങ്ങളിലോ നടത്തിപ്പിലോ ഒരു പങ്കുമുണ്ടായിരുന്നില്ല.

മൂന്നാമതായി വിഭവ പരിമിതി പരിഗണിക്കാതെ

ഒരേസമയം തന്നെ ഒട്ടനവധിപദ്ധതികൾ ഏറ്റെടുത്തിരുന്നു.

9-ാം പദ്ധതിക്ക് രൂപം നൽകുമ്പോൾ ഈപോരായ്മകൾ പരിഹരിച്ചേ മിതിയാകൂ എന്ന് നാം തിരിച്ചറിഞ്ഞിരിക്കുന്നു. ഇവിടെയാണ് ജനകീയ ആസൂത്രണത്തിന്റെ പ്രസക്തി

ഭാരതത്തിന്റെ മുന്നോട്ടുള്ള പ്രയാണം അടിസ്ഥാനമേഖലയുടെ - ഗ്രാമീണമേഖലയുടെ - വികസനത്തിലൂടേയെ സാധ്യമാവുകയുള്ളുവെന്നും ആ മേഖലയുടെ വികസനപദ്ധിതികൾക്ക് ആ മേഖലയിലുള്ള ജനങ്ങൾ തന്നെ രൂപം നൽകണമെന്നും ആപ്രദേശങ്ങളിലെ ജനങ്ങളുടെ പങ്കാളിത്തത്തോടെ ആ പദ്ധതികൾ വിജയകരമായി നടപ്പിലാക്കണമെന്നുമുള്ള ബോധ്യമാണ് ജനകീയ ആസൂത്രണത്തിന്റെ അടിസ്ഥാനം.

ഇൻഡ്യൻ ഭരണഘടനയുടെ 73- ഉം 74-ഉം ഭേദഗതികൾവഴി ത്രിതലപഞ്ചായത്തുകൾക്ക് പഞ്ചവത്സരപദ്ധദികളുടെ ആസൂത്രണത്തിൽ പങ്കാളിത്തം ഉറപ്പ് നൽകിയിട്ടുണ്ട്. കേരള പഞ്ചായത്ത് മുനിസിപ്പൽ നിയമങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ചുമതലകളും അധികാര അവകാശങ്ങളും വ്യക്തമായി നിർവചിക്കുകയും ചെയ്തിട്ടുണ്ട്.

9-ാം പദ്ധതി അടങ്കലിന്റെ 35-40% തുകകൾ വിനിയോഗിക്കാനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്. അതിനുള്ള പദ്ധതികൾ അതാതുസ്ഥലത്തെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങൾ രൂപപ്പെടുത്തി നടപ്പാക്കുന്നവയായിരിക്കണം. ഒപ്പം ഇന്ന് വിവിധ വകപ്പുകളിലൂടെ നടപ്പിലാക്കപ്പെടുന്ന പദ്ധതികളും ഗ്രാമ തലത്തിൽനിന്നുള്ള അഭിപ്രായങ്ങളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ പുനക്രമീകരിക്കപ്പെടണം

ഈ പദ്ധതികൾ നിർദ്ദേശിക്കുന്നതിനായി പഞ്ചായത്തിലെ 8 വാർഡുകളിലും സ്പെഷ്യൽ ഗ്രാമസഭകൾ ചേരുകയും പഞ്ചായത്ത് നേരിടുന്ന വികസനവെല്ലുവിളികൾ കണ്ടെത്തുകയും അവയ്ക്ക് പ്രായോഗിക പരിഹാര നിർദ്ദേശങ്ങൾ ഉന്നയിക്കുകയുമുണ്ടായി.

ആ ഗ്രാമസഭകളുടെ കണ്ടെത്തലുകളും, പഞ്ചായത്തിൽ നടത്തിയ പഠനപര്യടനത്തിൽ ലഭിച്ച വിവരങ്ങളും വിവിധമേഖലകളിൽ നിന്നും ശേഖരിച്ച സ്ഥിതിവിവര കണക്കുകളും എല്ലാ ഗ്രാമസഭകളുടെയും പ്രതിനിധികളടങ്ങിയ 12 സബ് കമ്മറ്റികൾ പരിശോധിച്ച് ചർച്ചചെയ്ത് തയ്യാറാക്കി പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച്, വികസന സെമിനാറിന്റെ അംഗീകരാത്തിനായി സമർപ്പിക്കുന്ന ആലക്കോട് പഞ്ചായത്തിന്റെ സമഗ്രവികസന രേഖയാണിത്.



2


പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെപേര്	- ആലക്കോട്
റവന്യു വില്ലേജുകൾ	- ആലക്കോട്, കരിമണ്ണൂർ
ബ്ളോക്ക് പഞ്ചായത്ത്	- ഇളംദേശം
ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ	- ആലക്കോട്
താലൂക്ക്	- തൊടുപുഴ
ജില്ല	- ഇടുക്കി
അസംബ്ളി മണ്ഡലം	- തൊടുപുഴ
വിസ്തീർണ്ണം	- 22.54 ച:കി.മി
ജനസംഖ്യ	- 8855 (91 ലെ സെൻസസ് റിപ്പോർട്ടനുസരിച്ച്)
വാർഡുകളുടെ എണ്ണം	- 8
നിലവിലുള്ള അതിർത്തി	
വടക്ക്	- കരിമണ്ണൂർ ഉടുമ്പന്നൂർ പഞ്ചായത്ത്
തെക്ക്	- കുടയത്തൂർ, മുട്ടം പഞ്ചായത്തുകൾ
കിഴക്ക്	- വെള്ളിയാമറ്റം, കുടയത്തൂർ പഞ്ചായത്തുകൾ
പടിഞ്ഞാറ്	- ഇടവെട്ടി പഞ്ചായത്ത്
ഇപ്പോഴത്തെ പഞ്ചായത്ത് ഭരണസമിതി	
ശ്രീ. പി.കെ. കുര്യൻ പഴയിടം.	- പ്രസിഡണ്ട്
ശ്രീ. ജോസ് പാലാട്ട്	- വൈ: പ്രസിഡണ്ട്
ശ്രീ. ടോമി കാവാലം	- സ്റ്റാൻഡിഗ് കമ്മറ്റി ചെയർമാൻ
ശ്രീ. സുലൈമാൻ സെയ്തു മുഹമ്മദ് പുത്തനറയിൽ (ഇല്ലിക്കൽ)	- മെമ്പർ
ശ്രീ. ജയ്മോൻ ആഗസ്തി കല്ലോലിക്കൽ	- മെമ്പർ
ശ്രീമതി. ഏലിക്കുട്ടി പുന്നൂസ് കല്ലിടുക്കിൽ	- മെമ്പർ
ശ്രീമതി. ഏലിക്കുട്ടി ഉലഹന്നൻ താന്നിക്കൽ	- മെമ്പർ
ശ്രീമതി. സെലിൻ ബേബി തെങ്ങുംപള്ളിൽ	- മെമ്പർ
ശ്രീ. അഗസ്റ്റിൻ കല്ലിടുക്കൽ	- ബ്ലോക്ക് പഞ്ചായത്ത് മെമ്പർ
ശ്രീ. ജോയി തോമസ്	- ജില്ലാ പഞ്ചായത്ത് മെമ്പർ

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന വിവിധ ഗവ: സ്ഥാപനങ്ങൾ

1. ഇളംദേശം ബ്ളോക്ക് പഞ്ചായത്ത് ഓഫീസ്
2. ആലക്കോട് വില്ലേജ് ഓഫീസ്
3. കൃഷിഭവൻ ആലക്കോട്
4. P.H.C. ആലക്കോട്
5. മൃഗാശുപത്രി ആലക്കോട്
6. ഗ്രാമപഞ്ചായത്ത് ഓഫീസ് ആലക്കോട്
7. I.C.D.S ഓഫീസ് ഇളംദേശം (ആലക്കോട്)
8. ബ്രാഞ്ച് പോസ്റ്റ് ഓഫീസ് ആലക്കോട്
9. ആയുർവേദ ആശുപത്രി ചിലവ്
10. ബ്രാഞ്ച് പോസ്റ്റ് ഓഫീസ് ചിലവ്
11. സബ്- പോസ്റ്റ് ഓഫീസ് കലയന്താനി
12. ഹോമിയോ ഡിസ്പെൻസറി ഇഞ്ചിയാനി
13. ഗവ: എൽ.പി.സ്കൂൾ ഇഞ്ചിയാനി
14. P.H.S.C അഞ്ചിരി
15. ബ്രാഞ്ച് പോസ്റ്റ് ഓഫീസ് അഞ്ചിരി
16. P.H.S.C ചിലവ്
17. ബീജ സങ്കലന കേന്ദ്രം അഞ്ചിരി

ഇവ കൂടാതെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ 10 അംഗൻവാടികളും സ്വകാര്യഎയ്ഡഡ് മേഖലയിൽ ഒരു ഹൈസ്കൂളും ഒരു അപ്പർ പ്രൈമറിസ്കൂളും രണ്ട് ലോവർ പ്രൈമറി സ്കൂളുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.



സാമൂഹിക – സാംസ്കാരിക ചരിത്രം

കേരളം പഴയനാട്ടുരാജ്യങ്ങളായിരുന്നകാലത്ത് ഈ ഭൂവിഭാഗം വടക്കുംക്കൂർ രാജാവിന്റെ ഭരണത്തിലായിരുന്നു. ഇന്നത്തെ കാരിക്കോട് ആയിരുന്നു രാജധാനി. കാരിക്കോട്, ചാലംക്കോട്, ഇടവെട്ടി, ആലക്കോട്, ഇളംദേശം വെള്ളിയമറ്റം വഴി സഹ്യപർവ്വത ചുരങ്ങളിൽകൂടി പാണ്ടിനാടുമായി ബന്ധിച്ചിരുന്ന ഒരു പെരുവഴി അന്നുണ്ടായിരുന്നുവെന്നതിന്റെ തെളിവുകൾ അങ്ങിങ്ങായി ഇന്നും കാണാൻ കഴിയും. കാരിക്കോടും പാണ്ടിനാടുമായി അന്ന് വ്യാപാരബന്ധമുണ്ടായിരുന്നു. കാരിക്കോട് ഇന്നുള്ള മുസ്ലീം കുടുംബക്കാരിൽ പലരുടേയും പൂർവ്വികർ പാണ്ടിനാട്ടിൽനിന്നും വന്നവരാണന്ന് വിശ്വസിക്കപ്പെടുന്നു. അന്നുണ്ടായിരുന്ന പെരുവഴിക്ക് സമാന്തരമായാണ് ഇന്നത്തെ തെടുപുഴ വെള്ളിയാമറ്റം റോഡ് ഉണ്ടായിരിക്കുന്നത്.

ഈ പ്രദേശങ്ങളിൽ പലയിടത്തും മണ്ണിനടിയിൽനിന്നും ലഭിച്ചിട്ടുള്ള മൺചാറകൾ, വിളക്കുകൾ, ആയുധങ്ങൾ, ചിലമ്പുകൾ മുതലായവ ഈ പ്രദേശങ്ങൾ ഒരുകാലത്ത് ഐശ്വര്യപൂർണ്ണമായ ജനസങ്കേതങ്ങൾ ആയിരുന്നവെന്ന് സൂചിപ്പിക്കുന്നു.

മാർത്താണ്ഡവർമ്മ മഹാരാജാവ് വടക്കുകൂറിനെ വേണാടിനോട് ചേർത്തതും, പാണ്ടിക്കാരായ തിവെട്ടിക്കൊള്ളക്കാരുടെ നിരന്തരമായ ശല്യവും കാലാന്തരത്തിൽ ഈ പ്രദേശം വിജനമായിത്തീരാൻ ഇടവരുത്തിയെന്ന് കരുതപ്പെടുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഈ പ്രദേശങ്ങളിൽ കുടിയേറ്റം തുടങ്ങി.

ഏതാണ്ട് ഈ കാലഘട്ടത്തിൽ യൂറോപ്യൻമാർ വെള്ളിയാമറ്റത്ത് റബ്ബർകൃഷി ആരംഭിച്ചു. അവരാണ് ഇന്നത്തെ തൊടുപുഴ-വെള്ളിയാമറ്റം റോഡ് നിർമ്മിച്ചത്.

സ്ഥലനാമ ചരിത്രം

പഞ്ചായത്തിലെ ഓരോ പ്രദേശങ്ങൾക്കും ആ പേര് ലഭിക്കാൻ ഉണ്ടായ കാരണങ്ങളെ കുറിച്ചുള്ള ഐതിഹ്യങ്ങൾ താഴെ കൊടുക്കുന്നു.

ചിലവ്

ആലക്കോട് പഞ്ചായത്തിൽ പ്പെട്ട സ്ഥലങ്ങളിൽ ആദ്യകാലകുടിയേറ്റം നടന്നത് ചിലവിലാണന്ന് പറയപ്പെടുന്നു. സമീപപ്രദേശങ്ങളെക്കാൾ ഉയർന്നകിടപ്പും ചതുപ്പുപ്രദേശങ്ങളുടെ അഭാവവും ആദിവാസികളുടെ സാമീപ്യവും ഇതിന് കാരണങ്ങളായി കരുതപെടുന്നു. ആദ്യ കുടിയേറ്റക്കാരിൽ ആർക്കോ മണ്ണ് ഇളക്കിയപ്പോൾ രണ്ട് ചിലമ്പുകൾ കിട്ടിയെന്നും ചിലമ്പുകിട്ടിയ സ്ഥലത്തിന് ചിലമ്പ് എന്ന് പേര് ഉണ്ടായെന്നും, അത് ലോപിച്ച് ചിലവായെന്നും പറയപെടുന്നു.

ആലക്കോട്

മുൻകാലങ്ങളിൽ വടക്കുംക്കൂർ രാജ്യവും പാണ്ടിനാടുകളുമായി വ്യപാരബന്ധമുണ്ടായിരുന്നു. സാർത്ഥവാഹകസംഘങ്ങൾക്ക് മലകയറ്റം തുടങ്ങുന്നതിന് മുമ്പ് വിശ്രമിക്കുവാനുള്ള ആലകൾ സ്ഥിതിചെയ്തിരുന്ന സ്ഥലമായിരുന്നതിനാൽ ആലക്കോട് എന്ന പേര് ലഭിച്ചു-ആലകൾ നിറഞ്ഞ സ്ഥലമെന്നർത്ഥം.

ഇഞ്ചിയാനി

പണ്ട് ഈപ്രദേശത്ത് അസാധാരണ വണ്ണമുണ്ടായിരുന്ന ഒരു ആഞ്ഞിലിയും അതിൽ നിറഞ്ഞുകിടന്നിരുന്ന ഇഞ്ചപടർപ്പും ഉണ്ടായിരുന്നു അങ്ങനെ ആ സ്ഥലത്തിന്

ഇഞ്ച ആനി എന്നും അത് ലോപിച്ച് ഇഞ്ചിയാനിയെന്നും പേരുണ്ടായെന്ന് പറയപ്പെടുന്നു.

അഞ്ചിരി

ഈ പ്രദേശത്തിന് ഈപേര് ലഭിക്കുവാൻ പലകാരണങ്ങൾ പറയപ്പെടുന്നു. വടക്കുംകൂർ രാജാവിന്റെ ഭരണത്തിലിരുന്ന ഈ പ്രദേശം കിടങ്ങൂർ ദേവസ്വത്തിന്റെ വകയും അഞ്ച് ഇല്ലങ്ങളുടെ കൈവശത്തിലുമായിരുന്നു. അവർ അഞ്ചിടത്ത് ഇല്ലങ്ങൾ സ്ഥാപിച്ച് വസിച്ചിരുന്നുവെന്ന് പറയപ്പെടുന്നു. അഞ്ച് ഇല്ലങ്ങളുള്ള പ്രദേശം അഞ്ചിരിയായി.

അഞ്ച് തിരിവുകൾ ഉണ്ടായിരുന്ന സ്ഥലം അഞ്ചിരിയായിയെന്ന് അഭിപ്രായപെടുന്നവരും ഉണ്ട്.

അഞ്ച് ഗിരി(കുന്ന്)കളാൽ ചുറ്റപ്പെട്ടപ്രദേശം അഞ്ച്ഗിരിയും പിന്നീട് അഞ്ചിരിയും ആയി എന്ന അഭിപ്രായവുമുണ്ട്.

പെരുംകൊഴുപ്പ്

ഈ പ്രദേശം വളരെയധികം ഫലഭൂയിഷ്ടമായിരുന്നതുകൊണ്ട് വളരെ ഫലപുഷ്ടിയുള്ള പ്രദേശം എന്ന അർത്ഥത്തിൽ പെരുംകൊഴുപ്പ് എന്ന് വിളിച്ചുവെന്ന് കരുതപ്പെടുന്നു.

പരപ്പിൻകര

ഈ പ്രദേശത്ത് വടക്കനാറ്റിൽ നിരന്ന പാറകൾ ഉണ്ടായിരുന്നുവെന്നും ഈ പാറകളിൽ കൂടി ആളുകൾ അക്കരെയിക്കരെ കടന്നിരുന്നുവെന്നും അങ്ങനെ ആ സ്ഥലത്തിന് പരപ്പിൻകരയെന്ന് പേരു വന്നെന്നും പറയുന്നു.

വടക്കനാറും തൊടുപുഴയാറും സന്ധിക്കുന്നതിന് സമീപമുള്ള നിരപ്പായ തലങ്ങൾഉൾക്കൊള്ളുന്നതിനാൽപരപ്പിൻകരയെന്നുവിളിച്ചെന്നു പറയുന്നവരുമുണ്ട്.

ആനക്കയം

പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ള വടക്കനാറ്റിൽ പണ്ട് വളരെ ആഴമുള്ളതും ഒരിക്കലും വറ്റാത്തതുമായ ഒരു കയം ഉണ്ടായിരുന്നുവെന്നും കാട്ടാനകൾ വേനൽക്കാലത്ത് ആ കയത്തിൽ വന്ന് വെള്ളം കുടിച്ചിരുന്നുവെന്നും, ഒരിക്കൽ ഒരു കാട്ടാന കയത്തിൽവീണ് ചത്തെന്നും അതുകൊണ്ട് നാട്ടുകാർ ആ കയത്തിന് ആനക്കയമെന്ന് പേർ നൽകിയെന്നും പറയപ്പെടുന്നു. ക്രമേണ അത് സ്ഥലനാമമായി പരിണമിച്ചു.

സാംസ്ക്കാരിക ചരിത്രം

മരങ്ങാട്ടുപള്ളി, കൂടല്ലൂർ, കുറവിലങ്ങാട്, വാഴക്കുളം, പാല, പൈക തുടങ്ങിയ പ്രദേശങ്ങളിൽനിന്നുള്ള വരാണ് ഈ പഞ്ചായത്തിലെ ആദ്യകാലകുടിയേറ്റക്കാർ. വന്യമൃഗങ്ങളോടും മലമ്പനിയോടും അവർക്ക് ഒരുപോലെ മല്ലിടേണ്ടിവന്നു. ജാതി, മത, വർണ്ണ, വർഗ്ഗ വ്യത്യാസങ്ങളില്ലാതെ പരസ്പരം സഹായിച്ചുകൊണ്ട് ഈ മണ്ണിലവർ പൊന്നു വിളയിച്ചു. പരസ്പരം തോളുരുമ്മി നിന്നുകൊണ്ട് വികസനത്തിന്റെ നൂതന വഴിത്താരകൾ ഈ പഞ്ചായത്തിൽ അവർ വെട്ടിതെളിച്ചു.

പഞ്ചായത്തിൽ ഹിന്ദു മുസ്ലിം ക്രിസ്ത്യൻ വിഭാഗങ്ങളിൽ പെട്ടവർ ഇടകലർന്ന് ഒരുമയോടെ വസിക്കുന്നു. എല്ലാ മതവിഭാഗങ്ങളുടേയും ആഘോഷങ്ങൾ പരസ്പര സഹകരണത്തോടെ കൊണ്ടാടുകയും, ആശംസകൾ കൈമാറുകയും ചെയ്തുവരുന്നു. ഭൂവുടമ-കർഷകത്തൊഴിലാളി ബന്ധം എക്കാലവും ഇവിടെ സൗഹാർദ്ദപരമായിരുന്നു. പഞ്ചായത്തു പ്രദേശങ്ങളിലൊരിടത്തും വർഗ്ഗീയ സംഘട്ടനങ്ങളോ വർഗ്ഗസംഘട്ടനങ്ങളോ നടന്നതായി കേട്ടുകേൾവിപോലുമില്ല.

പഞ്ചായത്തിന്റെ ലഘു ചരിത്രം

ആലക്കോട് പഞ്ചായത്ത് രൂപീകരണത്തിനുമുമ്പ് വില്ലേജ് യൂണിയൻ എന്നപേരിൽ അധികാരമില്ലാത്ത നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങളുള്ള ഒരു ഭരണസംവിധാനം ഇവിടെ നിലനിന്നിരുന്നു. 1953-ൽ ആണ് ആലക്കോട് പഞ്ചായത്ത് രൂപീകൃതമായത് അന്നത്തെ പഞ്ചായത്തിന്റെ അതിർത്തി കിഴക്ക് അറക്കുളം കുടയത്തൂർ പഞ്ചായത്തുകളും തെക്ക് മുട്ടം പഞ്ചായത്ത് പടിഞ്ഞാറ് തൊടപുഴ പഞ്ചായത്തും വടക്ക് കരിമണ്ണൂർ പഞ്ചായത്തുമായിരുന്നു.

1953 ജൂൺ മാസത്തിൽ ശ്രീ. വി. എ. മുഹമ്മദ് കണ്ണുറാവുത്തർ വാണിയപുരയ്ക്കൽ പ്രസിഡന്റും ശ്രീ. ഐപ്പ് ജേക്കബ് പള്ളിക്കാമാലിൽ വൈസ് പ്രസിഡന്റുമായി പഞ്ചായത്തിന്റെ പ്രഥമഭരണസമിതി നിലവിൽ വന്നു.

സർവ്വശ്രീ. എൻ.പി. ഇബ്രാഹിം നൈനുകുന്നേൽ,

പി.എം. മാത്യു പാറക്കുന്നേൽ

കെ.എ. അബ്രാഹം കിഴക്കെഉണ്ണിപ്പിള്ളിൽ

വി.എം. സെയ്ദുമുഹമ്മദ് വാണിയപുരയ്ക്കൽ,

എ.എം. അബ്ദുൾ അസീസ് ലബ്ബ ആയപുരയ്ക്കൽ

എന്നിവരായിരുന്നു കമ്മറ്റി അംഗങ്ങൾ. പഞ്ചായത്ത് ഭരണസമിതി നിലവിൽ വന്നതോടെ നിലവിൽ ഉണ്ടായിരുന്ന വില്ലേജ് യൂണിയൻ പഞ്ചായത്തിൽ ലയിച്ചു. ഇടവെട്ടിയിൽ ഒരു വാടക കെട്ടിടത്തിലായിരുന്നു പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത്.

1955 -ൽ പഞ്ചായത്ത് സ്വന്തം മാനേജ്മെന്റിൽ വെട്ടിമറ്റത്ത് ഒരു ലോവർ പ്രൈമറി സ്കൂൾ ആരംഭിച്ചു.

1957 മാർച്ച് 1-ാം തീയതി ഉണ്ടായ മെമ്പർ ശ്രീ. പി.എം. മാത്യുവിന്റെ അപകടമരണവും ശ്രീ. കെ.എ. അബ്രഹത്തിന്റെ അസുഖം നിമിത്തമുണ്ടായ രാജിയും മൂലംവന്ന ഒഴിവുകളിലേക്ക് ശ്രീ. സഖറിയാസ് ജോൺ കല്ലിടുക്കിലും ശ്രീ. ജോസഫ് ചെറിയാൻ മുണ്ടയ്ക്കലും

മെമ്പർമാരായി തിരഞ്ഞെടുക്കപ്പെട്ടു. 13-6-1957 ൽ പുതിയ മെമ്പർമാർ സ്ഥാനമേറ്റു.

1-3-1959-ൽ പഞ്ചായത്ത് ഓഫിസ് ഇന്നിരിക്കുന്ന കോമ്പൗണ്ടിൽ പണിതീർത്ത സ്വന്തം കെട്ടിടത്തിലേക്കു മാറ്റി.

1962-ൽ ആലക്കോട് പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന ആലക്കോട് വില്ലേജിലെ ഇളംദേശം വെട്ടിമറ്റം കരകൾ പുതുതായി രൂപികരിക്കപ്പെട്ട വെള്ളിയാമറ്റം പഞ്ചായത്തിനോടു ചേർക്കപ്പെട്ടതിനാൽ പഞ്ചായത്തിന്റെ വിസ്തൃതിയിൽ കുറവുവന്നു.

1963 ഡിസംബറിൽ നടന്ന പഞ്ചായത്ത് ഇലക്ഷനോടനുബന്ധിച്ച് 1963 ഡിസംബർ 9-ാം തിയതി ശ്രീ. റ്റി.കെ. ഗോപാലപിള്ള പ്രസിഡണ്ടും ശ്രീ റ്റി. എൽ. ലൂക്കാ വൈസ് പ്രസിഡണ്ടായുമുള്ള ഭരണസമിതി നിലവിൽ വന്നു.

സർവ്വശ്രീ സി.ബി. ഉമ്മർ
കെ.വി. ആഗസ്തി കിഴക്കരകാട്ട്
എം.എ. ജോസഫ് മാവറ
കെ.ജെ. വർക്കി കോടമുള്ളിൽ
എം.കെ. മത്തായി മനയാനിക്കൽ
എം.എ അബ്രാഹം വാരിക്കാട്ട്
സഖറിയാസ് ജോൺ കല്ലിടുക്കിൽ

ശ്രിമതി. തങ്കമ്മ ചെറിയാൻ (നോമിനേറ്റഡ് മെമ്പർ) എന്നിവരായിരുന്നു മറ്റ് മെമ്പർമാർ.

ശ്രീമതി തങ്കമ്മ ചെറിയാന്റെ നിര്യാണം മൂലം ഉണ്ടായ ഒഴുവിലേക്ക് 1965 ജൂലൈ29 ന് ശ്രീമതി അന്നക്കുട്ടിജോസഫ് നോമിനേറ്റുചെയ്യപ്പെട്ടു.

ശ്രീ. റ്റി.കെ ഗോപാലപിള്ള പ്രസിഡണ്ട് സ്ഥാനം രാജിവച്ചതിനേതുടർന്ന് ശ്രീ. കെ.വി ആഗസ്തി പ്രസിഡണ്ടായി സ്ഥാനമേറ്റു.

1968 ജൂലൈയിൽ പുതിയകാരിക്കോട് പഞ്ചായത്ത് രൂപീകൃതമായതോടെ ആലക്കോട് പഞ്ചായത്തിന്റെ ഭാഗങ്ങളായിരുന്ന കാരിക്കോട് വില്ലേജിന്റെ ഭാഗങ്ങൾ കാരിക്കോട്പഞ്ചായത്തിൽ ചേർക്കപ്പെട്ടു. ഗവ. തീരുമാനപ്രകാരം 1968 ഒക്ടോബർ 16-ന് പ്രസിഡണ്ട് ഉൾപ്പെടെ ഏഴ് മെമ്പർമാർ കാരിക്കോട് പഞ്ചായത്ത് മെമ്പർമാരായി മാറി.

1968 ഡിസംബർ 9-ന് ശ്രീ. റ്റി.എൽ. ലൂക്കാ പ്രസിഡണ്ടായി പുന:സംഘടിപ്പിച്ച കമ്മിറ്റിയിൽ

സർവ്വശ്രീ. എം.കെ.മത്തായി
എം.എ.അബ്രാഹം
സഖറിയാസ് ജോൺ
ശ്രീമതി. ഏലിക്കുട്ടി എന്നിവർ അംഗങ്ങളായിരുന്നു.

1979-ൽ നടന്ന പഞ്ചായത്ത് തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് 29-9-1979- ൽ ശ്രീ. പി.ജെ. ജോസഫ് പടിഞ്ഞാറിടത്തു പ്രസിഡണ്ടായും ശ്രീമതി. അന്നമ്മ അഗസ്റ്റിൻ പുളിന്താനത്ത് വൈസ് പ്രസിഡണ്ടായും ഉള്ള കമ്മിറ്റി നിലവിൽ വന്നു.

സർവ്വശ്രീ. മാത്യു തൊമ്മൻ കക്കുഴിയിൽ
മത്തായി വർഗ്ഗീസ് തേവരുപാറയിൽ
തോമസ് മത്തായി കരിന്തോളിൽ
സുലൈമാൻ ഇബ്രാഹിം ഇല്ലിക്കൽ
ദേവസ്യ ദേവസ്യ ചിറ്റാട്ടിൽ
വാസു അഴകൻ എന്നിവരായിരുന്നു മറ്റു മെമ്പർമാർ.

1988-ൽ നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് ശ്രീ. സെബാസ്റ്റ്യൻ തെങ്ങുംപള്ളി പ്രസിഡണ്ടും ശ്രീ. എൻ.എച്ച്. അബുദുൾകരിം നടുപ്പറമ്പിൽ വൈസ്പ്രസിഡണ്ടും മായി പഞ്ചായത്ത് കമ്മറ്റി നിലവിൽ വന്നു.


സർവ്വശ്രീ തോമസ് മാത്യു കക്കുഴിൽ
കുര്യാക്കോ ജോസ് താന്നിക്കൽ
വി.കെ. വർക്കി വട്ടക്കുന്നേൽ
സുകുമാരൻ കൊച്ചുകുഞ്ഞ് കയത്തുംകര
ശ്രീമതി. വൽസമ്മ ജോസ് പുത്തൻകണ്ടത്തിൽ
ശ്രീമതി. റോസമ്മ ജോർജ്ജ് തയ്യിൽ
എന്നിവരായിരുന്നു മറ്റു മെമ്പർമാർ.

ഈ കമ്മറ്റിയുടെ കാലത്ത് പഞ്ചായത്ത് ഓഫീസ് ഇന്നത്തെ പുതിയ കെട്ടിടത്തിലേക്കുമാറ്റി. പഴയ കെട്ടിടത്തിൽ പ്രാഥമികാരോഗ്യകേന്ദ്രം പ്രവർത്തിക്കാനുള്ള അനുവാദം നൽകി.

1995-സെപ്റ്റംബറിൽ നടന്ന തിരഞ്ഞെടുപ്പിനെ തുടർന്ന് 1995 ഒക്ടോബർ 2-ാം തിയതി ഇപ്പോഴത്തെ പഞ്ചായത്ത് കമ്മറ്റി അധികാരമേറ്റു.

4

ഭൂപ്രകൃതിയും വിഭവങ്ങളും



ഈ പഞ്ചായത്ത് പ്രദേശം പൊതുവെ കിഴക്കു നിന്നും പടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്നു. കുന്നിൻമണ്ട, കുത്തനെയുള്ള ചെരിവ്, ചെറിയ ചെരിവ്, സമതലം, താഴ് വര, പാറപ്രദേശം എന്നീ അഞ്ചുവിഭാഗങ്ങളായി ഭൂപ്രകൃതിയെ തരംതിരിക്കാം. മൊത്തംവിസ്തീർണ്ണത്തിന്റെ 15% കുന്നിൻമണ്ടയും 25% കുത്തനെയുള്ള ചെരിവും 25% ചെരിഞ്ഞചെരിവും 10% സമതലവും 5% താഴ് വര പ്രദേശങ്ങളും 20% പാറപ്രദേശങ്ങളുമാണ്.

കാലാവസ്ഥ

മഴക്കാലം, തണുപ്പുകാലം, വേനൽക്കാലം എന്നിങ്ങനെ മൂന്ന് കാലാവസ്ഥകൾ അനുഭവപെടുന്നു ജൂൺ മുതൽ സെപ്റ്റംബർ വരെ കാലവർഷവും ഒക്ടോബർ നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. കുറേ കാലങ്ങളായി തുലാവർഷം കുറയുന്നതായി കാണപ്പെടുന്നു. ഡിസംബർ ജനുവരി മാസങ്ങളിലാണ് തണുപ്പുകാലം അനുഭവപെടുന്നത്. ഫെബ്രുവരിയിൽ ആരംഭിക്കുന്ന വേനൽകാലം ചിലകാലങ്ങളിൽ വരൾച്ചയ്ക്ക് ഇടയാക്കാറുണ്ട്. സാധാരണയായി ഏപ്രിൽ മാസത്തിൽ ഇടമഴ ലഭിക്കാറുണ്ട്.

മണ്ണ്

കുന്നിൻ മണ്ടയിലും ചെരിവുപ്രദേശങ്ങളിലും കരിമണ്ണും ചെമ്മണ്ണും ഇടകലർന്നു കാണുന്നു. ചിലപ്രദേശങ്ങളിൽ കരിമ്പാറകെട്ടുകൾ ഉണ്ട്. സമതലങ്ങളിൽ ചരൽ കലർന്ന ചെമ്മണ്ണാണ്. താഴ് വരകളിൽ എക്കൽ കലർന്ന ചെമ്മണ്ണ് കാണപ്പെടുന്നു. വെള്ളക്കെട്ട് അനുഭുപെടുന്ന സ്ഥലങ്ങളില്ല. താഴ് വരകൾ കുറേയൊക്കെ വയലുകളായി ഉപയോഗിക്കുന്നു.

പഞ്ചായത്തിലെ പ്രധാനപ്പെട്ട പാറക്കെട്ടുകളും കുന്നുകളും

വാർഡ്	പാറക്കെട്ടുകൾ	കുന്നുകൾ
1	കച്ചിറപ്പാറ മാരാംപ്പാറ	കൊക്കലംകുന്ന്
2		വട്ടോലിമല, പറമ്പുകാട്ടുമല
3	തനിമലപ്പാറ കുടക്കച്ചിറപ്പാറ	നെല്ലിക്കാനംകുന്ന് തനിമല
4	കരിന്തോളിപ്പാറ	തേവരുപാറ
5	തേവരുപാറ, വേങ്ങപാറ പതിക്കാട്ടിൽ പാറ, സി. എസ്. ഐ പള്ളിപ്രദേശം പുളിയംമ്മാക്കൽപ്പാറ കുടിലപ്പാറ	
6	ഇടിവെട്ടിപ്പാറ, കരിംകുളം പാറ	മലങ്കരഭാഗം
7	മൈലാടുംപ്പാറ മഞ്ഞപ്ര പാറ	
8	കോളനി പ്രദേശം ആനക്കയം പാറ	പള്ളിക്കുന്ന് നത്തുമല,ഒന്നാരമല

ജലം

മഴക്കാലത്ത് ലഭിക്കുന്ന ജലമാണ് പ്രധാന ആശ്രയം. എല്ലാകാലത്തും ജലസമൃദ്ധമായിരുന്ന തോടുകൾ ഇന്ന് വേനൽക്കാലമായാൽ വറ്റി വരളുകയും ഇടമുറിയുകയും ചെയ്യുന്നു. കുടിവെള്ളത്തിനായി കിണറുകളെ

യാണ് പ്രധാനമായും ആശ്രയിക്കുന്നത്. വാട്ടർ സപ്ലൈസ്കീമുകൾ ചിലയിടങ്ങളിൽ നടപ്പാക്കിയിട്ടുണ്ടെങ്കിലും ആവശ്യത്തിന് ജലം ലഭ്യമായിട്ടില്ല.

പൊതു ജലസേചനസൗകര്യങ്ങൾ പഞ്ചായത്തിലില്ല. രണ്ട് മൂന്ന് സൗകാര്യ വ്യക്തികൾ സ്വന്തം കുളങ്ങളിൽനിന്നും ജലസേചനം നടത്തുന്നുണ്ട്.

ജൈവസമ്പത്ത്.

ഇവിടെ കന്നുകാലികൾ, ആട്, പോത്ത്, പട്ടി, പൂച്ച, എന്നീ വളർത്തുമൃഗങ്ങളാണ് ഉള്ളത്. പ്രധാന വളർത്തു പക്ഷി കോഴിയാണ്. വീടുകളിൽ വളർത്തുന്ന നാടൻ കോഴികളല്ലാതെ പൗൾട്രി ഫാംസ് ഒന്നും നിലവിലില്ല. വൻതോതിലുള്ള കാലി വളർത്തലും ഇല്ല.

ആദ്യ കാലത്തെ പ്രധാനകൃഷി തെങ്ങ്, കമുക്, കപ്പ, വാഴ, തുടങ്ങിയവയായിരുന്നു. എന്നാൽ ഇന്ന് ഈ കൃഷികൾ നാമവശേഷമായികൊണ്ടിരിക്കുന്നു. ഇന്നത്തെ പ്രധാന കൃഷി റബ്ബറാണ്.

കാറ്റുവീഴ്ച, മണ്ടചീയൽ, ഓലചുരട്ടൽ, മഞ്ഞളിപ്പ്, മാഹാളി തുടങ്ങീയ രോഗങ്ങൾ കമുകുകൃഷിയ്ക്ക് ഉണ്ട്. പട്ട മരപ്പ്, ചീക്ക്, വേരഴുകൽ തുടങ്ങിയ രോഗങ്ങൾ റബ്ബർകൃഷിയേയും ബാധിക്കുന്നു.

മൂന്ന് പ്രാവശ്യം കൃഷി ചെയ്യാവുന്ന വയലുകൾ ഈ പഞ്ചായത്തിലില്ല. ഇരിപ്പുനിലങ്ങൾ ഒരുപ്പുനിലങ്ങളായി കൊണ്ടിരിക്കുന്നു. ഒരിപ്പുനിലങ്ങൾ റബ്ബർകൃഷിക്കും മറ്റു നാണ്യവിളകൃഷികൾക്കുമായി ഉപയോഗിക്കുന്നു.

കീടബാധ, മുഞ്ഞ തുടങ്ങിയവയാണ് നെൽകൃഷിയെബാധിക്കുന്ന പ്രധാനരോഗങ്ങൾ.

ജനപ്രകൃതി.

1991 ലെ സെൻസസ് കണക്കുകൾ പ്രകാരം ആലക്കോട് ഗ്രാമ പഞ്ചായത്തിലെ ജനസംഖ്യ 8855 ആണ്. ഇതിൽ 4431 പുരുഷൻമാരും, 4424 സ്ത്രീകളുമാണ്. ആകെ വീടുകൾ 1716 ആണ്. അതായത് ശരാശരി വീടൊന്നിന് 5.16 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്രകിലോ മീറ്ററിന് 393 ആണ്. 6 വയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം 1073 ആണ്. അതിൽ ആൺകുട്ടികൾ 542 ഉം പെൺകുട്ടികൾ 531 ഉം ആണ്. പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 576 ആണ് ഇതിൽ പുരുഷൻമാർ 276ഉം സ്ത്രീകൾ 300ഉംമാണ്.


ആകെ ജനങ്ങളിൽ 7228 പേർ സാക്ഷരരാണ് അതായത് 1627 പേർ നിരക്ഷരരുമാണ്. 90-91 ൽ നടന്ന സാക്ഷരത പ്രവർത്തനത്തിലൂടെ പഞ്ചായത്തിലെ സക്ഷരതാനിരക്ക് 95.46% ആയി ഉയർത്താൻ കഴിഞ്ഞു.

വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുസൃതമായ വർദ്ധനയുണ്ടെങ്കിലും പഠനനിലവാരത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതി വിശേഷം അടിയന്തരമായി മാറ്റിയെടുക്കേണ്ടതുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രതിദിനം വർദ്ധിച്ചുവരുന്നു. തൊഴിൽ അതിഷ്ടിതവിദ്യഭ്യാസത്തിന് ഊന്നൽ നൽകിയാലെ ഇതിനൊരു മാറ്റം ഉണ്ടാകുകയൊള്ളു. എല്ലാരംഗങ്ങളിലും സാങ്കേതിക വിദഗ്ദ്ധരുടേയും, ശാസ്ത്രജ്ഞൻ മാരുടേയും അഭാവം നമ്മുടെ മാനവവിഭവശേഷിയെ പ്രതികൂലമായി ബാധിക്കുന്നു. പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്. എന്നാൽ കാർഷിക മേഖല ആദായകരമല്ലാത്തതിനാൽ ഈ മേഖലയിൽ ജനങ്ങൾ പ്രതിസന്ധിയെ നേരിടുകയാണ്. കൂട്ടായ പ്രയത്നത്തിലൂടെ മാത്രമേ ഇതിനൊരു പരിഹാരം കാണാൻ സാധിക്കുകയൊള്ളു. ഇതിന് ജനകീയ ആസൂത്രണം വഴി നാം സമ്പാദിക്കുന്ന പുതിയ വികസന സംസ്ക്കാരം നമ്മെ സഹായിക്കട്ടെ.



എന്റെ ജീവിതമാണ്
എന്റെ സന്ദേശം

5



സാമൂഹിക സാമ്പത്തിക മേഖലകൾ

5.1

കൃഷിയും ജലസേചനവും



ഏതാണ്ട് 80-85 വർഷങ്ങൾക്ക് മുമ്പ് തന്നെ ഈ പഞ്ചായത്തിൽ വിവിധ മേഖലകളിൽ കർഷകർ കുടിയേറികാടുവെട്ടി തെളിച്ച് കൃഷി ആരംഭിച്ചിരുന്നു. കാട്ടുമൃഗങ്ങളോടും മലമ്പാമ്പിനോടും മലമ്പനിയോടും മല്ലടിച്ച് കാട് കൃഷിയോഗ്യമാക്കി. നെല്ലും, തേങ്ങയും ഒക്കെ വിളയിച്ച് ഈ നാടിന്റെ വികസനത്തിന് തുടക്കം കുറിച്ചു. ഞങ്ങളുടെ മുൻ തലമുറയെ ഞങ്ങൾ ഈ അവസരത്തിൽ സ്മരിക്കുകയാണ്.

മൊത്തം 22.54 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും 8855 ജനസംഖ്യയും 393 ജനസാന്ദ്രതയുള്ളതാണ് ഈ പഞ്ചായത്ത്. ആളുകളുടെ പ്രധാന വരുമാനമാർഗ്ഗം കൃഷിയാണ്. വിസ്തീർണ്ണത്തിന്റെ 3/5 ഭാഗത്തോളം പാറക്കെട്ടുകളും മലകളും അതിന്റെ ചെരിവുപ്രദേശങ്ങളുമാണ്, ശേഷിച്ചവ സമതലങ്ങളും താഴ്വരകളുമാണ്. നെല്ല്, തെങ്ങ്, കമുക്, കുരുമുളക്, കിഴങ്ങുവർഗ്ഗങ്ങൾ ഫല വൃക്ഷങ്ങൾ, വാഴ എന്നിവയായിരുന്നു ആദ്യ കാല കൃഷികൾ. നിലം ഉഴുന്നതിന് കാളകളേയും നാടൻ കലപ്പയേയും ആശ്രയിച്ചിരുന്നു. നാടൻ വിത്തിനങ്ങളാണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. കീടനിയന്ത്രണത്തിന് ഈന്തിൻചക്ക കുത്തൽ തുടങ്ങിയ നാടൻ വിദ്യകളായിരുന്നു. ചാണകം, ചാരം, പച്ചില തുടങ്ങിയ ജൈവ വളങ്ങളാണ് കൃഷിക്ക് ഉപയോഗിച്ചിരുന്നത്. വളക്കൂറുള്ള മണ്ണിൽ രാസവളപ്രയോഗമില്ലാതെ തന്നെ ആദ്യകാലത്ത് തെങ്ങ് കമുക് മുതലായവയുടെ ഉല്പാദനക്ഷമത കുറയാതെ പോന്നിരുന്നു.

റബ്ബർ കൃഷി തുടങ്ങിയതോടെ പ്രധാന വിളയുടെ സ്ഥാനം റബ്ബർ ഏറ്റെടുത്തു. കൃഷിനാശം മൂലം തെങ്ങ് കൃഷി നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. തെങ്ങിൻ പുരയിടങ്ങളിൽ റബ്ബർ കൃഷി ആരംഭിച്ചതോടെ തെങ്ങിന്റെ ഉല്പാദനക്ഷമത കുറഞ്ഞു. കപ്പ വാഴ കിഴങ്ങു വർഗ്ഗങ്ങൾ ഫല വൃക്ഷങ്ങൾ എന്നിവയുടെ കൃഷി കുറയുകയും ഉള്ളവയുടെ ഉല്പാദനക്ഷമത കുറയുകയും ചെയ്തു. തെങ്ങിന്റെ മണ്ഡ ചീയൽ, മഞ്ഞളിപ്പ്, ഓലചുരുട്ടൽ, തുടങ്ങിയ രോഗബാധകളും പരിചരണക്കുറവും ജലസേചന സൗകര്യമില്ലായ്മവുമാണ് ഉല്പാദനക്ഷമത കുറയുവാൻ കാരണം.

ഭൂവിനിയോഗം സംബന്ധിച്ച് ലഭ്യമായ കണക്കുകൾ ചുവടെ കൊടുക്കുന്നു

ഭൂവിനിയോഗം സംബന്ധിച്ച്

ഇനം	വിസ്തീർണ്ണം
നിലം	101
പുരയിടം	4059
പുറമ്പോക്ക്	2
കൃഷിയോഗ്യതരിശ്	11
കൃഷിയോഗ്യമല്ലാത്ത തരിശ്	6

കണക്കുകൾ അനുസരിച്ച് 125 ഹെക്ടർ പാറ ഉണ്ടെങ്കിലും, അതിൽ കൂടുതൽഭാഗം ജനങ്ങളുടെ കൈവശം പതിവുപാറയായി. അതിനു ശേഷമുള്ള കണക്കനുസരിച്ച് ഇപ്പോൾ 7 ഹെക്ടർ പാറ മാത്രമേയുള്ളൂ.

ഒരുപ്പുകൃഷി ചെയ്തിരുന്ന വയലുകൾ റബ്ബർ കൃഷിക്കും തെങ്ങ് കൃഷിക്കുമായി ഉപയോഗിക്കുന്നതും നിലങ്ങൾ നികത്തി പുരയിടമാക്കി (കരഭൂമി) മാറ്റി കെട്ടിടങ്ങൾ പണിയുന്നതിന് ഉപയോഗിക്കുന്നതും നെൽ കൃഷി രംഗത്തെ ഉല്പാദനക്കുറവിന് കാരണമാകുന്നു. ജലസേചനസൗകര്യമുള്ള പലപ്രദേശങ്ങളിലും നിലങ്ങൾ നികത്തി കൊക്കോ കൃഷി ചെയ്യുകയും ഇഞ്ചി, മഞ്ഞൾ, വാഴ, പൈനാപ്പിൾ എന്നീ കൃഷികൾക്ക് ഉപയോഗിക്കുകയും ചെയ്യുന്നു. റബ്ബർ കൃഷി ചെയ്തുവരുന്ന പുരയിടങ്ങളിൽ റബ്ബർ ആവർത്തന കൃഷിയുടെ ആദ്യ കാലങ്ങ

ളിൽ റബ്ബറിന് ഇടവിളയായി റബ്ബർ ബോർഡിന്റെ അംഗീകാരത്തോടുകൂടി പൈനാപ്പിൾ കൃഷി കർഷകർ തന്നെ ചെയ്യുന്നു. കോൺട്രാക്ട് വ്യവസ്ഥയിൽ കൃഷി ചെയ്യുവാൻ ഏല്പിക്കുന്ന രീതിയുമുണ്ട്. പാട്ട വ്യവസ്ഥയിലോ വാര വ്യവസ്ഥയിലോ ഉള്ള മറ്റ് കൃഷികൾ കുറവാണ്. കർഷകർ അധികവും ചെറുകിട കൃഷിക്കാർ ആണ്. കൈവശമുള്ള ഭൂമിയുടെ അടിസ്ഥാനത്തിൽ കർഷകരെ താഴെ പറയുന്ന വിധം തിരിക്കാം.

വാർഡ്	നാമമാത്രകർഷകർ 1 ഹെക്ടറിൽ താഴെ	ചെറുകിടകർഷകർ 1-2 ഹെക്ടർ	വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ
1	440	113	17
2	240	95	17
3	388	98	25
4	378	137	26
5	332	86	20
6	206	121	17
7	216	76	12
8	332	134	33

പഞ്ചായത്തിലെ കർഷകരിൽ ഭൂരിഭാഗവും നാമമാത്ര കർഷകരും ചെറുകിടകർഷകരുമാണ്. അതുകൊണ്ട് വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ധന സഹായം കൊണ്ടല്ലാതെ അവർക്ക് മുമ്പോട്ടുപോകുവാൻ കഴിയുകയില്ല. കൃഷി ഭവൻ വഴിയുള്ള സാങ്കേതിക ഉപദേശവും ധനസഹായവുമാണ് പ്രധാനം. വായ്പ്പ എടുക്കന്നതിന് സർവ്വീസ് സഹകരണബാങ്കുകളും മറ്റ് നാഷണലൈസ്ഡ്, ഷെഡ്യൂൾഡ് ബാങ്കുകളുമാണ് ആശ്രയം. പഞ്ചായത്ത് സമിതികൾ കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെ കണക്കുകൾ പട്ടികയിൽ ചേർക്കുന്നു.

വിതരണം ചെയ്ത നടീൽ വസ്തുക്കൾ


ഇനം	1993-94	94-95	95-96
തെങ്ങ്	500	885	650
കശുമാവ്	150	–	30
കുരുമുളക്	5000	10000	10000
കവുങ്ങ്	350	–	1000
കൊക്കോ	100	500	225
മാവ്	50	50	100
പച്ചക്കറി	550 Pkt	550 Pkt	550 Pkt
നെല്ല്	2000Kg.	1050Kg.	1650Kg.

തോടുകൾ സംബന്ധിച്ച വിവരങ്ങൾ

വാർഡ്	തോടുകൾ
1	കുറിച്ചിത്തോട്, പാറത്തോട്ടത്തോട്
2	കടമ്പേക്കണ്ടം തോട്
3	ചവർണ്ണാതോട്
4	എരമംഗലംതോട്
5	കാക്കൂർതോട്
6	അഞ്ചിരിപാടത്തിന് വടക്കും തെക്കുമുള്ള തോടുകൾ, പാറത്തോട്ട തോട്
7	–
8	പാലപ്പിള്ളിതോട്

ഈ തോടുകളിൽ ആവശ്യത്തിന് സൗകര്യങ്ങൾ ഇല്ലാത്തതിനാൽ അതിലെ വെള്ളം കൃഷിക്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. തോടിന്റെ വശങ്ങൾ വെള്ളപ്പാച്ചിലിൽ ഇടിഞ്ഞ് തോടിന്റെ ആഴം കുറഞ്ഞ് നികക്കുകയും ജല സംഭരണശേഷി കുറയുകയും ചെയ്തു. അതോടൊപ്പം തന്നെ ശരിയായ പാർശ്വസംരക്ഷണഭിത്തികൾ തോടുകൾക്കില്ലാത്തതിനാൽ അവയുടെ പാർശ്വങ്ങളിടിഞ്ഞ് ഓരോ വർഷവും പലപ്രാവശ്യം കൃഷിനാശമുണ്ടാവുകയും ചെയ്യുന്നു.


ജലസേചനത്തിനുള്ള പൊതുകുളങ്ങളോ കിണറുകളോ പഞ്ചായത്തിലില്ല. പലരും സ്വന്തമായി ജലസേചന സൗകര്യമുണ്ടാക്കിതെങ്ങ്, കൊക്കോ, കമുക് എന്നിവ ആദായകരമായി കൃഷി ചെയ്യുന്നു.



മഴയെമാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന പഞ്ചായത്തിലെ 5 പാടശേഖരങ്ങളിൽ ഒന്നിന്റെ ദൃശ്യം

മണ്ണൊലിപ്പ് കൃഷിമേഖലയെ ബാധിക്കുന്ന മറ്റൊരു വലിയ ഭീക്ഷണിയാണ്. കുന്നുകളും ചെരിവുകളുമുള്ള

പശ്ചാത്തലത്തിൽ മണ്ണൊലിപ്പ് പദ്ധതികളൊന്നും നിലവിലില്ല. ഒരേക്കറിൽ താഴെ ഭൂമിയുള്ള ഈ പഞ്ചായത്തിലെ 2614 ഓളം വരുന്ന നാമമാത്ര കർഷകർക്ക് മണ്ണൊലിപ്പ് നിവാരണത്തിന് സ്വയം പദ്ധതികൾ നടപ്പിലാക്കാൻ കഴിയാതെയാണിരിക്കുന്നത്. മണ്ണൊലിപ്പ് മൂലം മണ്ണിന്റെ ഫല പുഷ്ടി ഒന്നിനൊന്ന് നശിച്ചുകൊണ്ടിരിക്കുന്നു. പാറക്കെട്ടുകൾ ഇത്രയും കൂടി വരുവാനുള്ള കാരണവും മണ്ണൊലിപ്പാണ്. ഈ സ്ഥിതി തുടർന്നാൽ ആസന്ന ഭാവിയിൽത്തന്നെ പഞ്ചായത്തിലെ കുന്നിൻപ്രദേശങ്ങളെല്ലാം പാറക്കെട്ടുകളാകും.



മണ്ണൊലിപ്പു മൂലം വളർന്നുകൊണ്ടിരിക്കുന്ന പഞ്ചായത്തിലെ പാറക്കെട്ടുകളിലൊന്ന്

പഞ്ചായത്തിൽ വിതരണം ചെയ്യുന്ന രാസവളങ്ങളുടെയും കീടനാശിനികളുടെയും കണക്ക്.

	1993-94			1994-95			1995-96		
സ്ഥാപനം	രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
		ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
സഹകരണ ബാങ്ക്	35MT	350L	180Kg.	40MT	670L.	200Kg.	44MT	500L	250L
പ്രൈവറ്റ്	22MT	175L	130Kg.	25MT	190L	140Kg.	27MT	200L	150Kg

ജൈവവളപ്രയോഗത്തിൽനിന്ന് രാസവള പ്രയോഗത്തിലേക്കും കീടനശീകരണത്തിന് നാടൻ വിദ്യകളിൽനിന്നും ശക്തിയേറിയ കീടനാശിനികളിലേക്കും വന്ന മാറ്റം മണ്ണിന്റെ ഘടനയെ എത്രകണ്ട് ബാധിച്ചുവെന്ന് പഠനവിധേയമാക്കേണ്ടിയിരിക്കുന്നു.

ഇന്ന് കാർഷിക മേഖലയിൽ കൃഷിക്ക് യന്ത്രങ്ങളുപയോഗിക്കുന്നുണ്ട് പഞ്ചായത്ത് പ്രദേശത്ത് ഉള്ള കാർഷിക ഉപകരണങ്ങളുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു.

ഉപകരണം	എണ്ണം
ട്രാക്ടർ	2
ട്രില്ലർ	5
റോക്സെപ്രയർ	16
സാച്സ്റ്റക് സെപ്രയർ	9
മരുന്ന് തളിക്കുന്നതിനുള്ള ഉപകരണം	27
മെതിയെന്ത്രം	13

വർഷപാതത്തെ ആശ്രയിച്ച് മാത്രമാണ് കൃഷി നടക്കുന്നത്. വർഷപാതത്തിന്റെ ഏറ്റക്കുറച്ചിലുകൾ വിളകളുടെ ഉല്പാദനക്ഷമതയെ ബാധിക്കുന്നു. ജലസേചന പദ്ധതികൾ ഒന്നും തന്നെയില്ലാത്ത പഞ്ചായത്താണ് ഇത്. തോടുകളിൽ തടയിണ കെട്ടി ജലസേചനം നടത്താൻ സൗകര്യമുണ്ട്. ജലശ്രോതസ്സുകളുടെ അശാസ്ത്രീയമായ ഉപയോഗവും മണ്ണൊലിപ്പും മൂലം തോടുകൾ ജനുവരി മാസത്തോടെ വറ്റി വരളുന്നു.

ഇവിടുത്തെ കർഷകർക്ക് കാർഷികോല്പന്ന വിപണനത്തിന് താലൂക്കടിസ്ഥാനത്തിലുള്ള ഇടത്തട്ടുകാരെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. മാർക്കറ്റിംങ്ങ് സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പഞ്ചായത്തിലില്ല. യാത്രാസൗകര്യങ്ങളുടെ അപര്യാപ്തതയും കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാൻ തടസ്സം സൃഷ്ടിക്കുന്നു.

തൊടുപുഴ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന റബ്ബർ മാർക്കറ്റിംഗ് സംഘത്തിന്റെ ഒരു സംഭരണ കേന്ദ്രം പഞ്ചായത്തിലെ ആലക്കോട്ട് പ്രവർത്തിക്കുന്നത് കർഷകർക്ക് ഒരു അനുഗ്രഹമാണ്. അതുപോലെ റബ്ബർ ഉല്പാദക സംഘങ്ങളുടെ പ്രവർത്തനം റബ്ബർ കർഷകർക്ക് പ്രയോജനകരമാണ്. കുരുമുളക് വികസന സമിതി, കേരവികസനസമിതി, പാടശേഖര സമിതി എന്നിവയുടെ പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു.

കൃഷിയോടുള്ള ആഭിമുഖ്യം യുവാക്കളുടെയിടയിൽ കുറഞ്ഞുവരികയാണ്. ചെറുകിടകൃഷിക്കാർ പോലും കൃഷിക്ക് കർഷകത്തൊഴിലാളികളെ ആശ്രയിക്കുന്നു. കൃഷിപ്പണിക്ക് ആവശ്യമുള്ള കർഷകത്തൊഴിലാളികളെ ലഭിക്കുന്നില്ല. സ്ത്രീതൊഴിലാളികളാണ് കൃഷിയിൽ സഹായമായിട്ടുള്ളത്. പുരുഷതൊഴിലാളികൾക്ക് 80 രൂപയും സ്ത്രീകൾക്ക് 50 രൂപയുമാണ് ശരാശരി കൂലി നിരക്ക്.

പഞ്ചായത്തിൽ പൊതുവേ കൃത്യമായ കൂലിനിരക്ക് നിലവിലില്ല.

പഞ്ചായത്തിലെ 7,8 വാർഡുകളിൽപ്പെട്ട ഫലഭൂയിഷ്ടമായ സമതല പ്രദേശങ്ങൾ മുവാറ്റുപുഴ വാലി ഇറിഗേഷൻ പ്രൊജക്ടിൽപ്പെട്ട മലങ്കര ഡാമിന്റ ജലസംഭരണ പ്രദേശങ്ങളിൽപെട്ടു പോയി. ഏകദേശം 1500 ഏക്കറോളം മലങ്കര കമ്പനിയുടെ റബ്ബർ പ്ലാന്റേഷൻ ഏരിയായുമാണ്.

പൊതുവിൽ പഞ്ചായത്തിലെ കാർഷികമേഖല മുരടിപ്പിലാണ്. പരമ്പാഗതകൃഷിയിൽനിന്നും മാറി റബ്ബർ കൃഷിയിലേക്ക് തിരിഞ്ഞതോടെ മറ്റ് കൃഷികൾ പ്രത്യേകിച്ച് ഉപവിളകൾ നാമാവശേഷമായിക്കൊണ്ടിരിക്കുന്നു.

ലഭ്യമായ ഭൂമിയിൽ വലിയ മുതൽ മുടക്കില്ലാതെ നടത്താവുന്ന മറ്റ് ഉപവിളകളേക്കുറിച്ചും നാം ചിന്തിക്കേണ്ടിയിരിക്കുന്നു. അത്തരം ഉപവിളകളിൽ ആലക്കോട് പഞ്ചായത്തിന് പ്രയോജനപ്രദമായ ഒന്നായിരിക്കും ഔഷധസസ്യകൃഷി. മറ്റേതു പഞ്ചായത്തിലുമുള്ളതിലുമേറെ ഔഷധസസ്യങ്ങൾക്ക് വിപണനസാധ്യത ആലക്കോട് പഞ്ചായത്തിനുണ്ട്. ഈ പഞ്ചായത്തിലുള്ള നാഗാർജ്ജുന ഹെർബൽ കോൺസൻട്രേറ്റ്സ് എല്ലായിനം ഔഷധസസ്യങ്ങളും ന്യായമായ വിലയ്ക്ക് വാങ്ങുവാൻ സന്നദ്ധരാണ്.

നമ്മുടെ കാലാവസ്ഥയിൽ 300-ഓളം ഔഷധസസ്യങ്ങൾ വളരും. ഇടവിളയായോ, തനിവിളയായോ കൃഷി ചെയ്യാവുന്ന ഔഷധ സസ്യങ്ങളാണ് തിപ്പലി, അടപതിയൻകിഴങ്ങ്, ചക്കരക്കൊല്ലി, കൊടുവേലി, നീലയമരി, ഒരില, മൂവില, കിരിയാത്ത്, ചെറുവഴുതന, നാഗദന്തി, ആടലോടകം, ചിറ്റരത്ത തുടങ്ങിയവ. ഔഷധവൃക്ഷങ്ങളായ ആര്യവേപ്പ്, കുവളം, കുമിഴ്, സർവ്വസുഗന്ധി, അശോകം, പാതിരി, അത്തി, കണിക്കൊന്ന, തുടങ്ങിയവ വച്ചുപിടിപ്പിക്കുന്നതും ലാഭകരമാണ്. വൈവിധ്യമാർന്ന 75ൽപ്പരം ഔഷധസസ്യങ്ങൾ പഞ്ചായത്തിലെ നാഗാർജ്ജുന നഴ്സറിയിലുണ്ട്. അവരുമായി സഹകരിച്ച്, ഔഷധച്ചെടികൾ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് ന്യായവില ഉറപ്പാക്കിക്കൊണ്ട്, ഔഷധസസ്യകൃഷി വിപുലീകരിക്കുവാനുള്ള പദ്ധതികൾ പഞ്ചായത്തിന് മുൻകൈയ്യെടുത്ത് നടപ്പാക്കാവുന്നതാണ്.

പഞ്ചായത്തിലെ കാർഷികരംഗത്തെ സംബന്ധിച്ച് 8 ഗ്രാമസഭകളിലും വിശദമായ ചർച്ചകൾ നടന്നു. ആ ചർച്ചകളിലുയർന്നുവന്ന പൊതുനിർദ്ദേശങ്ങൾ താഴെ സമാഹരിക്കുന്നു.

വാർഡ് 1

കുറിച്ചിത്തോട്ടിൽ ചെക്ക് ഡാം നിർമ്മിക്കുക.

പാറത്തോട്ട ഭാഗത്തും നേർച്ചപ്പാറയിലും കച്ചിറ ഭാഗത്തും കുളം നിർമ്മിച്ച് ജലസേചനസൗകര്യമുണ്ടാക്കുക.

മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ നടപ്പാക്കുക.

നേർച്ചപ്പാറത്തോട്ടിൽ ഉപ്പുകുളത്ത് ഒരു ചെക്ക് ഡാം നിർമ്മിക്കുക.

തോടിന്റെ ഇരുവശങ്ങളിലും സംരക്ഷണ ഭിത്തി കെട്ടുക.

വാർഡ് 2

പഞ്ചായത്തുകുളം നന്നാക്കി ജലസേചനം സജ്ജമാക്കുക.

കമ്പേക്കണ്ടം തോട്ടിൽ തടയിണ നിർമ്മിക്കുക.

വട്ടോലിമല, പറമ്പുകാട്ടുമല എന്നീ ഭാഗങ്ങളിൽ പ്രത്യേക മണ്ണ് സംരക്ഷണ പദ്ധതികൾ നടപ്പാക്കുക.

വാർഡ് 3

ചവർന്ന പനമറ്റം തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുക.

ഈ തോട്ടിൽ പനമറ്റം അമ്പലത്തിനു താഴെയും കക്കുഴിത്താഴത്തും വെന്റെഡ് ക്രോസ് ബാറുകൾ നിർമ്മിക്കുക.

മണ്ണൊലിപ്പ് പദ്ധതികൾ നടപ്പാക്കുക.

വാർഡ് 4

എരമംഗലം തോട്ടിൽ താന്നിക്കൽ താഴെ ഭാഗത്തും കല്ലിടുക്കൽഭാഗത്തും ഓരോ വെന്റെഡ് ക്രോസ് നിർമ്മിക്കുക.

നിലവിലുള്ള കുളങ്ങൾ നന്നാക്കി ജലസേചനം സജ്ജമാക്കുക.

ഈ വാർഡിൽ ഒരു കൊക്കോസംഭരണകേന്ദ്രം സ്ഥാപിക്കുക.

ഏരമംഗലം തോടിന് സംരക്ഷണഭിത്തി കെട്ടുക.

വടക്കനാറിൽനിന്നും ആലക്കോട്, കുറിച്ചി, വെള്ളിയാമറ്റം കലയന്താനി പള്ളിഭാഗത്തേക്ക് വെള്ളമെത്തിക്കുന്നതിന് ഒരു പദ്ധതിയുണ്ടാക്കുക.

വാർഡ് 5

കാക്കൂർ തോട്ടിൽ പാണംകാട്ടുചിറക്ക് സമീപം ക്രോസ്ബാർ നിർമ്മിക്കുക.

ആഴ്ചയിൽ രണ്ട് ദിവസമെങ്കിലും പ്രവർത്തിക്കത്തക്കരീതിയിൽ കൃഷിഭവന്റെ ഒരു യൂണിറ്റ് വാർഡിൽ സ്ഥാപിക്കുക.

മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ നടപ്പിലാക്കുക.

വാർഡ് 6

മലങ്കര ഡാമിൽനിന്നുമുള്ള വെള്ളമുപയോഗിച്ച് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

അഞ്ചിരിപാടത്തിന്റെ ഇരുവശങ്ങളിലേയും തോടുകൾ കെട്ടി സംരക്ഷിക്കുക.

അഞ്ചിരിഭാഗത്ത് പാടത്തിന്റെ നടുത്തോട് പടിഞ്ഞാറേയറ്റം വരെ നീട്ടി വെള്ളമൊഴുകിപ്പോകുന്നതിന് സൗകര്യമുണ്ടാക്കുക.

വേങ്ങയിൽ പുരയിടത്തിനു സമീപം പുറംതോട്ടിൽ ഒരു ക്രോസ്ബാർ നിർമ്മിക്കുക.

പാലക്കുന്നേൽഭാഗത്തും കോയിക്കരഭാഗത്തും കളരിക്കൽതൊട്ടിയിൽ പാടത്തിന് സമീപവും ക്രോസ്ബാർ നിർമ്മിക്കുക.

കാവാലം ക്രോസ്ബാറിന്റെ അറ്റകുറ്റപ്പണികൾ നടത്തുക.

വാർഡ് 7

മണ്ണൊലിപ്പ് നിവാരണ പദ്ധതികൾ നടപ്പിലാക്കുക.

മലങ്കരഡാമിൽ നിന്നുള്ള വെള്ളം ഉപയോഗിച്ച് ലിഫ്റ്റി ഇറിഗേഷൻ പദ്ധതി നടപ്പാക്കുക

വയലുകളുടെ പുറംതോടിന് സംരക്ഷണഭിത്തി കെട്ടുക

വാർഡ് 8

പാടങ്ങളുടേയും തോടുകളുടെ പുറംഭിത്തി കെട്ടി സംരക്ഷിക്കുക.

പാലപ്പിള്ളി ഭാഗത്ത് ഒരു ചെക്ക് ഡാം നിർമ്മിക്കുക.

മണ്ണൊലിപ്പ് തടയുന്നതിന് പദ്ധതികൾ നടപ്പിലാക്കുക.

പൊതു നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലുടനീളം മണ്ണൊലിപ്പ് പദ്ധതി നടപ്പിലാക്കുക
2. മലങ്കര റിസർവ്വേയിലെ വെള്ളം ഉപയോഗിച്ച് ജലസേചന പദ്ധതികൾ നടപ്പാക്കുക.
3. ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
4. പാടത്തിന്റെ വരമ്പുകളും തോടിന്റെ വശങ്ങളും കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കുക.
5. ശാസ്ത്രീയ കൃഷിരീതികളും മണ്ണ് സംരക്ഷണരീതികളും കർഷകരെ പരിശീലിപ്പിക്കുക.
6. കൃഷിഭവന്റെ സേവനം മെച്ചപ്പെടുത്തുക.
7. വിള ഇൻഷ്വറൻസ് നിർബന്ധമാക്കുക.
8. ദുരിതാശ്വാസം നല്കുന്നതിനുള്ള നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുവാനുള്ള അവകാശം ജനപ്രതിനിധികൾക്ക നല്കുക.
9. കാർഷിക വികസനസമതികൾക്ക് കൂടുതൽ സഹായവും അധികാരങ്ങളും നല്കുക.
10. മാർക്കറ്റിംഗ് സംഘങ്ങൾ സ്ഥാപിച്ച് കാർഷിക വിളകളുടെ വിപണനം എളുപ്പമാക്കുക.
11. റബ്ബറുല്പാദകസംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കുക.
12. കാർഷിക ഉല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുക.
13. മണ്ണുപരിശോധന നിർബന്ധമാക്കി ശാസ്ത്രീയവളപ്രയോഗം നടത്താൻ പരിശീലനം നൽകുക.
14. കാർഷിക സെമിനാറുകളും കാർഷിക പരിശീലന ക്ലാസുകളും സംഘടിപ്പിക്കുക.
15. പഞ്ചായത്ത് തലത്തിലും, വാർഡ് തലത്തിലും നല്ല കർഷകരെ തിരഞ്ഞെടുത്ത് ആദരിക്കുക.
16. കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുക.
17. കർഷകർക്കു വേണ്ടി കാർഷിക പഠന യാത്രകൾ നടപ്പാക്കുക.
18. കാർഷിക യന്ത്രങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുകയും റിപ്പയറിംഗ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുക.
19. വളരെയേറെ സാധ്യതകളുള്ള ഔഷധച്ചെടികൃഷി പ്രോത്സാഹിപ്പിക്കുക.
20. പൂ കൃഷി, കൂൺ കൃഷി, ഇവയ്ക്ക് പ്രോത്സാഹനം നല്കുകയും വിപണനസാധ്യത ഉണ്ടാക്കുകയും ചെയ്യുക.
21. ജൈവവളത്തിന്റെ ഉപയോഗം വർദ്ധിപ്പിക്കുക.
22. കാർഷികവിഭവങ്ങൾ സമാഹരിക്കുന്നതിന് കൃഷിഭവനിൽ സൗകര്യം ഉണ്ടാക്കുക.
23 കുറഞ്ഞ നിരക്കിൽ വായ്പാ സൗകര്യം നെല്ല്, വാഴ, പച്ചക്കറി, കുരുമുളക് തുടങ്ങിയ കൃഷികൾക്ക് നല്കുക.
24. രണ്ട് വാർഡിന് ഒരു കൃഷി അസിസ്റ്റന്റ് എന്ന തോതിൽ ഗ്രാമതലപ്രവർത്തകനെ നിയമിക്കുക.
25. കൃഷി, ജലസേചനം, മൃഗസംരക്ഷണം, മണ്ണ്സംരക്ഷണം, തുടങ്ങിയ വകുപ്പുകൾ സംയോജിപ്പിച്ച് പ്രവർത്തനം നടപ്പിലാക്കുക.
26. ബയോഗ്യാസ് പദ്ധതിക്ക് 75% സബ്സിഡി അനുവദിക്കുക.
27. യുവജന കർഷകർക്ക് കാർഷിക മേഖലയിൽ തൊഴിലവസരം സൃഷ്ടിക്കുക.
28. പഞ്ചായത്തുതലത്തിൽ നടീൽ വസ്തുക്കളുടെ ഉല്പാദനത്തിന്നായി നേഴ്സറികൾ തുടങ്ങുന്നതിന് സാമ്പത്തിക സഹായം നൽകുക.
29. 50 സെന്റ് താഴെ കൃഷി ഭൂമിയുള്ളവർക്ക് ഉൽപ്പാദന ഉപാധികൾ 100% സബ്സിഡിയിൽ നൽകുക.
30. കൃഷി ഭവന് സ്വന്തമായ കെട്ടിടം പണിയുക.
31. പഞ്ചായത്തു തലത്തിൽ പ്രവർത്തിക്കുന്ന വകുപ്പുകളുടെ മുഴുവൻ ഫണ്ടും പഞ്ചായത്തിൽ ഏൽപ്പിച്ച് പദ്ധതികൾ നടപ്പിലാക്കുക.
32. ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി പ്രോത്സാഹിപ്പിക്കുക.
33. വാട്ടർഷെഡ് പദ്ധതിയിൽ ആലക്കോട് പഞ്ചായത്തിനെ ഉൾപ്പെടുത്തുക.
34. കർഷകർക്ക് കൊടുക്കുന്ന രാസവളവിതരണം സമയാസമയങ്ങളിൽ കിട്ടിയെങ്കിൽ മാത്രമേ കൃഷിക്ക് ഉപകരിക്കുകയുള്ളൂ. അതിനുള്ള നടപടി സ്വീകരിക്കുക.

3.7 തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ

		തെങ്ങ് എണ്ണം			രോഗംബാധിച്ചതെങ്ങ്					
Ward No	തെങ്ങ്കൃഷി Area	കായ്ക്കത്തത്	കായ്ക്കുന്നത്	ആകെ	റൂട്ട്വിൽറ്റ്	ലീഫ്റോഡ്	ബസ്റൂട്ട്സ്റ്റെംബ്ലീസിംഗ്		മറ്റുള്ളവ	ആകെ
1	2	3	4	5	6	7	8	9	10	
1	30H	2000	4000	6000	16000	200	100	-	100	2000
2	45H	3950	5050	9000	3000	420	110	8	362	3000
3	37H	2460	4200	6660	1970	340	50	5	95	2460
4	89H	2125	12115	14240	1860	165	40	-	50	2125
5	111	8375	8275	16650	7275	150	80	11	59	8375
6	40	2870	4330	7200	2110	160	80	15	505	2870
7	33	2590	4010	6600	1890	150	50	40	460	2590
8	50	2870	6010	8880	2270	200	30	70	300	2870

5.2

മൃഗസംരക്ഷണവും മൽസ്യവകുപ്പും

ഭാരതം ഒരു കാർഷികരാജ്യമാണല്ലോ ജനങ്ങളിൽ മുക്കാൽപങ്കും കൃഷിയെ ആശ്രയിച്ചു ജീവിക്കുന്നു. ദേശീയവരുമാനത്തിന്റെ സിംഹഭാഗവും കൃഷിയിൽ നിന്നാണ്. കൃഷി എന്നുപറയുമ്പോൾ അനുബന്ധമായ കന്നുകാലി വളർത്തലിനെ മാറ്റിനിറുത്തി ചിന്തിക്കാനാവുകയില്ല. കാർഷികവരുമാനത്തിന്റെ 20 ശതമാനവും മൃഗസമ്പത്തിൽ നിന്നാണ് എന്നു പറയുമ്പോൾ അതിന്റെ പ്രാധാന്യം ഇരട്ടിക്കുന്നു. പാൽ, മാംസം,മൃഗശക്തി, ഊർജം,ജൈവവളം,തുകൽ ഇത്യാദിരൂപത്തിൽ അത് രാഷ്ട്രത്തിന്റെ സമ്പദ്ഘടനയെ പരപോഷിപ്പിക്കുന്നു.

ഒരുകാലത്ത് നമ്മുടെ നാട്ടിൽ നേരിട്ടുകൊണ്ടിരുന്ന പ്രധാന പ്രശ്നം പുതിയ ജനുസുകളുടെ ക്ഷാമമായിരുന്നു. സിന്ധി, ഗീർ തുടങ്ങിയ ദേശീയ ജനുസ്സുകളെ ആശ്രയിച്ചു പാൽ ഉൽപ്പാദനവും, മാംസ ഉൽപ്പാദനവും വർദ്ധിപ്പിക്കുവാൻ ശ്രമിച്ചു എങ്കിലും പരാജയത്തിൽ കലാശിക്കുകയാണുണ്ടായത്. എന്നാൽ സ്വിസ്സ്ബ്രൗൺ,ജേഴ്സി മുതലായ വിദേശജനുസ്സുകൾ ലഭ്യമായതോടെ ഉൽപ്പാദനത്തിൽ ഒരു കുതിച്ചുചാട്ടം നടത്തുവാനും അതുവഴി അഭിമാനകരമായ നേട്ടം കൈവരിക്കാനും നമുക്കു സാധിച്ചു. അതിനു നമ്മുടെ പഞ്ചായത്തിനെ സജ്ജമാക്കിയത് ആലക്കോട് മൃഗാശുപത്രിയാണ്.

കന്നുകാലി കൃഷി സമ്പുഷ്ടമായപ്പോൾ പന്നി, ആട്, കോഴി, മുയൽ തുടങ്ങിയ മേഘലകൾ അത്രതന്നെ വിജയം കൈവരിച്ചു എന്നുപറയാനാവില്ല. ജനുസ്സുകളുടെ ലഭ്യതക്കുറവും സാങ്കേതികജ്ഞാനത്തിന്റെ അപര്യാപ്തതയും, തീറ്റിയുടെ ക്ഷാമവും രോഗങ്ങളും ഈ രംഗത്ത് തടസ്സങ്ങൾ സൃഷ്ടിച്ചു. മൽസ്യകൃഷി ഈ പഞ്ചായത്തിൽ തീരെയില്ല എന്നുതന്നെ പറയാം. എന്നാൽ മുവാറ്റുപുഴവാലി പദ്ധതി പൂർത്തിയാകുന്ന മുറക്ക് 7-8 വാർഡുകളിൽ മൽസ്യകൃഷിക്ക് വൻ സാദ്ധ്യത തെളിയുന്നുണ്ട്. അലങ്കാരമൽസ്യകൃഷിയും ആകാം.


മൊത്തം കാലിസമ്പത്തിന്റെ 94 ശതമാനവും ചെറുകിടനാമമാത്രകർഷകരുടെ സംഭാവനയാണ്. സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. ഈ രംഗത്തെ അദ്ധ്വാനത്തിന്റെ 60 ശതമാനം സ്ത്രീകളുടെ പങ്കാണ്. ഇത് ചെറുകിടകർഷകരുടെ സാമ്പത്തികസ്ഥിതിയെ എങ്ങനെ ബാധിക്കുന്നു എന്നു വ്യക്തമാക്കുന്നു.

പഞ്ചായത്തിലെ സമ്പദ് വിവരങ്ങളും, മൃഗങ്ങളിൽ കാണപ്പെടുന്ന രോഗവിവരങ്ങളും താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

നിലവിൽ പഞ്ചായത്തിന്റെ കീഴിൽ ആലക്കോട് ഒരു മൃഗാശുപത്രിയും അഞ്ചിരിയിൽ ഒരു സബ്സെന്ററും പ്രവർത്തിക്കുന്നു. ആദ്യം ഒരു വെറ്റിനറി ഫസ്റ്റ്എയിഡ് സെന്ററായി തുടങ്ങിയ ഈ സ്ഥാപനം 1967-ൽ മൃഗസംരക്ഷണകുപ്പ് ഏറ്റെടുക്കുകയും ആശുപത്രിസൗകര്യങ്ങളോടുകൂടിയ ഒരു മൃഗാശുപത്രിയായി ഉയർത്തുകയും ചെയ്തു. വിദഗ്ധരായ ഡോക്ടർൻമാരുടെയും സേവന സന്നദ്ധരരായ ജീവനക്കാരുടെയും സേവനം ഈ സ്ഥാപനത്തിനു ഒരു മുതൽക്കൂട്ടായിരുന്നു. 1970 മുതൽ കൃത്രിമ ബീജസംങ്കലന സൗകര്യങ്ങളും ഇവിടെ ലഭ്യമായി. അവിടിന്നിങ്ങോട്ടു മൃഗസമ്പത്തിന്റെ കാര്യത്തിൽ വിജയകഥ

കൾ മാത്രം പറയുവാനുള്ള ഈ പഞ്ചായത്തിൽ വികസനത്തിന്റെ കാര്യത്തിൽ പുതിയ ചക്രവാളങ്ങൾ വെട്ടിപ്പിക്കുവാനുണ്ട്. മാംസ ഉൽപ്പന്നത്തിലും,പാൽ, മുട്ട ഉൽപ്പാദനത്തിലും നാം സ്വാശ്രയം കൈവരിക്കേണ്ടിയിരിക്കുന്നു. മൊത്തം ഉൽപ്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തുന്നുണ്ടെങ്കെലും ആളോഹരി ഉൽപ്പാദനം തൃപ്തികരമല്ല.



പാൽ ഉൽപ്പാദനരംഗം

നമ്മുടെ പഞ്ചായത്തിൽ പ്രതിവർഷം പതിമ്മൂന്നു ലക്ഷത്തോളം ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ മൂല്യം ഏകദേശം ഒന്നര ക്കോടിരൂപയോളം വരും. ഇതിനു യോജിച്ച സംഭരണവിതരണശൃംഗല ഈ പഞ്ചായത്തിലില്ല. ഇക്കാരണത്താൽ അത്യുൽപ്പാദനശേഷി ഉള്ള പശുക്കളെ വളർത്തുവാൻ കർഷകർ വിമുഖതകാട്ടുന്നു. പഞ്ചായത്തിന്റെ സത്വരശ്രദ്ധ പതിയേണ്ട ഒരു വിഷയമാണിത്.

മാംസം മുട്ട ഉൽപ്പാദനം

പഞ്ചായത്തിൽ നിലവിലുള്ള അറവുശാലകളിൽ പ്രതിവർഷം വിൽക്കപ്പെടുന്ന സുമാർ ഒരു ലക്ഷം കിലോഗ്രാം മാംസത്തിൽ നമ്മുടെ പങ്ക് തുലോം പരിമിതമാണ്. ബ്രോയലർ കോഴി 100 ശതമാനവും പുറത്തുനിന്നും എത്തുമ്പോൾ കാലി മാംസത്തിന്റെ 90 ശതമാനവും പുറത്തുനിന്നും കൊണ്ടുവരുന്നു.

മുട്ട ഉൽപ്പാദനരംഗത്തും പഞ്ചായത്ത് സ്വയംപര്യാപ്തമല്ല. ബായ്ക്ക് യാർഡ് കോഴിവളർത്തൽ രീതിമാത്രമേ നിലവിലുള്ളൂ. ഈ രംഗത്തും നാം ബഹുദൂരം മുന്നേറേണ്ടിയിരിക്കുന്നു.

ജൈവവളവും ഊർജവും

ആലക്കോട് പഞ്ചായത്തിൽ മൊത്തം 2885 കന്നുകാലികൾ ഉണ്ട്. ഇവയിൽനിന്നും പ്രതിദിനം 9 ടണ്ണോളം ചാണകം ലഭിക്കുന്നു. ഇതു മുഴുവൻ ജൈവവളമായി ഉപയോഗിക്കുന്നു. ആകെയുള്ള 2339 വീടുകളിൽ 90 ശതമാനം വീടുകളിലും കന്നുകാലികൾ ഉണ്ട്. ഇത് വലിയ ഒരു ഊർജസ്രോതസാണ്. ഈ 9 ടൺ ചാണകത്തിൽനിന്നും പ്രതിദിനം 11700 ക്യുബിക് അടി ബയോഗ്യാസ് ലഭിക്കും എന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ 3.4 ശതമാനം മാത്രമേ നാം ഉപയോഗപ്പെടുത്തുന്നുള്ളൂ എന്നത് ഖേദകരമായ ഒരു വസ്തുതയാണ്. 79 വീടുകളിൽ മാത്രമേ ബയോഗ്യാസ് പ്ലാന്റുകൾ പ്രവർത്തിക്കുന്നുള്ളൂ. ഊർജക്ഷാമം നിലവിലുള്ള ഇക്കാലത്ത് അടിയന്തരശ്രദ്ധ പതിയേണ്ട വിഷയമാണിത്.

കർഷകപരിശീലനം

കർഷകപരിശീലനം വികസനമേഖലയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നു. എങ്കിലും ഫലപ്രദമായ പരിശീലനസൗകര്യങ്ങൾ ഇന്ന് ലഭ്യമല്ല.നൂതന സാങ്കേതികവിദ്യകൾ കർഷകരിൽ എത്തിക്കുക എന്നുള്ളത് ഉൽപ്പാദന വർദ്ധനവിന് ഏറ്റവും അനുപേക്ഷണീയമാണ്. ഈ ദുസ്ഥിതിക്കും പരിഹാരം കാണേണ്ടിയിരിക്കുന്നു.

ആടുകൃഷി

ആടുകൃഷി ഒരു ഉപജീവനമാർഗമായി സ്വീകരിച്ചിട്ടുള്ളവർ കുറവാണെങ്കിലും ഈ പഞ്ചായത്തിൽ ധാരാളം ആടുകൾ വളർത്തപ്പെടുന്നു. നല്ല ജനുസ്സുകൾ ലഭ്യമല്ല എന്നുള്ളത് ഈ രംഗത്ത് വളരെ നഷ്ടത്തിനടയാക്കുന്നു. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുത്തൻ ഉണർവ് നൽകും.

i. മുന്തിയ ഇനങ്ങളായ ജാംനാപാരിയ, മലബാറി എന്നിവയെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിതരണം ചെയ്യുക.


ii. നാടൻ ആടുകളേക്കാൾ പരിപാലനം ആവശ്യമായ ഇവയെ വളർത്തുവാൻ വേണ്ട സാങ്കേതികജ്ഞാനം നൽകുക. ശാസ്ത്രീയമായ കൂടുനിർമ്മാണവും തീറ്റരിസമ്പ്രദായവും പരിശീലിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. ചിലവ്, പറമ്പ്കാട്ടുമല എന്നീ പ്രദേശങ്ങൾ ആടുവളർത്തലിന് അനുയോജ്യമാണ്. ഈ പഞ്ചായത്തിലെ vi,vii,viii വാർഡുകളും ആടുവളർത്തലിന് അനുയോജ്യമാണ്.

കോഴി കൃഷി

നിലവിലുള്ള പലയൂണിറ്റുകളും അടച്ചുപൂട്ടിയ സ്ഥിതിക്ക് കോഴികൃഷിക്കാരുടെ പ്രശ്നങ്ങൾ പഠിച്ചു വേണ്ടതു ചെയ്യുക. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള വിപണനസാദ്ധ്യതയില്ല. വിപണനത്തിനായി പഞ്ചായത്തു തലത്തിൽ ഒരു സ്റ്റോർ തുടങ്ങാവുന്നതാണ്. ഇതിനാവശ്യമായ പരിജ്ഞാനമോ,സാങ്കേതികപരിശീലനമോ ഇല്ലാത്തതിനാൽ ഇവയുടെ കൃഷി നഷ്ടമാവാൻ കാരണം ആകുന്നു.

മുയൽ

മുയൽ വളർത്തൽ ഒരു തൊഴിലെന്ന നിലയിൽ ഈ പഞ്ചായത്തിൽ പ്രചരിച്ചിട്ടില്ല.



മൽസ്യകൃഷി

1. എം.വി.ഐ.പി പൂർത്തിയാവുന്ന മുറക്ക് vii,viii വാർഡുകളിൽപ്പെട്ട പുഴയോരം മൽസ്യകൃഷിക്ക് സഹകരണ അടിസ്ഥാനത്തിലോ അല്ലാതെയോ ഉപയുക്തമാക്കുവാനുള്ള സാദ്ധ്യതകൾ തേടാവുന്നതാണ്.

2. വീടുകളിൽ ടാങ്കുകൾ നിർമ്മിച്ച് വീട്ടാവശ്യത്തിന് മത്സ്യം ഉൽപാദിപ്പിക്കുന്ന രീതിയും പഠനവിഷയമാക്കേണ്ടതുണ്ട്. ആവശ്യമായ മത്സ്യകുഞ്ഞുങ്ങളേയും സാങ്കേതിക ജ്ഞാനവും നൽകിയാൽ വൻവികസന സാധ്യത ഈ രംഗത്തുണ്ട്.

3. താൽപര്യ മുള്ളവർക്ക് അലങ്കാരമത്സ്യകൃഷിക്കുവേണ്ട സാങ്കേതികോപദേശങ്ങളും നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.

താഴെ പറയുന്ന നിർദ്ദേശങ്ങൾ അടിയന്തരശ്രദ്ധക്ക് സമർപ്പിക്കുന്നു.

I. നമ്മുടെ പഞ്ചായത്തിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടി പ്രവർത്തിച്ചിരുന്ന മൃഗാശുപത്രിയുടെ സർക്കാർവക കെട്ടിടം 1993 ലെ കാലവർഷകെടുതിൽ മേൽക്കൂര തകർന്ന് ഉപയോഗശൂന്യമായി. ഇന്ന് ഈ ആശുപത്രി ബാങ്ക് വകകെട്ടിടത്തിൽ പ്രവർത്തിക്കുന്നു എന്നുള്ളത് നമുക്ക് ഒട്ടും അഭിമാനിക്കാവുന്നതല്ല. ആശുപത്രിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് ഇതുമൂലം ബുദ്ധിമുട്ടുകൾ നേരിടുന്നു. അടിയന്തിരമായി ഈ കെട്ടിടം പുനർനിർമ്മാണം നടത്തുകയും ഈ കെട്ടിടം ഇരിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിക്കുന്നരേഖകൾ കണ്ടെത്തുകയും ആശുപത്രി വികസനത്തോടനുബന്ധിച്ച് ആവശ്യമായ റഫ്രിജറേറ്റർ, ഫോൺ, ലാബ്, വാഹനസൗകര്യം, എന്നിവ ഏർപ്പെടുത്തുകയും ചെയ്യണം.

II. ദൂരക്കൂടുതൽ മൂലം ബീജസങ്കലനകേന്ദ്രത്തിൽ കാലികളെ എത്തിക്കാൻ പറ്റാത്ത മേഖലയിലുള്ളവർക്ക് ഉപകാരപെടത്തക്കരീതിയിൽ കൂടുതൽ സബ്സെന്ററുകൾ തുറക്കുക. ബീജസങ്കലനം സൗജന്യമാക്കുക.

III. മുന്തിയ ജനസുകൾ മുഖേന പാൽ ഉൽപാദനം വർദ്ധിപ്പിക്കുന്നുണ്ട് എങ്കിലും വിപണന രംഗത്ത് ഈ പഞ്ചായത്തിൽ ഒരു ഏജൻസിയുടേയും സഹായം ലഭ്യമല്ല. ഇത് ക്ഷീര കർഷകർക്ക് വളരെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ചായകടകളും വീടുകളുമാണ് ആശ്രയം. അടിയന്തരമായി പഞ്ചായത്തുതലത്തിൽ ഒരു ക്ഷീര സഹകരണ സംഘത്തിന് രൂപം നൽകണം. പാലിന്റെ സന്തുലനമായ വിതരണത്തിന് ഇത് സഹായകരമാകും. പാൽ ഉൽപാദകരംഗത്ത് വനിതാസഹകരണ സംഘങ്ങളെ ചുമതലപ്പെടുത്താവുന്നതാണ്.

IV. കാലാവസ്ഥ മാറ്റത്തിനനുസരിച്ച് കാലിതീറ്റയുടെ ലഭ്യതയിൽ കുറവു വരുന്നു, പഞ്ചായത്തുവകയായി പൊതുപുൽകൃഷി ഫാം ആരംഭിക്കുകയും പുല്ല് സംസ്ക്കരിച്ച് സൈലേജ് നിർമ്മിച്ച് ക്ഷാമക്കാലങ്ങളിൽ വിതരണം ചെയ്യുകയും ചെയ്യുക.

V. അമിതമായ കാലിത്തീറ്റവിലയാണ് ക്ഷീരകർഷകരുടെ വലിയ പ്രശ്നം. സ്വകാര്യകമ്പിനികൾ ആണ്ടിൽ 3-4 പ്രാവിശ്യം കാലിത്തീറ്റയുടെ വിലവർദ്ധിപ്പിക്കുന്നു. ഇതിന് പരിഹാരമായി ബ്ലോക്ക് അടിസ്ഥാനത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുകയും ഗുണമേന്മയുള്ള കാലിത്തീറ്റ ഉൽപ്പാദിപ്പിച്ച് ന്യായവിലയ്ക്ക് വിതരണം ചെയ്യുകയും ചെയ്യുക.

VI. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു ശാസ്ത്രീയ അറവു ശാല ആരംഭിക്കുക. അറവുമാടുകളുടെ ആരോഗ്യ പരിശോധന നിർബന്ധമാക്കുക.

VII. പഞ്ചായത്തിലെ മുഴുവൻ മൃഗങ്ങളേയും ഇൻഷ്വർ ചെയ്യുക.

IX. മൃഗാശുപത്രിയിൽ എല്ലാ അവശ്യ മരുന്നുകളും ലഭ്യമാക്കുക. നല്ലയിനം കന്നു കുട്ടികളെ വളർത്തുന്നതിന് ആവശ്യമായ തീറ്റ സബ്സീഡി നൽകുക. ഇതുമൂലം മാംസ ഉൽപാദനം, പാൽ ഉൽപാദനം എന്നിവ വർദ്ധിപ്പിക്കുവാൻ സാധിക്കും.

X. ചെറുകിട പരിമിത കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തൊഴുത്ത് നിർമ്മിച്ച് നൽകുക.

XI. ബ്ലോക്ക് അടിസ്ഥാനത്തിൽ ഏല്ലാവിധ സൗകര്യങ്ങളോടും കൂടിയ കർഷക പരിശീലന കേന്ദ്രങ്ങൾ തുറക്കുക. പഞ്ചായത്ത് അടിസ്ഥാനത്തിൽ കാർഷിക വിജ്ഞാനകേന്ദ്രങ്ങൾ തുറക്കുക.

XII. ആറുമാസത്തിലൊരിക്കൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വന്ധ്യത പരിശോധന ക്യാബ് നടത്തുക.

XIII. കാലിവളർത്തുകാരെയും ഐ.ആർ.ഡി.പി. ഗുണഭോക്താക്കളെയും ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുവാൻ പ്രരിപ്പിക്കുക.

XIV. (a) പേവിഷബാധ നിയന്ത്രിക്കുക. എല്ലാനായ്ക്കൾക്കും വാക്സിൻ എടുപ്പിക്കുക.

(b) അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക. സമഗ്രപേവിഷ ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.

(c) മൃഗാശുപത്രിയുടെ പ്രവർത്തനം മുഴുവൻ സമയം ആക്കുക.

(d) ജീവനക്കാർക്കായി താമസസൗകര്യ ആവശ്യത്തിന് കെട്ടിടങ്ങൾ പണിയുക.

XV. കാർഷിക രംഗത്തേതുപോലെ പഞ്ചായത്തുതലത്തിൽ അവാർഡുകൾ ഏർപ്പെടുത്തി ക്ഷീരകർഷകരെ ആദരിക്കുക.

നിർദ്ദേശങ്ങൾ

7-ാം വാർഡിൽ ലാബട്ടറി സൗകര്യത്തോടുകൂടിയ ഒരു മൃഗാശുപത്രി സ്ഥാപിക്കണം.

6-ാം വാർഡിൽ പ്രവർത്തിക്കുന്ന ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഓഫിസിന് വിശാലമായ അഞ്ചിരി ഹെൽത്ത് സബ്സെന്റർ കോംപൗണ്ടിൽ കെട്ടിടം പണിയാവുന്നതാണ്.

ബഹുമുഖങ്ങളായ ഈ പദ്ധതികൾ ഏറ്റെടുക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിലൂടെ നമ്മുടെ പഞ്ചായത്തിന് മൃഗസമ്പത്തിലും അതുവഴി സാമ്പത്തിക നിലയിലും മുൻപന്തിയിലെത്താൻ കഴിയും.

ആലക്കോട് പഞ്ചായത്തിൽ തേനീച്ചകൃഷി നല്ലരീതിയിൽ പ്രചരിച്ചിരുന്നു. തേനിച്ചകളുടെ രോഗബാധമൂലം ഈ കൃഷി ഇപ്പോൾ നാശോന്മുഖമായി. പ്രതിരോധശേഷിയുള്ള തേനീച്ചകളെ ഇറക്കുമതി ചെയ്ത് തേനീച്ചകൃഷി പുനർജീവിപ്പിക്കുവാൻ പഞ്ചായത്ത് മുൻകൈയ്യെടുക്കണം.

പട്ടുനൂൽപ്പുഴു വളർത്തൽ കൃഷിക്ക് വേണ്ട സാങ്കേതിക ഉപദേശവും പ്രോത്സാഹനം നൽകണം

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്ന 5-ാം വാർഡിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കുക.

പേവിഷ പ്രതിരോധ കുത്തിവെയ്പിന്റെ വിവരങ്ങൾ

	പശു	എരുമ	ആട്	പന്നി	പട്ടി	പൂച്ച	മറ്റുള്ളവ
കടിയേൽക്കുന്നതിനു മുമ്പുള്ള പ്രതിരോധ കുത്തിവെയ്പ്	-	-	-	-	82	-	-
കടിയേറ്റതിനുശേഷമുള്ള കുത്തിവെയ്പ് (ചികിത്സാർത്ഥം)	-	-	-	-	-	-	-
പേവിഷബാധ മരണങ്ങൾ	-	-	-	-	82	-	-

ക്രിത്രിമ ബീജസങ്കലനം സംബന്ധിച്ച വിവരങ്ങൾ

	ആകെ എണ്ണം	ക്രിത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2-ൽ അധികം തവണ കൃത്രിമ ബീജസങ്കലനം വേണ്ടിവന്നവ
പശു	1294	262	70
കിടാരി	1093	124	32
എരുമ	118	4	2

വളർത്തുമൃഗങ്ങളുടെ സംഖ്യ

കാള				പശു				എരുമ		പോത്ത്	ആട്	പട്ടി
നാടൻ		സങ്കരം		നാടൻ		സങ്കരം						
വംശവർദ്ധനവിനുപയോഗിക്കുന്നത്	മറ്റുള്ളവ	വംശവർദ്ധനവ്	മറ്റുള്ളവ	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്	കറവയുള്ളത്	കറവയില്ലാത്തത്			
-	114	256	-	347	203	1146	681	70	48	21	505	982

വളർത്തുപക്ഷികളുടെ സംഖ്യ


പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
	മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആണ്	പെണ്ണ്	
1652	2312	4283	25	139	212

പ്രധാന രോഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ

രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	കോഴി	മറ്റുള്ളവ
ദഹനസംബന്ധമായവ	347	8	232	52	259	–
ശ്വാസകോശ സംബന്ധമായവ	54	–	20	8	1052	–
ഉപാപചയ സംബന്ധമായവ	33	–	13	–	–	–
ത്വക് രോഗങ്ങൾ	141	–	7	14	1	–
ധാതു ലവണങ്ങളുടെ അഭാവം മൂലമുള്ളവ	13	–	2	3	12	–
പരാദരോഗങ്ങൾ	990	10	389	63	336	–
പ്രത്യുൽപാദന സംബന്ധമായവ	134	2	30	–	–	–
വന്ധ്യത	2	1	–	–	–	–
അകിടുവീക്കം	49	–	8	1	–	–
മുടന്തൻ പനി	70	1	1	–	–	–
പകർച്ചവ്യാധികൾ	–	–	–	–	–	–

5.3

വ്യവസായം



കാർഷികമേഖലയായ ഈ പ്രദേശത്ത് എടുത്തു പറയത്തക്ക ഒരു വ്യവസായം ഉള്ളത് 3-ാം വാർഡിലെ 'നാഗാർജ്ജുന ഹെർബൽ കോൺസെന്റേറ്റ്സ്' എന്ന ആയുർവേദ ഔഷധനിർമ്മാണശാലയാണ്. ഈ പഞ്ചായത്തിലെ സ്ത്രീകൾക്ക് ഈ വ്യവസായശാലയിൽ ഭാഗികമായി തൊഴിൽ ലഭ്യമാകുന്നു. ഈ വ്യവസായശാലക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കളിൽ ഒരുശതമാനം പോലും ഈ പഞ്ചായത്തിൽനിന്നും ലഭ്യമാകുന്നില്ല.

പരമ്പരാഗതവ്യവസായസംരംഭങ്ങളോ, ചെറുകിട കുടിൽവ്യവസായങ്ങളോ പഞ്ചായത്തിൽ കാര്യമായി പ്രവർത്തിക്കുന്നില്ല.

വ്യവസായസംരംഭങ്ങളെക്കുറിച്ചുള്ള അജ്ഞതയും, മുൻകൈയെടുത്ത് പ്രവർത്തിക്കുവാൻ കഴിവും സന്നദ്ധതയുമുള്ളവരുടെ അഭാവവും, മൂലധനമില്ലായ്മയും വൈദ്യുതി ലഭിക്കുന്നതിനുള്ള തടസ്സവും, ഗതാഗതസൗകര്യമില്ലായ്മയുമെല്ലാം പഞ്ചായത്തിന്റെ വ്യാവസായിക വികസനത്തിന് തടസ്സമാകുന്നു. ശരിയായ പരിശീലനമോ, വായ്പകളുടെ ലഭ്യതകളെക്കുറിച്ചുള്ള അറിവോ സാങ്കേതികഉപദേശങ്ങളോ ഒന്നും പഞ്ചായത്തിലെ വ്യവസായ സംരംഭകർക്ക് ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇന്നില്ല. അതുപോലെതന്നെ വ്യവസായസംരംഭകരുടെ മുന്നനുഭവങ്ങൾ, ലൈസൻസ് സമ്പാദിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ, വിപണിയില്ലായ്മ തുടങ്ങിയവയും പുത്തൻതലമുറയെ ഈ രംഗത്തുനിന്നും അകറ്റി നിർത്തുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ചെറുകിടവ്യവസായ സ്ഥാപനങ്ങളുടെ പട്ടിക താഴെക്കൊടുക്കുന്നു

വാർഡ്	വ്യവസായയൂണിറ്റിന്റെ പേര്	ഉൽപന്നം
1	ചാൽസ് മെറ്റൽ ക്രഷർ	വിവിധയിനം മെറ്റലുകൾ
3	കൈരളി സോമിൽ	തടി അറുക്കൽ
4	ഡാർലിംഗ്	സ്ക്വാഷ്
	സാമ്രാട്ട്	പ്ലാസ്റ്റിക് വാൽവ്, ടാപ്പ്
5	ന്യൂ സൂര്യ	സിപ് അപ്
6	എം.ആർ.എൽ ഇൻഡസ്ട്രീസ്	റബ്ബർപാലിൽനിന്നും പശ ഉൽപാദനം
7	കെ.എൽ.റബ്ബേഴ്സ്	റബ്ബർപാലിൽനിന്നും പശ ഉൽപാദനം
	സൂര്യ ഇൻഡസ്ട്രീസ്	സിപ്-അപ്
	മൈമൂൺ ഇൻഡസ്ട്രീസ്	സിപ്-അപ്

പൈനാപ്പിൾ, റബർ, റബർതടി, ഘനമരം, കരിങ്കല്ല് തുടങ്ങിയവയാണ് ഈ പഞ്ചായത്തിൽ ലഭിക്കുന്ന പ്രധാന അസംസ്കൃതവസ്തുക്കൾ ഇവയെ അടിസ്ഥാനമാക്കിയുള്ള പുതിയ വ്യവസായങ്ങൾ ആരംഭിക്കേണ്ടതാണ്.

സാങ്കേതികപരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ അഭാവം എടുത്തുപറയേണ്ട കാര്യമാണ്. തൊഴിലാളികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലനവും വ്യവസായബോധവൽക്കരണവും നടത്തേണ്ടത് അത്യാവശ്യമാണ്.

ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ ഒരു മിനി വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ച് വ്യവസായസംരഭകർക്ക് എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കുക

2. വ്യവസായികളെ ആകർഷിക്കുന്നതരത്തിൽ അവികസിതപ്രദേശങ്ങളിൽ സ്ഥാപിക്കപ്പെടുന്ന വ്യവസായങ്ങൾക്ക് ചുരുങ്ങിയത് പത്തുവർഷത്തേക്കെങ്കിലും നികുതിയിളവു നൽകുകയും മുതൽമുടക്കിന് 50% സബ്സിഡി നൽകുകയും ചെയ്യുക. നിലവിലുള്ള നിയമങ്ങളിൽ ഇതിനാവശ്യമായ ഭേദഗതികൾ വരുത്തുക.

3. വ്യവസായസംരംഭകരെ സഹായിക്കുന്നതിന് വേണ്ടി പഞ്ചായത്തുതലത്തിൽ ഒരു വ്യവസായ ഉപദേശകസമിതി സംഘടിപ്പിക്കുക.

4. വ്യവസായ ആവശ്യത്തിനുള്ള വൈദ്യുതി, അപേക്ഷകിട്ടിയാൽ 10 ദിവസത്തിനകം നൽകുക

5. വ്യവസായത്തിൽ ഒരു നിശ്ചിതശതമാനം ഓഹരി തൊഴിലാളികൾക്ക് നൽകുക

6. വൈദ്യുതി, ജലക്ഷാമം എന്നിവ പരിഹരിക്കുക

7. റബർത്തടി സംസ്കരണയൂണിറ്റും അതുമായി ബന്ധപ്പെട്ട ഫർണിച്ചർ കെട്ടിടനിർമ്മാണസാമഗ്രികൾ തുടങ്ങിയവയും ആരംഭിക്കാവുന്നതാണ്.

8. റബർപാൽ സംസ്കരണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്.

9. റബർകൃഷിയുമായി ബന്ധപ്പെടുത്തി പ്ലാസ്റ്റിക് പശ നിർമ്മാണസാധ്യത പരിശോധിക്കേണ്ടതാണ്.

10. ട്രൈസം പദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സ്ത്രീകൾക്ക് തൊഴിൽ പരിശീലനം നൽകുകയും അവരെ ഉൾപ്പെടുത്തി സഹകരണ അടിസ്ഥാനത്തിലുള്ള റെഡിമെയ്ഡ് വസ്ത്രനിർമ്മാണം മറ്റ് തൊഴിൽമേഖലാ യൂണിറ്റുകൾ എന്നിവ സ്ഥാപിക്കുക

11. പ്രത്യേകം പരിശീലനം ലഭിച്ച സ്ത്രീകളെ ഉൾപ്പെടുത്തി, കറിപൗഡർ, അച്ചാറുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക

12. റബർ അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സഹകണമേഖലയിൽ പദ്ധതികൾ രൂപീകരിക്കുക

13. സംരംഭകത്വ ബോധവൽക്കരണം നടത്തുക

14. ചകിരി, പാക്കിൻതൊണ്ട് എന്നിവ ഉപയോഗിച്ച് ബെഡ്, തലയിണ, കുഷ്യൻ എന്നിവ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകളെകുറിച്ച് പഠിച്ച് പദ്ധതികൾ നടപ്പാക്കുക


15. പാറമടക്കല്ലിന്റെ ലഭ്യത മുതലെടുത്ത് അതുപയോഗിച്ചുള്ള വ്യവസായങ്ങൾക്ക് പ്രോത്സാഹനം നൽകേണ്ടതാണ്.

16. പാറമടകൾക്ക് ലൈസൻസ് നിർബന്ധമായും ഏർപ്പെടുത്തേണ്ടതാണ്.

17. പരിസ്ഥിതി പ്രശ്നങ്ങൾ നേരിടുന്നതിനുള്ള മുൻകരുതലുകൾക്ക് രൂപം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

18. പൈനാപ്പിൾ ഉപയോഗിച്ച് സ്കാഷ്, ജാം, ജെല്ലി ഇവ നിർമ്മിക്കുന്നതിനുള്ള ചെറുകിടയൂണിറ്റുകൾ സ്ഥാപിക്കുക.

19. കെട്ടിടനിർമ്മാണ സാമഗ്രികൾ ഉൽപാദിപ്പിക്കുന്നതിനുള്ള സംരംഭം സഹകരണഅടിസ്ഥാനത്തിൽ ആരംഭിക്കാവുന്നതാണ്.



5.4

വിദ്യാഭ്യാസം

ഇടുക്കിജില്ലയിലെ ഏക മുൻസിപ്പൽ നഗരമായ തൊടുപുഴയുടെ കിഴക്കുഭാഗത്തു സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്തിൽ 1900-ത്തോടെ കുടിയേറ്റം നടന്നുവെങ്കിലും 1926-വരെ നാട്ടാശാൻമാരുടെ കീഴിൽ പ്രവർത്തിച്ചിരുന്ന കുടിപ്പള്ളിക്കൂടങ്ങളായിരുന്നു അക്ഷരാഭ്യാസത്തിനാശ്രയം.

കലയന്താനിപള്ളിയുടെ ആഭിമുഖ്യത്തിൽ നാട്ടുകാർ നിർമ്മിച്ച ഇൻഫൻറ് ജീസസ് എൽ.പി.സ്കൂൾ ആണ് ഈ പഞ്ചായത്തിൽ ആദ്യം സ്ഥാപിതമായ ഔപചാരിക വിദ്യാലയം. 1926-ജൂൺ 1-ാം തിയതി ഈ സ്കൂൾ നിലവിൽവന്നു.

കലയന്താനിപള്ളിയുടെ ആഭിമുഖ്യത്തിൽതന്നെ നാട്ടുകാരുടെ ശ്രമഫലമായി ചിലവ് സെ.അഗസ്റ്റിൻസ് എൽ.പി.സ്കൂൾ 1929-ൽ ആരംഭിച്ചു.

കലയന്താനിപള്ളിയുടെ ആഭിമുഖ്യത്തിൽ 1949-ൽ കലയന്താനി സെൻറ്.ജോർജ്ജ്സ് ഹൈസ്ക്കൂൾ പ്രവർത്തനം തുടങ്ങി.

തലയനാട് പള്ളി പ്രവർത്തിച്ചിരുന്ന ഷെഡിൽ 1949-കാലഘട്ടത്തിൽ ഒരു ആശാൻ കുട്ടികളെ നിലത്തെഴുത്ത് പഠിപ്പിച്ചിരുന്നു. 1949-ൽ സർവ്വശ്രീ എ.കെ.അബ്രാഹം കിഴക്കേഉണ്ണിപ്പിള്ളിൽ, തോമസ് മൈലാടൂർ, വർക്കി പുതുമന, തൊമ്മച്ചൻ വേരനാനി, ഔസേഫ് കവളമ്മാക്കൽ, ദേവസ്യ കാക്കനാട്ട്, ജോസഫ് കൊട്ടുകാപ്പള്ളിൽ എന്നിവരുടെ ശ്രമഫലമായി തലയനാട് ശ്രീ കിഴക്കേഉണ്ണിപ്പിള്ളിൽ മത്തായിയോടുവാങ്ങിയ 50സെൻറ് സ്ഥലത്ത് ഒരു സ്ക്കൂൾ പണിയുവാനാരംഭിച്ചു. സർക്കാരിൽനിന്നും ഗ്രാൻറ് കിട്ടുന്നതുവരെ അധ്യാപകർക്ക് ശമ്പളം കൊടുത്തിരുന്നതിൻെറ ഉത്തരവാദിത്വവും ഇവർക്കായിരുന്നു. പിരിവെടുത്തും കഠിനാധ്വാനം ചെയ്തും 1950-ൽ കെട്ടിടം പണിപൂർത്തിയാക്കിയപ്പോഴാണ് തലയനാട് പള്ളിയുടെ സഹകരണമുണ്ടായത്. 1950-ൽ അംഗീകാരം കിട്ടി. 1978-ൽ യു.പി.സ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ട ആ സ്കൂളാണ് ഇന്നത്തെ തലയനാട് മാത്യഭവൻ യു.പി.സ്കൂൾ.

1955ൽ ആലക്കോട് പഞ്ചായത്ത് സ്വന്തം മാനേജ്മെൻറിൽ വെട്ടിമറ്റത്ത് പഞ്ചായത്ത് എൽ.പി.സ്കൂൾ തുടങ്ങിയെങ്കിലും വെള്ളിയാമറ്റം പഞ്ചായത്ത് നിലവിൽവന്നപ്പോൾ 1962-ൽ ആ സ്കൂൾ വെള്ളിയാമറ്റം പഞ്ചായത്തിന് വിട്ടുകൊടുത്തു

പഞ്ചായത്തിലെ ഏക ഗവ:സ്ക്കൂൾ 1951-ൽ ഇഞ്ചിയാനിയിൽ ഉണ്ടായ ഗവ:എൽ.പി.എസ് ആണ്. ഭൂരിഭാഗവും ദളിത്ക്രൈസ്തവരായ കർഷകത്തൊഴിലാളികൾ അധിവസിക്കുന്ന ഇഞ്ചിയാനി പ്രദേശത്ത് അവർതന്നെ സ്വന്തം സ്ഥലം സമ്പാദിച്ച് കെട്ടിടം പണിത് ഗവ:നെ ഏൽപ്പിക്കുകയായിരുന്നു. അതിനുമുമ്പ് 20 വർഷത്തോളം ഇഞ്ചിയാനിയിൽ കുടിപ്പള്ളിക്കൂടം നിലവിലിരുന്നു.

ഇഞ്ചിയാനി ഗവ: എൽ.പി.എസ് ലും ചിലവ് S.A.L.P.S ലും അഞ്ചാംസ്റ്റാൻഡേർഡ് ഇപ്പോഴും നിലനിർത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ കലയന്താനി സെൻറ്.ജോർജ് സ്കൂളാണ്. വെള്ളിയാമറ്റം പഞ്ചായത്തിലെ പലഭാഗങ്ങളിലുമുള്ള കുട്ടികൾകൂടി ഈ ഹൈസ്ക്കൂളിൽ പഠിക്കുന്നതിനാൽ ഇവിടുത്തെ സ്ഥിതിവിവരക്കണക്കുകളിൽനിന്നും ആലക്കോട് പഞ്ചായത്തിൻെറ മാത്രം ഒരു ചിത്രം അവ്യക്തമാണ്. കലയന്താനി സെ.ജോർജ്ജ് ഹൈസ്ക്കൂളിലെ കഴിഞ്ഞ 5 വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം താഴെക്കൊടുക്കുന്നു.

പേര്	91-92	92-93	93-94	94-95	95-96
G.H.S. കലയന്താനി	52%	67%	72%	52%	66%

അഞ്ചുവർഷങ്ങളിലെ ശരാശരി വിജയശതമാനം 61.8

പ്രൈമറിതലത്തിൽ ഇഞ്ചിയാനി ഗവ.എൽ.പി.സ്കൂളിൽ 58% കുട്ടികളും 60 ശതമാനത്തിൽ എന്നത് കൂടുതൽ മാർക്ക് വാങ്ങുന്നവരാണ് എന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവരിൽ പലരുടേയും കുട്ടികൾ പഞ്ചായത്തിൽ നിലവിലുള്ള പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളെ അവഗണിച്ച് പട്ടണത്തിലെ ഇംഗ്ലീഷ്മീഡിയം സ്കൂളുകളെ തേടിപ്പോകുന്ന പ്രവണത കുറെവർഷങ്ങളായി ദൃശ്യമാണ്. ഈ പ്രവണത പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കുന്നു. പ്രൈമറിതല അധ്യയനമാധ്യമം നിർബ്ബന്ധമായും മാതൃഭാഷയിലാക്കേണ്ടതാണ്. കുട്ടികളുടെ ബൗദ്ധികവളർച്ചയ്ക്കും അതാണ് അഭികാമ്യം. സാർവ്വത്രികമായി പ്രൈമറിതല അധ്യയനമാധ്യമം മലയാളത്തിലാക്കണമെന്ന് നിർബന്ധിതമായാൽ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കുവാൻ കഴിയും.

വിദ്യാഭ്യാസരംഗത്ത് 1926 മുതലിങ്ങോട്ട് ആലക്കോട് പഞ്ചായത്ത് വൻപുരോഗതി നേടിയിട്ടുണ്ട്. കഴിഞ്ഞ ജില്ലാ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'അക്ഷരപുലരി'യുടെ ഫലമായി പ്രൈമറിതലത്തിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഫലപ്രദമായി തടയാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് പഞ്ചായത്തിൽ 14- വയസുവരെയുള്ള കുട്ടികളിൽ 7-ാംക്ലാസ്സ് പൂർത്തിയാകാതെ പഠനം നിറുത്തിയവർ 9 പേർ മാത്രമേയുള്ളു. എങ്കിലും ഇന്ന് നിലവിലുള്ള പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഭൗതികസാഹചര്യങ്ങൾ തികച്ചും അപര്യാപ്തമാണ്.

സ്കൂളുകളുടെ പൊതുവിവരങ്ങളും ഭൗതീകസാഹചര്യങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സ്കൂളുകളുടെ പൊതുവിവരങ്ങൾ

സ്കൂളിന്റെ പേര്	സ്ഥാപിച്ച വർഷം	ഉടമസ്ഥത	അദ്ധ്യാപകർ			മറ്റുള്ളവർ	കുട്ടികൾ		
			M	F	T		M	F	T
I.J.L.P.S.ആലക്കോട്	1926	കോതമംഗലം രൂപത	1	8	9		130	147	277
S.A.L.P.S ചിലവ്	1929	കോതമംഗലം രൂപത	2	9	11		132	151	283
G.L.P.S.ഇഞ്ചിയാനി	1951	ഗവൺമെന്റ്	1	4	5	1 (DTC)	45	46	91
M.B.U.P.S.തലയനാട്	1950/1978	കോതമംഗലം രൂപത			9		102	129	231
St.GH.S.കലയന്താനി	1949	കോതമംഗലം രൂപത	11	27	38		431	458	889

സ്കൂളുകളുടെ ഭൗതീകസാഹചര്യങ്ങൾ

സ്കൂളിന്റെ പേര്	സ്കൂൾ കാമ്പസിന്റെ വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഉപയോഗരഹിതമായ സ്ഥല വിസ്തീർണ്ണം	മറ്റ് കുറിപ്പുകൾ
I.J.L.P.S.ആലക്കോട്	25 സെന്റ്	ഇല്ല	–	മതിൽ ഉണ്ട്, അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല,ഫർണീച്ചർ അരര്യാപ്തം
S.A.L.P.S ചിലവ്	40 സെന്റ്	ഇല്ല	–	ചുറ്റുമതിൽ ഇല്ല
G.L.P.S.ഇഞ്ചിയാനി	50 സെന്റ്	ഇല്ല	–	ചുറ്റുമതിൽ ഇല്ല, അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല,ഫർണീച്ചർ അരര്യാപ്തം
M.B.U.P.S.തലയനാട്	75 സെന്റ്	ഇല്ല	–	ചുറ്റുമതിൽ ഇല്ല,, സാനിട്ടറേഷൻ സൗകര്യങ്ങളില്ല
St.GH.S.കലയന്താനി	3.5 ഏക്കർ	ഇല്ല		ചുറ്റുമതിൽ ഇല്ല,, കുടിവെള്ള സൗകര്യമില്ല

ഈ പട്ടികയിൽ നിന്നും കലയന്താനി ഹൈസ്ക്കൂളിന് ഒഴിച്ച് മറ്റൊരു സ്ക്കൂളിനും ആവശ്യമായ ഭൂമിയോ കളിസ്ഥലമോ ഇല്ല എന്നു കാണാം.

ഒരു സ്കൂളിനും ചുറ്റുമതിലുകളില്ല. ഫർണിച്ചർ അപര്യാപ്തമാണ്. ആകർഷകമായ ക്ലാസ് മുറികളോ കുട്ടികൾക്ക് സൗകര്യപ്രദമായ ഇരിപ്പിടങ്ങളോ ഒരു സ്കൂളിലുമില്ല. കുട്ടികളുടെ ശാരീരികവളർച്ചയേയും ആരോഗ്യനിലയേയും ബാധിക്കുന്ന കാര്യമെന്ന നിലയിൽ ഇതിന് ശാശ്വതപരിഹാരം കാണണം. എൽ.പി.സ്കൂളുകൾക്ക് സ്റ്റാഫ്റൂമുകൾ ഒരിടത്തുമില്ല.

S.C./S.T. കുട്ടികളുടെ വിവരം

സ്കൂളിന്റെ പേര്	S.C.	S.T.
I.J.L.P.S. ആലക്കോട്	12	-
S.AL.P.S. ചിലവ്	3	6
G.L.P.S. ഇഞ്ചിയാനി	3	1
M.B.UP.S. തലയനാട്	49	8
St.G.H.S. കലയന്താനി	25	28
ആകെ	**92**	**43**

ഇലക്ട്രോണിക് മാധ്യമങ്ങളുടെ കാലമായ ഇന്നും അറുപഴഞ്ചൻ ഉപകരണങ്ങളേയും സങ്കേതങ്ങളേയും ആശ്രയിക്കുവാൻ മാത്രമേ പൊതുവിദ്യാലയങ്ങൾക്കാകുന്നുള്ളൂ. ദൃശ്യശ്രാവ്യ- മാധ്യമരംഗത്തുണ്ടായിരിക്കുന്ന പുരോഗതി വിദ്യഭ്യാസരംഗത്ത് ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള ശ്രമങ്ങൾ ഇന്നും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടില്ല. അടിയന്തിരമായി എല്ലാ സ്കൂളുകളിലും ദൃശ്യശ്രാവ്യപഠന ഉപകരണങ്ങൾ ഉണ്ടാകേണ്ടതാണ്. ഈ പരിമിതികൾ പഞ്ചായത്തിലെ കുട്ടികളുടെ പഠനനിലവാരത്തിൽ പ്രതിഫലിക്കുന്നുണ്ട്. 60% കൂടുതൽ മാർക്കുവാങ്ങുന്ന 15% കുട്ടികളേയുള്ളൂ.

പഞ്ചായത്ത് മൊത്തത്തിലെടുത്താൽ നല്ലൊരുപങ്കു വിദ്യാർത്ഥികളും 30% മാർക്കിൽ കുറവുവാങ്ങുന്നവരാണന്നു കാണാം. ഇതിന്റെ കാരണം പഠനവിധേയമാക്കണം

പ്രീ പ്രൈമറി വിദ്യാലയങ്ങൾ

പഞ്ചായത്തിന്റെ സ്കൂളുകളോടനുബന്ധിച്ച് ഓരോ പ്രീ-പ്രൈമറി ക്ലാസ്സുകൾ പ്രവർത്തനം തുടങ്ങേണ്ടതാണ്.

സമാന്തരവിദ്യാഭ്യാസം

പാരലൽ കോളേജുകൾ ഈ പഞ്ചായത്തിലില്ല. 5-ാം വാർഡിൽ മാത്രം യുവവേദിക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഒരു ട്യൂഷൻസെൻറർ പ്രവർത്തിക്കുന്നുണ്ട്.

അനൗപചാരിക വിദ്യാഭ്യാസം

അനൗപചാരിക വിദ്യാഭ്യാസരംഗത്ത് പഞ്ചായത്തിൽ കാര്യമായ പ്രവർത്തനങ്ങൾ നടക്കുന്നില്ല. ഓരോ വിദ്യാലയവും കേന്ദ്രമാക്കി സന്നദ്ധസംഘടനകളുടെ സഹായത്തോടെ അനൗപചാരിക വിദ്യാഭ്യാസകേന്ദ്രങ്ങൾ തുടങ്ങണം.

തുടർ വിദ്യാഭ്യാസം

തുടർവിദ്യാഭ്യാസരംഗത്ത് പ്രവർത്തിക്കുന്ന 'ഇഗ്നോ' തൊടുപുഴയിലുണ്ടെങ്കിലും ആ സൗകര്യം പഞ്ചായത്തിലുള്ളവർ കാര്യമായി പ്രയോജനപ്പെടുത്തുന്നില്ല. ശരിയായ പ്രചരണമില്ലായ്മയും മാർഗ്ഗനിർദ്ദേശമില്ലായ്മയുമാണ് കാരണം. തുടർവിദ്യാഭ്യാസത്തിന് പ്രോത്സാഹനം നൽകണം. അതുപോലെതന്നെ തുടർവിദ്യാഭ്യാസത്തിനായി താലൂക്ക് ആസ്ഥാനമായ തൊടുപുഴയിലെങ്കിലും ഈവനിംഗ് ക്ലാസ്സുകൾ തുടങ്ങേണ്ടതാണ്.


പാഠ്യേതര പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ സ്കൂൾ കുട്ടികൾ പാഠ്യേതരരംഗത്ത് നന്നായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഹൈസ്ക്കുളൊഴികെ മറ്റൊരിടത്തും കല- കായികരംഗത്ത് പരിശീലനം നൽകുവാനുള്ള അധ്യാപകരില്ല. അടിയന്തിരമായി എല്ലാ സ്കൂളുകളിലും ഓരോ സ്പെഷ്യൽ ടീച്ചർമാരെ നിയമിക്കുവാൻ നടപടിയെടുക്കണം. പഞ്ചായത്തുതലത്തിൽ ഒരു ടെക്നിക്കൽ സ്കൂൾ ആരംഭിക്കണം.

കാർഷികമേഖലയായ ഈ പഞ്ചായത്തിലെ കുട്ടികൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം ഉണ്ടാകുവാനുള്ള നടപടികൾ പ്രൈമറിതലത്തിൽ തന്നെ ആരംഭിക്കണം. ഓരോ വിദ്യാലയത്തിനും ഓരോ കൃഷിത്തോട്ടവും, ഔഷധസസ്യത്തോട്ടവും ഉണ്ടാകണം ഇതിന് പഞ്ചായത്തും കൃഷിഭവനും മുൻകൈയ്യെടുകണം. ഓരോ സ്കൂളിനേറയും കൃഷിത്തോട്ടങ്ങൾ കാലാകാലങ്ങളിൽ ഇവാല്യൂവേറ്റു ചെയ്യുകയും വേണം. അതുപോലെതന്നെ കൃഷി ആയുധങ്ങൾ ഉപയോഗിക്കുവാനുള്ള പരിശീലനവും കുട്ടികൾക്ക് നൽകണം. പരമ്പരാഗത കൈത്തൊഴിലുകൾ കുട്ടികളെ പരിശീലിപ്പിക്കണം. ഇതിനായി ഓരോ പ്രദേശത്തുമുള്ള വിദഗ്ദരുടെ സേവനം അതാതുസ്കൂളുകൾക്ക് പ്രയോജനപ്പെടുത്താം.

പാഠ്യപദ്ധതിയിൽ കൃഷിക്കും കൈത്തൊഴിലുകൾക്കും സ്ഥാനം നൽകണം. കുട്ടികളുടെ ആ രംഗത്തെ പ്രവർത്തനംകൂടി അവരുടെ അക്കാദമിക് നിലവാരം നിർണ്ണയിക്കുന്നതിന് കണക്കാക്കണം

പഞ്ചായത്തിലെ 8 ഗ്രാമസഭകളിലും വിദ്യാഭ്യാസത്തെക്കുറിച്ച് സജീവമായ ചർച്ചകൾ നടന്നു.



ആ ചർച്ചകളിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ഓരോ സ്കൂളിനേറയും അടിസ്ഥാനത്തിൽ താഴെക്കൊടുക്കുന്നു.

പഞ്ചായത്തിലെ ഏക ഗവ:സ്കൂളായ ഇഞ്ചിയാനി L.P.S.ൽ 6 ഉം 7 ഉം ക്ലാസ്സുകൾകൂടി അനുവദിക്കണം. കെട്ടിടസൗകര്യം നിലവിലുണ്ട്. നിലവിലുള്ള കെട്ടിടത്തിന്റെ മെയിൻറനൻസ് ജോലികൾക്ക് പഞ്ചായത്ത് ധനസഹായം ചെയ്യണം. പി.ടി.എ. ജോലികൾ ഏറ്റെടുത്ത് നടത്തുവാൻ തയ്യാറാണ്.

ഇഞ്ചിയാനി G.L.P.S ആരംഭിച്ചതുതുടങ്ങി ഇന്നുവരെ 5-ാം ക്ലാസ്സുണ്ടെങ്കിലും ഒരു ഹിന്ദിടീച്ചറെ നിയമിച്ചിട്ടില്ല. ഇതിന് നടപടിയുണ്ടാവണം. സ്കൂളിലെ പെൺകുട്ടികൾക്കുള്ള മൂത്രപ്പുര അപകടനിലയിലാണ്. ഒരു പുതിയ മൂത്രപ്പുരയുണ്ടാകണം.

സ്കൂളിന് ഒരു കളിസ്ഥലം ഉണ്ടാക്കുവാനുള്ള പദ്ധതി ആവിഷ്കരിക്കണം.

ഇഞ്ചിയാനി പ്രദേശത്ത് ഒരു ഓപ്പൺ എയർ ഓഡിറ്റോറിയമില്ല. പൊതുപരിപാടികൾക്കുകൂടി ഉപയോഗിക്കാവുന്ന രൂപത്തിൽ സ്കൂൾ ഗ്രൗണ്ടിൽ ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം നിർമ്മിക്കണം. ഇഞ്ചിയാനിയിൽ സ്കൂളിലെ പരിപാടികൾക്കും പൊതുപരിപാടികൾക്കും ഇപ്പോൾ ഓഡിറ്റോറിയമായി ഉപയോഗിക്കുന്നത് സ്കൂളിന്റെ സെമി പെർമനെൻറ് കെട്ടിടം ആണ്. ഓഡിറ്റോറിയമായി ഉപയോഗപ്പെടുത്തുവാനുള്ള സൗകര്യം നഷ്ടപ്പെടാത്തവിധം ഈ കെട്ടിടം ഗ്രില്ല് വച്ച് അടയ്ക്കുവാനുള്ള ധനസഹായം നൽകണം.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സ്കൂളിനോടനുബന്ധിച്ച് സാങ്കേതിക പരിശീലനസൗകര്യങ്ങൾ ഉണ്ടാക്കണം. ഈ പ്രവർത്തനങ്ങൾക്കെല്ലാം സ്കൂൾ പി.ടി.എ യുടെ സഹകരണവും പങ്കാളിത്തവുമുണ്ടാകും.

S.A.L.P.S. ചിലവ്, I.J.L.P.S. ആലക്കോട്, M.B.U.P.S തലയനാട് എന്നീ സ്കൂളുകൾക്ക് മൂത്രപ്പുരയും ചുറ്റുമതിലും കളിസ്ഥലവും പി.ടി.എ.യുടേയും മാനേജ്മെൻറിന്റേയും സഹകരണത്തോടെ ഉണ്ടാക്കുവാനുള്ള നടപടികൾക്ക് പഞ്ചായത്ത് മുൻകയ്യെടുക്കണം.

ചിലവ് S.A.L.P.S - ഉം, ആലക്കോട് I.J.L.P.S -ഉം U.P.സ്കൂളുകളാക്കി ഉയർത്തണം.

St.G.H.S. കലയന്താനി- പി.ടി.എ. യുടേയും മാനേജ്മെന്റിന്റേയും സഹകരണത്തോടെ കലയന്താനി ഹൈസ്ക്കൂളിന്റെ കുടിവെള്ളക്ഷാമം പരിഹരിക്കുവാനുള്ള നടപടികൾക്ക് പഞ്ചായത്ത് മുൻകൈയ്യെടുക്കണം. ഈ ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് ആരംഭിക്കണം.

ഇതുപോലെ തന്നെ പ്രാധാന്യം അർഹിക്കുന്നതാണ് പഞ്ചായത്തുതല സ്കൂൾ കോംപ്ലക്സ് രൂപീകരിക്കണം, പഞ്ചായത്തിലെ സ്കൂളുകളുടെ മോണിറ്റിംഗിനായി ഒരു വിദ്യാഭ്യാസവികസനസമിതിയുണ്ടാക്കണം

പഞ്ചായത്തിലെ നല്ല പ്രവർത്തനം കാഴ്ചവെക്കുന്ന സ്കൂളുകൾക്ക് ഓരോ വർഷവും പ്രോൽസാഹനസമ്മാനങ്ങൾ നൽകണം. അതുപോലെ സമർത്ഥരായ വിദ്യാർത്ഥികൾക്കും പ്രോൽസാഹനം നൽകണം.

പിന്നോക്കവിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനനിലവാരം ഉയർത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുണം. സ്കൂൾ കുട്ടികൾക്കായി പഞ്ചായത്തു തലത്തിൽ വ്യക്തിത്വവികസന ലീഡർഷിപ്പ് ട്രെയിനിംഗ് ക്യാമ്പുകളും കലാ-കായിക പരിശീലന ക്യാമ്പുകളും പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അവധിക്കാലത്ത് സംഘടിപ്പിക്കണം.

സ്കൂൾ കുട്ടികൾക്ക് ഇപ്പോൾ ഉച്ചഭക്ഷണത്തിനായി നൽകുന്ന ഫണ്ട് അപര്യാപ്തമായതിനാൽ കൂടുതൽ ഫണ്ട് അനുവദിക്കുക. ഭക്ഷണം പാകംചെയ്യുന്നതിന് ആവശ്യമായ അടുക്കളസൗകര്യങ്ങൾ സ്കൂളുകളിൽ നിർമ്മിക്കുക. സ്ഥിരം ആയമാരെ നിയമിക്കുക. വിറക് മറ്റ് അനുബന്ധിത ഉപകരണങ്ങൾ എന്നിവ ആവശ്യത്തിന് ലഭ്യമാക്കുക. തുടങ്ങിയ കാര്യങ്ങളിൽ പഞ്ചായത്തിന്റെ അടിയന്തിരി ശ്രദ്ധയുണ്ടാകണം.

പി.ടി.എ.കളുടേയും, മാതൃസംഗമങ്ങളുടേയും പഞ്ചായത്തിനേറയും കൂട്ടായ പങ്കാളിത്തത്തോടെ ഈ പദ്ധതികൾ നടപ്പിലാക്കിയാൽ വിദ്യാഭ്യാസരംഗത്ത് വൻപുരോഗതി സാധ്യമാവുകതന്നെ ചെയ്യും.

5.5

കുടിവെള്ളവും പൊതുജനാരോഗ്യവും

"ശുദ്ധമായ വായു, ശുദ്ധമായവെള്ളം, ശുചിത്വമുള്ള പാർപ്പിടം" ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലത്തുന്ന ഘടകങ്ങളാണിവ. കുടിവെള്ളത്തിനായി പഞ്ചായത്തിലെ 85% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. കേരള വാട്ടർ അതോറിറ്റിയുടെ 2 ജലവിതരണ പദ്ധതികൾ പഞ്ചായത്തതിർത്തിക്കുള്ളിൽ പ്രവർത്തിക്കുന്നു. ഇതിൽ ഇഞ്ചിയാനിയിലെ വാട്ടർ സപ്ലൈ സ്കീമിൽ 8 മാസം വരെ മാത്രമേ കുടിവെള്ളം വിതരണത്തിന് ലഭിക്കുകയുള്ളു. മഞ്ഞപ്ര സ്കീമിൽ ജല വിതരണം കുറച്ചുകൂടി ശാസ്ത്രീയമാക്കിയാൽ തൃപ്തികരമാണ്. 12 കുഴൽകിണറുകൾ ഉള്ളതിൽ 10 എണ്ണത്തിലും വെള്ളമുണ്ട്.

പഞ്ചായത്തിലെ ആരോഗ്യരംഗത്ത് ആധുനിക ശാസ്ത്രവും ചികിത്സാരീതികളും പുരോഗമിക്കുന്നതിന് മുമ്പ് ആയുർവേദ ചികിത്സയായിരുന്നു. 1980 ന് ശേഷമാണ് പഞ്ചായത്തിന്റെ കീഴിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും ആയുർവ്വേദ ആശുപത്രിയും 2 ഹെൽത്ത് സബ്സെന്ററുകളും ഒരു പ്രാഥമിക ആരോഗ്യകേന്ദ്രവും പ്രവർത്തനം ആരംഭിച്ചത്.

പൊതുജനാരോഗ്യത്തെ കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യമർഹിക്കുന്ന കാര്യം ശുചിത്വമാണ്. ഇതിൽ പരിസരശുചിത്വം പാലിക്കുവാൻ പ്രഥമമായിവേണ്ട ഒന്നാണ് കക്കൂസ്. പരിസരമലിനീകരണം കുറഞ്ഞ പ്രദേശമാണെങ്കിലും പൊതുവായ ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്ത് സ്ഥിരമായി ജീവനക്കാരെ നിയമിക്കേണ്ടതാണ്.

1. ആലക്കോട് പഞ്ചായത്തിലെ രൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് മുഴുവൻ പ്രദേശങ്ങളിലും വെള്ളം എത്തിക്കുന്നതിന് മലങ്കരഡാമിലെ വെള്ളം ഇടിഞ്ഞവട്ടിപ്പാറ, മഞ്ഞപ്ര,ഇഞ്ചിയാനി,ചിലവ് എന്നീ പ്രദേശങ്ങളിൽ ടാങ്കുകൾ നിർമ്മിച്ച് അവയിലെത്തിച്ച് വിതരണം ചെയ്യുന്നതിനുള്ള പദ്ധതിയുണ്ടാക്കി പരിഹാരം ഉണ്ടാക്കണം.
2. നിലവിലുള്ള പൈപ്പുലൈനുകളുടെ സംരക്ഷണവും മൈനർ അറ്റകുറ്റപ്പണികളും നടത്തുവാനുള്ള അധികാരം പഞ്ചായത്തിന് നൽകേണ്ടതും പഞ്ചായത്ത് അതാത് പ്രദേശങ്ങളിൽ സന്നദ്ധസംഘങ്ങൾ രൂപീകരിച്ച് ഈ പണികൾ നടത്തുകയും ചെയ്യേണ്ടതാണ്.
3. M.V.I.P ജലാശയത്തിന്റെ സമീപത്ത് താമസിക്കുന്നവർ കുളിക്കുവാൻ ഡാമിൽ ഇറങ്ങുമ്പോൾ അപകടം കൂടുന്നു. അതുകൊണ്ട് ഈ പ്രദേശങ്ങളിൽ കുളിക്കടവുകൾ നിർമ്മിക്കുവാൻ നടപടിയെടുക്കണം.

അവലോകനം: വാർഡ് -1 ചിലവ് (W)

കച്ചിറപ്പാറയിൽ ഒരു കുഴൽകിണറും ഒരു പഞ്ചായത്ത്കിണറുമുണ്ട്. ഈ വെള്ളം ഡിസംമ്പർ മാസംവരെയെ കിട്ടുകയുള്ളു. മറ്റ് പ്രദേശങ്ങളിൽ പൊതുകിണറുകൾ ഇല്ല. ഭൂരിഭാഗം സ്വകാര്യകിണറുകളിലും ഡിസംബർ മാസം വരെ മാത്രമേ വെള്ളം കിട്ടുകയുള്ളു.

പ്രശ്നങ്ങൾ

ഒന്നാം വാർഡിലെ കച്ചിറപ്പാറ, ആച്ചികല്ല്. കൊക്കലം,ചിലവ് ,പള്ളിത്താഴം എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ട്. ഉയർന്ന പാറക്കെട്ടുകളും വലിയകുന്നുംപ്രദേശവും തൂക്കായ ചരിവ് പ്രദേശവും ആയതുകൊണ്ടാണ് ജലക്ഷാമം ഉണ്ടാകുന്നത്.

സാധ്യതകൾ

a) ആച്ചിക്കല്ലിൽ മുകൾഭാഗത്തുള്ള നീരുറവക്ക് ചുറ്റുമതിൽ കെട്ടിയാൽ ഓസുവഴി താഴെഭാഗത്ത് താമസിക്കുന്ന ജനങ്ങൾക്ക് കുടിനീർ എത്തിക്കുവാൻ കഴിയും.

b) കച്ചിറ പാടത്ത് കുളംകുഴിച്ച് വെള്ളം പമ്പ്ചെയ്തു കച്ചിറ പാറമുകളിൽ ഒരു ടാങ്കുകെട്ടി വെള്ളം സപ്ലേ ചെയ്യുക.

c) ചിലവ് എൽ.പി. സ്കൂളിനടത്തുള്ള കുഴൽകിണറിൽ നിന്നും വെള്ളം പമ്പ് ചെയ്തു വഞ്ചിക്കാട്ടുമലയിൽ ടാങ്കുകെട്ടി ചിലവ് പള്ളിത്താഴംവരെ ജലവിതരണം നടത്തുക.

d) നിലവിലുള്ള പൊതുകിണറുകൾ ഉപയോഗയോഗ്യമാക്കുക,

e) തോട്ടുപുറം അലോഷിയുടെ വീടിനുസമീപമുള്ള സ്ഥലത്ത് ഒരു കുളം കുഴിച്ച് കച്ചിറപാറയിൽ ടാങ്കുകെട്ടി ജലവിതരണം നടത്തുക.

f) ചവർന്ന കുഴൽകിണറിൽ നിന്നും വെള്ളം പമ്പുചെയ്തു ആച്ചിക്കല്ലിൽ എത്തിച്ച് അവിടെ നിന്നും വിതരണം ചെയ്യുക.

വാർഡ് -2 ചിലവ് (E)

അവലോകനം

ചിലവ് കവലയിൽ ഒരു കുഴൽ കിണറും ഒരു പൊതുകിണറും ഉണ്ടങ്കിലും ആറുമാസത്തിൽ കൂടുതൽവെള്ളം കിട്ടുകയില്ല. പട്ടോലി, പാറക്കാട്ട്. ഇട്ടിച്ചുവട്,പൂത്രംതണ്ട് എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ട്.

പ്രശ്നങ്ങൾ

കുത്തനെയുള്ള മലപ്രദേശവും ചരിവുമായ പ്രദേശമാണ് ഇവിടം. അതുകൊണ്ട് മറ്റ് ജല സ്രോതസുകൾ ഇല്ല.

സാധ്യതകൾ

a) നിലവിലുള്ള വാട്ടർ സപ്ലൈ സ്കീം ഉപയോഗ സജ്ജമാക്കുക

a)പള്ളിത്താഴത്ത് കുളം നിർമ്മിച്ച് പാട്ടോലിമലയിൽ ടാങ്കുകെട്ടി വെള്ളം പമ്പ് ചെയ്യുക.

b) പാറക്കാട്ട് ഒരു കുഴൽകിണർ കുഴിച്ച് ജലക്ഷാമം പരിഹരിക്കാം.

c) ഈട്ടിച്ചുവട് ചേല്ലാവിൽ ഭാഗത്ത് കുഴൽകിണർ കുഴിച്ച് ആ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

d) ഉള്ള പഞ്ചായത്തുകുളം പുനർനിർമ്മിച്ച് ജല വിതരണത്തിനുയോഗ്യമാക്കുക.

വാർഡ് -3

അവലോകനം

ചവർണ്ണാകോളനിയിലെ പൊതുകിണർ, കുണ്ടംകാനായിലുള്ള പൊതുടാപ്പ്, സ്വകാര്യകിണറുകൾ എന്നിവയിൽ ആറുമാസംവരെ വെള്ളം കിട്ടുകയുള്ളു. എന്നാൽ ചവർണ്ണാകോളനിയിലെ കുഴൽ കിണറിൽ ധാരാളം വെള്ളം ഉണ്ട്.

പ്രശ്നങ്ങൾ

കൊച്ചുമറ്റം, നെല്ലിത്താനം ഭാഗം, കച്ചിറപാറയുടെ താഴെഭാഗം എബ്രാകോളനി, കുണ്ടംകാന, കലയന്താനി എന്നീ പ്രദേശങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്. ചരിഞ്ഞ മലമ്പ്രദേശമായതുകൊണ്ട് കിണറികുഴിച്ചാൽ വെള്ളം കിട്ടുകയില്ല.

സാധ്യതകൾ

a) ചവർണ്ണാകോളനിയിലെ കുഴൽ കിണറിലെ വെള്ളം കുടക്കച്ചിറ മലയിൽ ടാങ്കുകെട്ടി പമ്പുചെയ്യുക.

b) എബ്രാകോളനിയുടെ താഴെ ഭാഗത്ത് കുളംകുഴിച്ചാൽ എബ്രാകോളനി, കുണ്ടംകാന എന്നീ പ്രദേശങ്ങളിൽ ജലക്ഷാമം പരിഹരിക്കാം.

c) ചവർണ്ണാ തോട്ടിൽ മൂന്നുസ്ഥലത്ത് വെൻറെഡ്ക്രോസ്ബാർ നിർമ്മിച്ചാൽ ആ പ്രദേശത്തെ കൃഷിക്കുള്ള ജലസേചന സൗകര്യം കാര്യക്ഷമമാകും. കുടിവെള്ളപ്രശനവും പരിഹരിക്കാം.

d) കുന്നേൽ മാനുവലിൻെറ പുരയിടത്തിലുള്ള നീരുറവക്ക് ചുറ്റുമതിൽ കെട്ടിയെടുത്താൽ ഓസുവഴി താഴ്ന്ന പ്രദേശത്തെ ജനങ്ങൾക്ക് ഉപകരിക്കും.

വാർഡ് -4

അവലോകനം

ഈ വാർഡ് തീരസമതലമായതുകൊണ്ട് പലപ്രദേശങ്ങളിലും കുടിവെള്ളം ലഭ്യമാണ്

പ്രശ്നങ്ങൾ

പഞ്ചായത്താഫീസ് പരിസരം, നാഗാർജ്ജുന ഭാഗം, ആലക്കോട് ടൗൺ, റിസീവർകവല എന്നീ ഭാഗങ്ങളിൽ ജലക്ഷാമം ഉണ്ട്.

സാധ്യത

b) റിസീവർകവല റൂട്ടിൽ പരുന്താനി ഭാഗത്ത് ഒരു

കുഴൽ കിണർ നിർമ്മിച്ചാൽ ഈ ഭാഗങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

b) പഞ്ചായത്തുവക കിണർ ഉപയോഗയോഗ്യമാക്കി പഞ്ചായത്താഫീസ് പരിസരത്ത് ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തിയാൽ ആലക്കോട് ടൗൺ, നാഗാർജ്ജുന ഭാഗം പഞ്ചായത്താഫീസിന്റെ പരിസരം എന്നീ ഭാഗങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

വാർഡ് -5

അവലോകനം

മിനി വാട്ടർ സപ്ലേസ്കീം രണ്ട് പൊതുകിണർ ഒരു കുഴൽകിണർ ഇവയുണ്ടെങ്കിലും ആറുമാസം മാത്രമേ വെള്ളം കിട്ടുകയുള്ളു.

പ്രശ്നങ്ങൾ

(b) വലിയ പാറക്കെട്ടുകളും നാലു വശത്തേക്കും ചരിവുകളും കുന്നുകളും ആയ പ്രദേശം ആയതുകൊണ്ട് കിണറുകൾ കുഴിച്ചാൽ വെള്ളം കിട്ടുകയില്ല.

b) ഇഞ്ചിയാനി 90 ഏക്കർ കോളനി, ലക്ഷംവീട് കോളനി, നാലുസെന്റ് കോളനികൾ, കുടിലിപ്പാറ, വേങ്ങപ്പാറ, ശവക്കോട്ടപ്പാറ, കുളമ്പേഭാഗം എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്.

സാധ്യതകൾ

a) നിലവിലുള്ള വാട്ടർസപ്ലേ സ്കീമിന്റെ കുളത്തിനു സമീപമുള്ള പാടത്ത് വേനൽക്കാലത്ത് ആവശ്യത്തിനുള്ള വെള്ളം ഉണ്ട്. ഈ വെള്ളം കുളത്തിലേക്ക് എത്തിക്കാനുള്ള മാർഗ്ഗം സ്വീകരിക്കുക.

b) ഈ കുളത്തിനു സമീപത്ത് കുഴൽകിണർ നിർമ്മിച്ച് നിലവിലുള്ള സ്കീമുമായി ബന്ധിപ്പിക്കുക.

c) തലയനാട് വാട്ടർസപ്ലേ സ്കീമിൽ നിന്നും പാലപ്പള്ളി ഭാഗത്തുള്ള പൈപ്പിൽ നിന്നു പൈപ്പ് നീട്ടി ഇഞ്ചിയാനി സ്കീമുമായി ബന്ധിപ്പിക്കുക.

d) തോട്ടുപുറം പാടത്ത് കുളം നിർമ്മച്ച് C.S.I പള്ളിക്ക് സമീപം ടാങ്കുനിർമ്മിച്ച് വെള്ളം സപ്ലൈ ചെയ്യുക.

e) കുടിലിപ്പാറയിലുള്ള ഉറവ കെട്ടി സംരക്ഷിച്ച് താഴെയുള്ള ജനങ്ങൾക്ക് വെള്ളം എത്തിക്കാം.

f) നിലവിലുള്ള അശാസ്ത്രീയമായ ടാപ്പുകൾ മാറ്റി സ്ഥാപിക്കുക.

g) ടാപ്പുകളുടെയും പൈപ്പുകളുടെയും തകരാറു മൂലം ധാരാളം വെള്ളം നഷ്ടപ്പെടുന്നു. ഇത് പരിഹരിക്കുക.

വാർഡ് -6

പ്രശ്നങ്ങൾ

വടക്കുനിന്നു തെക്കോട്ട് ചരിഞ്ഞ് കിടക്കുന്ന പാറക്കെട്ടുകളാണ് വാർഡിന്റെ ഭൂരിഭാഗവും. തീരസമതലവും തെക്കോട്ട് ഉയർന്ന് മലപ്രദേശവും ആണ്.

കരിക്കുളം പാറ, തച്ചേട്ട്പ്പാറ, ഇടിവെട്ടിപ്പാറ, ഹരിജൻകോളനി, പാറത്തോട്ടഭാഗം, കുന്നാനിക്കൽഭാഗം എന്നീ പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ട്. ഒരു കുഴൽകിണർ ഉണ്ടെങ്കിലും ജലവിതരണ സംവിധാനമില്ല..

സാധ്യതകൾ

a) അഞ്ചിരി പി.എച്ച് സെന്ററിന്റെ സമീപമുള്ള കുഴൽകിണറ്റിൽ നിന്നും പമ്പ് ചെയ്തോ അഞ്ചിരി പാടത്ത് കുളം കുഴിച്ചോ പമ്പ് ചെയ്തോ ആനത്താരപുരയിടത്തിൽ ടാങ്കുകെട്ടി ജലവിതണം നടത്തുക.

b) ഇടവെട്ടിപ്പാറയിലുള്ള കുന്നേൽ ഒസേഫിന്റെ പുരയിടത്തിലും, വെട്ടുവേലിൽ ദേവസ്യയുടെ പുരയിടത്തിലുമുള്ള കിണർ വിപുലീകരിക്കുക

c) അത്തിമറ്റം ഭാഗത്ത് പൊന്തൻ വീട്ടിൽ പുരയിടത്തിലുള്ള ഓലി വിപുലീകരിക്കുക.

d) ഇഞ്ചിയാനി പള്ളിക്കാമാം പുരയിടത്തിലെ കിണർ വിപുലീകരിക്കുക. തച്ചട്ടുപാറതോട്ടിൽ തച്ചട്ടുപാറയിൽ ചെക്കുഡാം നിർമ്മിക്കുക.

വാർഡ് -7

അവലോകനം

80% ആളുകളും പൈപ്പുവെള്ളത്തെ ആശ്രയിക്കുന്നു. തലയനാട് സ്കീമിലെ വെള്ളമാണ് ഇവിടെ വിതരണം ചെയ്യുന്നത്.

പ്രശ്നങ്ങൾ

a) ടാപ്പുകളുടെയും പൈപ്പുകളുടെയും തകരറുമൂലം ധാരാളം കുടിവെള്ളം നഷ്ടപ്പെടുന്നു.

b) ക്യത്യമായും വെള്ളം ശുദ്ധീകരിച്ച് പമ്പ് ചെയ്യുന്നില്ല.

സാധ്യതകൾ

(a) പൊതു ടാപ്പുകളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

b) പൊതുവിതരണത്തിനുള്ള വെള്ളം അണുവിമുക്തമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

b) ആനക്കയത്തുള്ള കുഴൽകിണറിന് സമീപമുള്ള കുളം നന്നാക്കി മോട്ടോർ വച്ച് കുടിവെള്ളപ്രശ്നം പിരിഹരിക്കുക.

വാർഡ് -8

അവലോകനം

സ്വകാര്യ കിണറുകൾ കൂടാതെ 3 കുഴൽ കിണറും 2 പൊതുകിണറുകളും. ഈ കിണറുകളിലെ വെള്ളമാണ് പ്രധാനമായും കുടിവെള്ളമായി ഉപയോഗിക്കുന്നത്. വാർഡിന്റെ ഭൂരിഭാഗവും കുന്നുകളും ചരിവുകളും നിറഞ്ഞതാണ്. തലയനാട് വേരനാനിക്കൽ പുരയിടത്തിന് സമീപമുള്ള കുഴൽകിണറ്റിലെ വെള്ളം പമ്പുചെയ്ത് ഹരിജൻ കോളനിയിലെ ടാങ്കിലെത്തിച്ച് വിതരണം ചെയ്യുന്ന ഒരു സ്കീം നിലവിലുണ്ട്.

പ്രശ്നങ്ങൾ

(a) മണ്ണിനടിയിൽ കരിങ്കൽപ്പാറകൾ ആയതിനാൽ കിണർ കുഴിക്കുന്നതിന് ബുദ്ധിമുട്ടുണ്ട്.

b) കുഴൽകിണറുകളിലൊന്നിൽ വെള്ളമേ കിട്ടുന്നില്ല.

c) നിലവിലുള്ള സ്കീമിലെ വെള്ളത്തിന് രുചിവിത്യാസം ഉണ്ട്.

അത്തിമറ്റം, 4 സെൻറ് കോളനി, ആനക്കയം കോളനി, നത്തുമല, അഞ്ചിരി ഹരിജൻ കോളനി, പരപ്പുങ്കര എന്നീ പ്രദേശങ്ങളിൽ വേനൽക്കാലത്ത് രൂക്ഷമായ കുടിവെള്ളക്ഷാമം ഉണ്ട്.

സാധ്യതകൾ

(a) നിലവിലുള്ള കുഴൽകിണറിലെ വെള്ളം ശുദ്ധീകരിച്ച് പമ്പ് ചെയ്യുക.

b) നിലവിലുള്ള ഹരിജൻ കോളനിയിലെ ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.

c) പൊതുകിണറിൽ നിന്നും നിലവിലുള്ള ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

d) പരപ്പിൻകര ഭാഗത്ത് ഒരു കുഴൽകിണർ നിർമ്മിക്കുക.

പൊതുജനാരോഗ്യം, ശുചിത്വം.

അവലോകനം

ചിലവ് ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ഒരു ആയുർവേദ ആശുപത്രിയും ഒരു ഹെൽത്ത് സബ് സെൻററും ആലക്കോട് പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രവും, അഞ്ചാം വാർഡ് ഇഞ്ചിയാനിയിൽ ഒരു ഹോമിയോ ആശുപത്രിയും ആറാം വാർഡിൽ അഞ്ചിരിയിൽ പ്രവർത്തിക്കുന്ന ഹെൽത്ത് സബ്സെന്ററും ആണ് ഈ പഞ്ചായത്തിലെ ചികിത്സാകേന്ദ്രങ്ങൾ

ഈ പഞ്ചായത്തിലെ മൊത്തം 8855 ഓളം വരുന്ന ജനങ്ങളിൽ ഭൂരിഭക്ഷവും കാർഷികമേഖലയിൽ പ്രവർത്തിക്കുന്നവരാണ്. ഈ പഞ്ചായത്തിൽ ഇഞ്ചിയാനി,ചവർണ്ണ. ചിലവ്, അഞ്ചിരി, ആനക്കയം, മഞ്ഞപ്ര എന്നിവടങ്ങളിൽ ദുർബലജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന കോളനികൾ ഉണ്ട്. അവർ എല്ലാവരും കർഷകതൊഴിലാളികളുമാണ്. അവിടങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യം തീരെയില്ല. ഈ കോളനിപ്രദേശങ്ങളിൽ മഞ്ഞപ്പിത്തം, ചെങ്കണ്ണ്, വയറിളക്കം, അതിസാരം എന്നീ പകർച്ച വ്യാധികൾ ഉണ്ടാകാറുണ്ട്.

പ്രശ്നങ്ങൾ

ചിലവിൽ പ്രവർത്തിക്കുന്ന ആയുർവേദാശുപത്രിയിൽ വേണ്ടത്ര ജീവനക്കാരോ വിവിധരോഗങ്ങൾക്കുള്ള മരുന്നകളോ ഇല്ല. പ്രവർത്തനത്തിന് സമയ നിഷ്ടപാലിക്കുന്നില്ല. ഈ പ്രദേശത്തെ ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ജനങ്ങൾക്ക് ആശുപത്രിയിൽ എത്തിച്ചേരുന്നതിനുള്ള യാത്രാ സൗകര്യങ്ങൾ ഇല്ല.

അലോപ്പതി ചികിത്സാകേന്ദ്രങ്ങളിൽ ആവശ്യത്തിന് ഡോക്ടർമാരോ മറ്റ് ജീവനക്കാരോ ഇല്ല. മരുന്നിന്റെ ദൗർഭല്യം യാത്രാക്ലേശം എന്നിവ ജനങ്ങളെ കൂടുതൽ ബുദ്ധിമുട്ടിക്കുന്നു.

ശുചിത്വമില്ലായ്മ, പകർച്ചവ്യാധികൾ പഞ്ചായത്തിൽ വേഗത്തിൽ പടരുന്നതിന് കാരണമാകുന്നു.

കോളനിപ്രദേശങ്ങളിലും മറ്റ് ദുർബലജന വിഭാഗങ്ങളുടെ വീടുകളിലും കക്കൂസ് സൗകര്യം ഇല്ല. മല മൂത്ര വിസർജനം പൊതുസ്ഥലങ്ങളിലും, നീർ ഒഴുക്ക് സ്ഥലങ്ങളിലുമായതിനാൽ പല പകർച്ചവ്യാധികളും പഞ്ചായത്തിൽ പകർന്നുപിടിക്കുന്നു.

ശുചിത്വം ആരോഗ്യ പരിപാലനം എന്നിവ സംബന്ധിച്ച ബഹുഭൂരിപക്ഷം ജനങ്ങളും ബോധവാൻമാരല്ല.

നിർദ്ദേശങ്ങൾ

ചിലവ് ഒന്നാം വാർഡിൽ പണിതീർന്നിട്ടുള്ള ഹെൽത്ത് സെൻററിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കുകയും എല്ലാ രോഗത്തിനും ചികിത്സാകിട്ടാനുള്ള സൗകര്യം ഉണ്ടാക്കുകയും ഇൻ പേഷ്യന്റ് ബ്ലോക്ക് തുടങ്ങുകയും ചെയ്യണം.

ഇവിടെ പ്രവർത്തിക്കുന്ന ആയുർവേദാശുപത്രയിൽ പ്രാഥമികസൗകര്യങ്ങളും ആവശ്യത്തിന് സ്റ്റാഫും എല്ലാ രോഗത്തിനുമുള്ള മരുന്നുകളും ഉണ്ടാവണം. പത്ത് ബെഡുകളെങ്കിലുമുള്ള ഇൻപേഷ്യൻറ് ബ്ലോക്ക് തുടങ്ങണം.


ആലക്കോട് പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രം കൂടുതൽ വിസ്തീർണ്ണമുള്ള സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുകയും രോഗികളെ കിടത്തി ചികിത്സിക്കുന്ന

തിന് സൗകര്യം ഉണ്ടാക്കുകയും ചെയ്യണം.

ഇഞ്ചിയാനിയിൽ പ്രവർത്തിക്കുന്ന ഹോമിയോ ക്ലിനിക്ക് മുഴുവൻസമയവും പ്രവർത്തിപ്പിക്കണം. ഇതിനോടനുബന്ധിച്ച് ഒരു പ്രാഥമികാരോഗ്യകേന്ദ്രം കൂടി ആരംഭിക്കണം.

അഞ്ചിരിയിലുള്ള ഹെൽത്ത് സബ്സെൻറർ ഒരു പ്രാഥമികാരോഗ്യകേന്ദ്രമായി ഉയർത്തുകയും ഡോക്ടറെ നിയമിച്ച് കാര്യക്ഷമമായി പ്രവർത്തനമാരംഭിക്കുകയും ചെയ്യണം.

മഞ്ഞപ്ര,തലയനാട്. ആനക്കയം എന്നീ പ്രദേശങ്ങളിലെ ജനങ്ങൾക്കനുയോജ്യമായ സ്ഥലത്ത് ഒരു പ്രാഥമികാരോഗ്യകേന്ദ്രം ആരംഭിക്കുക.



നാഗാർജ്ജുന ആയിർവേദ മരുന്നുല്പാദന ശാലയിൽ നിന്നും പുറത്തുവരുന്ന മലിനജലം ശുദ്ധീകരിച്ച് പുറംതള്ളുവാനുള്ള സംവിധാനമുണ്ടാക്കണം.

എല്ലാ വീടുകളിലും പ്രത്യേകിച്ച് കോളനിപ്രദേശങ്ങളിൽ കക്കൂസ് സൗകര്യമുണ്ടാക്കണം.

ശുചിത്വം, ആരോഗ്യ പരിപാലനം എന്നിവ സംബന്ധിച്ച് ഓരോവാർഡിലും സൗകര്യപ്രദമായസ്ഥലങ്ങളിൽ വച്ച് ജനങ്ങൾക്ക് ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കണം.

വീടും പരിസരവും ശുചിയാക്കുന്നത് സംബന്ധിച്ച് സ്ത്രീകളിൽ പ്രത്യേകമായി ബോധവൽക്കരണം നടത്തുണം.

വീട്ടിലും തൊടിയിലും ഉണ്ടാകുന്ന ചീയുന്ന പാഴ് വസ്തുക്കുൾ ഉപയോഗിച്ച് കമ്പോസ്റ്റ് നിർമ്മാണം പ്രചരിപ്പിക്കുക.

ഇഞ്ചിയാനിയിൽ നിലവിലുള്ള പൊതുശ്മശാനത്തന് ചുറ്റുമതിൽ കെട്ടുകയും അവിടേയ്ക്ക് വഴിസൗകര്യം ഉണ്ടാക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാണ്.

ചിലവ്, ആനക്കയം ഹരിജൻ കോളനി എന്നീ പ്രദേശങ്ങളിലും ഓരോ പൊതുശ്മശാനം ഉണ്ടാകണം.

ആലക്കോട് പ്രാഥമികാരോഗ്യകേന്ദ്രത്തിൻെറ പ്രവർത്തനസമയം രാവിലെ 8 മണിമുതൽ വൈകുന്നേരം 4 മണിവരെയാക്കണം.

ആലക്കോട് ബ്ലോക്ക് ജംഗ്ഷനിൽ പഞ്ചായത്തുവക കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കണം

പഞ്ചായത്ത് അതിർത്തിയിലുള്ള ഭക്ഷണപദാർത്ഥങ്ങൾ വിൽക്കുന്ന കടകളിൽ വിതരണം ചെയ്യുന്ന ഭക്ഷണപദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുവാനുള്ള അധികാരം പഞ്ചായത്തിനുണ്ടാകണം

പൊതുജനാരോഗ്യത്തെ ബാധിക്കുന്ന പ്രശ്നമെന്ന നിലയിൽ ഈ സ്ഥാപനങ്ങൾ ആരോഗ്യനിയന്ത്രണ നിയമങ്ങൾക്ക് വിധേയമായാണ് പ്രവർത്തിക്കുന്നതെന്നുറപ്പ് വരുത്തുകയും ചെയ്യണം.

പഞ്ചായത്തിൽ അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും വളർത്തുനായ്ക്കൾക്ക് നിർബന്ധിത കുത്തിവെയ്പ് നടത്തുകയും ചെയ്യാനുള്ള നടപടിയുണ്ടാകണം.

10 മുതൽ 15 കിലോമീറ്റർ വരെ യാത്ര ചെയ്തെങ്കിലെ പഞ്ചായത്തിലെ ജനങ്ങൾക്ക് ആധുനിക ചികിത്സാസൗകര്യങ്ങളുള്ള ഒരു ചികിത്സാകേന്ദ്രത്തിൽ എത്താൻ സാധിക്കുന്നുള്ളു. ഇടുക്കി ജില്ലയിൽ സ്ഥാപിക്കുവാനുദ്ദേശിക്കുന്ന സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ആലക്കോട് പഞ്ചായത്തിൽ സ്ഥാപിക്കണം.

വിദഗ്ദ ഡോക്ടർമാരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ രോഗനിർണ്ണയക്യാമ്പുകളും ആരോഗ്യസെമിനാറുകളും നടത്തണം.

എയ്ഡ്സ് എന്ന മാരകവ്യാധിയെക്കുറിച്ച് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പഠനക്ലാസ്സുകളും ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കണം.

നേത്രദാനത്തിനേറയും രക്തദാനത്തിനേറയും മഹനീയത ജനങ്ങളെ ബോധ്യപ്പെടുത്തണം. രക്തദാനത്തിന് വാർഡ് തലത്തിൽ സന്നദ്ധസേന രൂപീകരിക്കണം.

നേത്രരോഗ നിർണ്ണനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കണം. നേത്രദാനത്തിന് സന്നദ്ധതയുള്ളവരുടെ സമ്മതിപത്രങ്ങൾ പഞ്ചായത്ത് തലത്തിൽ ശേഖരിക്കുകയും അനന്തരനടപടികൾ സ്വീകരിക്കുകയും വേണം

വെറ്റില മുറുക്ക്, മദ്യപാനം, പുകവലി എന്നിവയ്ക്കെതിരെ ജനങ്ങളെ ബോധവൽക്കരിക്കണം

കൊതുക്, ഈച്ച എന്നിവയുടെ നിവാരണത്തിന് നടപടികൾ സ്വീകരിക്കണം

പഞ്ചായത്തിലെ ആരോഗ്യവിവരങ്ങളുടെ പട്ടിക അടുത്തപേജിൽ കൊടുക്കുന്നു


□

പഞ്ചായത്തിലെ ആരോഗ്യരംഗം - വാർഡുതിരിച്ചുള്ള സ്ഥിതിവിവരങ്ങൾ

വാർഡ്	പൊതുസ്ഥാപനങ്ങൾ	കണക്കാക്കപ്പെടുന്ന പ്രധാന രോഗങ്ങൾ	പ്രവർത്തനത്തെക്കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ
I	ആയുർവേദ ആശുപത്രി	അതിസാരം, കണ്ണിലെ വ്യാധി, മഞ്ഞപ്പിത്തം	ജീവനക്കാരുടെ അഭാവം, മരുന്നുകൾ ഇല്ലായ്മ, സമയനിഷ്ഠ പാലിക്കുന്നില്ല	ആവശ്യത്തിന് ജീവനക്കാരെ വയ്ക്കുക. എല്ലാഭാഗത്തും മരുന്നുകൾ എത്തിക്കുക. ഐ.പി.ബ്ലോക്ക് തുടങ്ങുക. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ നിന്നും ആശുപത്രികളിൽ
II	----	അതിസാരം, മഞ്ഞപ്പിത്തം	----	ഹെൽത്ത്സെന്റർ സ്ഥാപിക്കുക
III	----	ചൂടുപനി, മഞ്ഞപ്പിത്തം	----	ഹെൽത്ത്സെന്റർ സ്ഥാപിക്കുക
IV	പ്രാഥമിക ആരോഗ്യകേന്ദ്രം	വയറിളക്കം മഞ്ഞപ്പിത്തം കണ്ണിലെ വ്യാധി	ഡോക്ടർ സ്ഥിരമായില്ല, പ്രവർത്തന സമയക്കുറവ്, പ്രതിരോധ കുത്തിവെയ്പുകൾ	രണ്ടു ഡോക്ടർമാരുടെ സേവനം ആവശ്യമാണ്. പ്രവർത്തനസമയം രാവിലെ 8 മണിമുതൽ 4 മണിവരെ ആക്കുക. ഐ.പി.ബ്ലോക്ക് നിർമ്മിക്കുക
V	ഹോമിയോഡിസ്പെൻസറി	വയറിളക്കം, ചൊറി, മഞ്ഞപ്പിത്തം, കണ്ണിലെ വ്യാധി	പ്രവർത്തനസമയം തൃപ്തികരമല്ല	പ്രവർത്തനസമയം രാവിലെ 8 മുതൽ 4 വരെ ആക്കുക. പ്രാഥമിക ആരോഗ്യകേന്ദ്രം തുടങ്ങുക
VI	ഹെൽത്ത് സബ്സെന്റർ	അതിസാരം, മഞ്ഞപ്പിത്തം, ചൊറി, കണ്ണിലെ വ്യാധി	പ്രവർത്തനം തൃപ്തികരമല്ല	സബ്സെന്ററിനെ പ്രൈമറി ഹെൽത്ത്സെന്ററായി ഉയർത്തുക
VII	----	വയറിളക്കം, മഞ്ഞപ്പിത്തം	----	ഹെൽത്ത്സെന്റർ സ്ഥാപിക്കുക
VIII	----	ചൂടുപനി, മഞ്ഞപ്പിത്തം വയറിളക്കം	----	ഹെൽത്ത്സെന്റർ സ്ഥാപിക്കുക

5.6

ഗതാഗതവും ഊർജ്ജവും



ഗതാഗതം

ഒരു പഞ്ചായത്തിന്റെ വികസനത്തിന്റെ ബാഹ്യവും പ്രത്യക്ഷവുമായ രൂപമാണ് റോഡുകളും അവയുടെ അവസ്ഥയും. ഈ പഞ്ചായത്തിൽ ആകെ 74.75 കി. മീ. റോഡുണ്ട്. അതിൽ 16.5 കി. മീ. P.W.D. റോഡും ബാക്കി പഞ്ചായത്തു റോഡുകളും ആണ്. പഞ്ചായത്തുവക 58.25 കി. മീ. റോഡിൽ 13 കി. മീ. ടാർ റോഡും 45.25 കി.മീ. മൺറോഡുമാണ്. പഞ്ചായത്തിലെ റോഡുകളുടെ വാർഡു തിരിച്ചുള്ള കണക്ക് താഴെ കൊടുത്തിരിക്കുന്നു.

ഇതിൽ പല റോഡുകളും ഒന്നിലധികം വാർഡുകളിൽകൂടി കടന്നുപോകുന്നുവയാണ്.

പഞ്ചായത്തിനുള്ളിൽകൂടി കടന്നുപോകുന്ന P.W.D. റോഡുകൾ

1. തൊടുപുഴ – വെള്ളിയാമറ്റം റോഡ്
2. തെക്കും ഭാഗം – ആനക്കയം റോഡ് (ഇഞ്ചിയാനി വഴി)
3. തെക്കും ഭാഗം – അഞ്ചിരി റോഡ്.

ഇതിൽ തൊടുപുഴ-വെള്ളിയാമറ്റം റോഡിൽകൂടി ആവശ്യത്തിനും മറ്റുരണ്ടു റോഡുകളിൽകൂടി പരിമിതമായും, കലയന്താനി-ചിലവ് റോഡിൽ കൂടി നാമമാത്രമായും ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. 1-ഉം 2-ഉം വാർഡുകൾ കരിമണ്ണൂർ വില്ലേജിൽ പെട്ടതാണെങ്കിലും ഇവിടെ താമസിക്കുന്നവർക്ക് വില്ലേജ് ആസ്ഥാനമായ കരിമണ്ണൂരുമായി ബന്ധപ്പെടാൻ ബസ്സ് സൗകര്യമില്ല. 1 ഉം 2 ഉം വാർഡുകൾ കരിമണ്ണൂർ പോലീസ് സ്റ്റേഷന്റെ അധികാരപരിധിയിലുമാണ്.

തികച്ചും കാർഷിക പഞ്ചായത്തായ ഇവിടത്തെ കർഷകരുടെ കാർഷികോൽപ്പന്നങ്ങൾക്കുള്ള ഏക വിപണനകേന്ദ്രം തൊടുപുഴയാണ്. അതുപോലെ താലൂക്ക് ആസ്ഥാനവും തൊടുപുഴ തന്നെ. തൊടുപുഴയുമായി ബന്ധപ്പെടുന്നതിന് പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങൾ അപര്യാപ്തവുമാണ്.

പഞ്ചായത്ത് ആസ്ഥാനത്തെ വാർഡുകളുമായി ബന്ധിപ്പിക്കുന്നതിന് ആവശ്യമായ ബസ്സ് സർവ്വീസുകളില്ലാത്തത് ഒരു വലിയ പോരായ്മയാണ്. പഞ്ചായത്തുവക റോഡുകളുടെ നില ശോചനീയമാണ്. അധികവും മൺറോഡുകളും വീതികുറഞ്ഞവയുമാണ്. ടാർറോഡുകളാകട്ടെ സഞ്ചാരയോഗ്യവുമല്ല. പഞ്ചായത്തിലെ റോഡുഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് മുൻഗണനാക്രമത്തിൽ അടിയന്തിരമായി ബഹുജനസഹകരണത്തോടെ പുതുതായി നിർമ്മിക്കേണ്ട റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പുതിയതായി നിർമ്മിക്കേണ്ട റോഡുകളുടെ വാർഡുതിരിച്ചുള്ള പട്ടിക.

Ward No	റോഡിന്റെ വിവരണം
I.	ചിലവ്-കൊക്കലം റോഡ് മഞ്ചിക്കാട്ട് കവല മുതൽ കൊക്കലം വരെ പുതിയ റോഡ് നിർമ്മിക്കുക ചവർനാ-ഉപ്പുകുളം റോഡ് മാരാമ്പാറ-ചിലവ് റോഡ് ചിലവ്-അച്ചുമുള്ളി റോഡ് (അംഗൻവാടി ഭാഗം വഴി) അമ്പലം-കൊക്കലം റോഡിലേക്ക് ലിങ്ക് റോഡ് ആച്ചിക്കല്ല്-കുഴിപ്പിൽ റോഡ് ചവറനാൽ-കുറിച്ചിവഴി-ഉപ്പുകുളം റോഡ്.

വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം കി.മീ.	വീതി മീറ്റർ	ടാർ	മെറ്റൽ	മൺ കച്ച	
I	ചിലവ്-കൊക്കലംകുന്ന്	1.5	4	-	-	x	
	ചിലവ്-ചാലാശ്ശേരി	2	8	-	x	-	
	ഉപ്പുകുളം-ആച്ചിക്കല്ല്	.6	4	-	-	x	ടാർ 1KM
	ആലക്കോട് - കരിമണ്ണൂർ റോഡ്	2.5	6	x	-	-	
	ആലക്കോട്-കാരിയറ	3	6	x	x	-	
	കലയന്താനി-ചിലവ്	2	8	x	-	-	
	മാരാംപാറ-ചിലവ്	1		x		x	
II	ചിലവ്-വട്ടോളിമല	2.25	4	x	x	-	ടാർ .75KM
	കലയന്താനി-ചിലവ-പറമ്പുകാട്ടുമല	2.1	8	x	-	x	ടാർ 1.3KM
	ചിലവ്-ഒലിക്കാമറ്റം	1.4	8	x	-	-	
III	ആലക്കോട്-ചിലവ്	2	8	x	-	-	
	ആലക്കോട്-കാരിയറ	2.5	6	x	-	x	ടാർ 1KM
	കലയന്താനി-ചിലവ്	1.25	4	-	-	x	
	ആലക്കോട്-പനമറ്റം	1	4	-	-	x	
IV	അഞ്ചിരികവല-ഇഞ്ചിയാനി	2.25	6	x	-	x	
	റിസീവർകവല-ഇഞ്ചിയാനി	1.75	4	-	-	x	
	ആലക്കോട്-ഇഞ്ചിയാനി	2	8	x	-	-	ടാർ .3KM
	ആലക്കോട്-തെക്കുംഭാഗം	1.75	6	-	-	x	
	കാര്യമഠം-പാത്തിക്കപ്പാറ	1	4	-	-	x	
V	ഇഞ്ചിയാനി-കുടിലപ്പാറ	1	4	-	-	x	
	ഇഞ്ചിയാനി-ശവക്കോട്ട	1.5	4	-	-	x	
	ഇഞ്ചിയാനി-തേവറുചാറ	1	4	-	-	x	
VI	ഇടിവെട്ടിപ്പാറ-അഞ്ചിരി	2.5	5	-	-	x	
	തച്ചേറ്റുപാറ-ഇഞ്ചിയാനി മഠത്തിൻചിറ	2.5	5	-	-	x	
	മലങ്കര-അഞ്ചിരി	1	5	-	-	x	

വാർഡ് നമ്പർ	റോഡിന്റെ പേര്	നീളം കി.മീ.	വീതി മീറ്റർ	ടാർ	മെറ്റൽ	മൺ കച്ച	
VII	തളയനാട്-കോളപ്ര	1	8	x	-	-	
	തളയനാട്-മലങ്കര	2	8	x	-	-	
	മഞ്ഞപ്ര-ശങ്കരപ്പിള്ളി	1	4	-	-	x	
	മഞ്ഞപ്ര-ശങ്കരപ്പിള്ളി(കോളനി വഴി)	.3	3	-	-	x	
VIII	തളയനാട്-കോളപ്ര	1	8	x	-	-	
	കോളപ്ര-ആനക്കയം ലിങ്ക് റോഡ്	2	8	-	-	x	
	ആനക്കയം വെട്ടിമറ്റം	1	3	-	-	x	
	പാലപ്പിള്ളി-വെട്ടിമറ്റം	1.5	3.5	-	-	x	
	പാലപ്പിള്ളി-നത്തുമല	1.5	3	-	-	x	
	തൊടുപുഴ-ആനക്കയം P.W.D	4.5	8	x	-	-	
	തൊടുപുഴ-ആനക്കയം, കുട്ടപ്പൻകവല-പാലപിള്ളി	1	8	x	-	-	
	തളയനാട് ഹരിജൻ കോളനി	1.5	8	x	-	-	
	അഞ്ചിരി-ഹരിജൻ കോളനി വഴി വെട്ടിമറ്റം	1	8	x	-	-	
	കുടിലിപാറ-പാലപ്പിള്ളി	1.5	4	-	-	x	
	തളയനാട് പള്ളി-പരപ്പിൻകര	2	3	-	-	x	

II. വട്ടോലി ഭാഗത്തുനിന്നും പറമ്പുകാട് റോഡ് വരെ പുതിയ റോഡ്.

III. ചവറനാ-കൊച്ചുമറ്റം കവല റോഡ് കിഴക്കേകോളനി വഴി

അഞ്ചിരിക്കവല-കൊച്ചുമറ്റം കവല റോഡ്

മീമ്മുട്ടി-ചവറനാൽ റോഡ് പുതിയത്.

ചവറനാൽ-കലയന്താനി റോഡ് (ചവറനാൽ കോളനി-തനിമല- നെല്ലത്താനം കുന്ന്-കുണ്ടംകാനാ കോളനി വഴി)

IV. പാത്തിക്കപ്പാറ-തെക്കുംഭാഗം റോഡ് (അഞ്ചിരിക്കവല- ഇഞ്ചിയാനിറോഡ്, റിസീവർകവല-ഇഞ്ചിയാനിറോഡ്,ആലക്കോട്- ഇഞ്ചിയാനിറോഡ്, ആലക്കോട്-തെക്കുംഭാഗം റോഡ് ഇവയെ ലിങ്ക് ചെയ്തു മാർത്തോമ്മാതോട്ടം വഴി തെക്കുംഭാഗത്ത് എത്തുന്ന ഈ റോഡ് വെള്ളിയാമറ്റം,ആലക്കോട്,ഇടവെട്ടി എന്നീ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നു.)

അഞ്ചിരിക്കവല-എളമാംതല റോഡ്.

V. ആലക്കോട്-പൊതുശ്മശാനം റോഡ്

ആലക്കോട്-ഇഞ്ചിയാനി റോഡും, അഞ്ചിരിക്കവല-ഇഞ്ചിയാനി റോഡും തമ്മിൽ യോജിപ്പിക്കുന്നതിന് ഇഞ്ചിയാനി സ്കൂളിനു സമീപത്തുനിന്നും ലിങ്ക് റോഡ്.

ഇഞ്ചിയാനി-കുടിലിപ്പാറ റോഡ് പാലപ്പിള്ളിൽ-ആനക്കയം റോഡിൽ ചേരത്തക്കവിധം ലിങ്ക് റോഡ്.

ശവക്കോട്ടപ്പാറ-ആലക്കോട് റോഡ് പൂർത്തിയാക്കുക.

VI. അഞ്ചിരി ഹെൽത്തുസെന്ററിനുസമീപത്തുകൂടി

മലങ്കരക്കുള്ള റോഡ് എസ്റ്റേറ്റിൽ മുറിക്കുക.

VII. തലയനാട്-മലങ്കര റോഡിൽ മഞ്ഞപ്ര അംഗൻവാടിക്കു സമീപത്തുനിന്നും തൊടുപുഴ-ആനക്കയം റോഡിൽ കുട്ടപ്പൻ കവല ഭാഗത്ത് എത്തത്തക്കവിധം ലിങ്ക് റോഡ്.

മഞ്ഞപ്ര റോഡിൽനിന്നും തലയനാട് സ്കൂൾ കവലയിലേക്ക് ലിങ്ക് റോഡ്

MVIP കൃാച്ച്മെന്റ് ഏരിയായുടെ അരികിൽകൂടി കോളപ്ര-മലങ്കര റോഡ്.

ചവറനാനിഷാപ്പുപടി വഴി മഞ്ഞപ്രക്ക് നിലവിലുള്ള നടവരമ്പ് വീതികൂട്ടി കുട്ടപ്പൻകവല-മഞ്ഞപ്ര ലിങ്ക് റോഡ്.

VII പാലപ്പിള്ളികോളനി-ഹരിജൻ കോളനി റോഡ്.(നത്തുമല വഴി)

ഹരിജൻകോളനി-ആനക്കയം റോഡ്

പാലപ്പിള്ളി-ഒന്നാരമല വഴി കലയന്താനി റോഡ്

ഹരിജൻ കോളനി വേരനാനിക്കൽകവല-തലയനാട് പള്ളിറോഡ്

അടിന്തിരമായി പൊതുജനസഹകരണത്തോടെ വീതികൂട്ടി പുനർനിർമ്മിക്കേണ്ട റോഡുകളുടെ വാർഡു തിരിച്ചുള്ള പട്ടിക.

Ward No	റോഡിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച വിവരങ്ങൾ
I.	ആലക്കോട്-ചിലവ്-കരിമണ്ണൂർ റോഡ് റീടാർ ചെയ്യുക.
	ആലക്കോട്-കാരിയറ റോഡ് പൂർത്തിയാക്കി ടാർ ചെയ്യുക.
	ചിലവ്-മാരാംപാറ റോഡ് പൂർത്തിയാക്കി ടാർ ചെയ്യുക.
	ചിലവ്-ചാലാശ്ശേരി റോഡ് പൂർത്തിയാക്കി ടാർ ചെയ്യുക.
	ചിലവ്-കൊക്കലം റോഡ് ടാർ ചെയ്യുക.
II.	കൊച്ചുമറ്റംകവല- പറമ്പുകാട്ട് മല റോഡ് റീടാർ ചെയ്യണം.
	ചിലവ്-ഓലിക്കാമറ്റം റോഡ് റീടാർ ചെയ്യണം.
	ചിലവ്-വട്ടോലി റോഡ് റീടാർ ചെയ്യണം.
	വെള്ളാന്താനം-ആർപ്പാമറ്റം റോഡ് വീതികൂട്ടി ടാർ ചെയ്യുക.
III.	ആലക്കോട്-കാരിയറ റോഡ് റീടാർ ചെയ്യണം.
	ആലക്കോട്-പനമറ്റം-മീമ്മുട്ടി റോഡ് വീതികൂട്ടി ടാർ ചെയ്യണം.
	ചവറനാ ലക്ഷംവീട് കോളനി റോഡ് നന്നാക്കി ടാർ ചെയ്യണം.
	ചവറനാ കിഴക്കേകോളനി റോഡ് നന്നാക്കി ടാർ ചെയ്യണം.
	കലയന്താനി-എമ്പ്രയിൽ കോളനി റോഡ്.
IV	അഞ്ചിരിക്കവല-ഇഞ്ചിയാനി റോഡ് ബാക്കിഭാഗം ടാർ ചെയ്യണം.
	ആലക്കോട്-ഇഞ്ചിയാനി റോഡ് റീടാർ ചെയ്യണം.
	റിസീവർ-കവല ഇഞ്ചിയാനി റോഡ് ടാർ ചെയ്യണം.
	ആലക്കോട്-തെക്കുംഭാഗം റോഡ് ടാർ ചെയ്യണം
V.	അഞ്ചിരിക്കവല - ഇഞ്ചിയാനി റോഡ് ടാർ ചെയ്യണം
	റിസീവർകവല ഇഞ്ചിയാനി റോഡ് ടാർ ചെയ്യണം
	ഇഞ്ചിയാനി-തേവരുപാറ റോഡ് ടാർ ചെയ്യണം
	ഇഞ്ചിയാനി-കുടിലിപ്പാറ റോഡ് ടാർ ചെയ്യണം
VI.	അഞ്ചിരി-ഇടിവെട്ടിപ്പാറ-ഇഞ്ചിയാനി റോഡ് ടാർ ചെയ്യണം
	പാലപ്പിള്ളി-പാറത്തോട്ട റോഡ് ടാർ ചെയ്യണം
	അഞ്ചിരി-തച്ചേട്ടുപാറ വഴി ഇഞ്ചിയാനി റോഡ് ടാർ ചെയ്യണം
VII	തലയനാടുപള്ളി-മലങ്കര റോഡ് എസ്റ്റേറ്റ്കാരുടെ നിയന്ത്രണം നീക്കി മലങ്കര ങഢകജ റോഡുമായി ബന്ധിപ്പിക്കണം
	തലയനാട്-തലയനാട് പള്ളി റോഡ് റീടാർ ചെയ്യണം.
	തലയനാട്-മലങ്കര റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തി റീട്ടാർ ചെയ്യണം
	മഞ്ഞപ്ര-ശങ്കരപ്പിള്ളി റോഡ് ടാർ ചെയ്യണം
	തലയനാടുപള്ളി-മലങ്കര റോഡിൽ മഞ്ഞപ്രയിൽ റോഡ് ഇടിഞ്ഞുകിടക്കുന്ന ഭാഗത്ത് 75 മീറ്റർ നീളത്തിൽ റീട്ടേണിംഗ് വാൾ കെട്ടണം.
VIII	ആനക്കയം-കോളപ്ര റോഡ് ഗതാഗത യോഗ്യമാക്കണം
	ആനക്കയം-തേന്മാരി റോഡ് ഗതാഗത യോഗ്യമാക്കണം (MVIP യുടെ ജലസംഭരണിയിണിയിൽ മുങ്ങിപോകുന്ന ഭാഗങ്ങൾ MVIP തന്നെ നിർമ്മച്ചുതരേണ്ടതാണ്)
	തലയനാടുപള്ളി-പരപ്പിൻകര റോഡ് ഗതാഗതയോഗ്യമാക്കണം

പാലപ്പിള്ളി-ഒന്നാരമല-കലയന്താനി റോഡ് ഗതാഗതയോഗ്യമാക്കണം.

അത്യാവശ്യമായി തീർക്കേണ്ട കലുങ്കുകളുടേയും നടപ്പാലങ്ങളുടെയും നടപ്പാതകളുടെയും വാർഡ് തിരിച്ചുള്ള പട്ടിക.

കലുങ്കുകളോ നടപ്പാലങ്ങളോ, നടപ്പാതകളോ നിർമ്മിക്കേണ്ട സ്ഥാനങ്ങൾ

I കുറിച്ചിത്തോട്ടിൽ മുളക്കൽ പുരയിടത്തിന് സമീപം നടപ്പാലം നിർമ്മിക്കുക.

നേർച്ചപ്പാറത്തോടിന് കുറുകെ നടപ്പാലം നിർമ്മിക്കുക.

പാറത്തോട്ടാ തോടിന് കുറുകെ നടപ്പാലം നിർമ്മിക്കുക.

II കുമ്മംങ്കല്ലിൽ പാറത്തോടിനു കുറുകെ നടപ്പാലം നിർമ്മിക്കുക.

III ചവറനാ കൊച്ചുമറ്റം കവല നടപ്പുവഴി നട കെട്ടി സഞ്ചാരയോഗ്യമാക്കുക.

നാഗാർജ്ജുന-പനമറ്റം നടപ്പുവഴി നടകെട്ടി സഞ്ചാരയോഗ്യമാക്കുക.

ചവറന തോട്ടിൽ റബ്ബർ നഴ്സറിക്ക് സമീപവും പനമറ്റം തോട്ടിൽ അമ്പലത്തിനു സമീപവും ഓരോ നടപ്പാലം നിർമ്മിക്കുക.

IV കാര്യാമഠം-പാത്തിക്കപ്പാറ റോഡിൽ ഈറ്റക്കാടിനു സമീപം കലുങ്ക് നിർമ്മിക്കുക.

ആലക്കോട്-തെക്കുംഭാഗം റോഡിൽ പുലക്കുടിപ്പറമ്പിനു സമീപം കലുങ്ക് നിർമ്മിക്കുക.

V. ആലക്കോട്-ഇഞ്ചായാനി റോഡിൽ പാറ ഭാഗത്ത് നട കെട്ടി സഞ്ചാര യോഗ്യമാക്കണം.

ഇഞ്ചിയാനി-കുടിലപ്പാറ റോഡിൽ ചാമക്കാലാ പ്പറമ്പിലും, മാങ്കൂട്ടം പറമ്പിലും പാലപ്പിള്ളി ഭാഗത്തുമായി 3 കലുങ്ക് നിർമ്മിക്കണം.

VI. പാറത്തോട്ട കോളനിയിലേക്ക് പാറത്തോട്ടഭാഗത്ത് അഞ്ചിരിത്തോടിന് കുറുകെ നടപ്പാത നിർമ്മിക്കുക.

തച്ചേറ്റുപാറ റോഡിൽ കലുങ്കുകൾ നിർമ്മിക്കുക.

ഇല്ലത്ത് പുരയിടത്തിന് സമീപം ഇടവഴിയിലും കരിക്കുളം പാറയിലും നട്പ്പാത കെട്ടി സഞ്ചാര യോഗ്യമാക്കുക.

VII മഞ്ഞപ്ര-ശങ്കരപ്പിള്ള റോഡിവൽ തെങ്ങുംപ്പിള്ളി തോടിന് കുറുകെയും പള്ളിവാതുക്കൽത്തോട്ടിലും കലിങ്ക് നിർമ്മിക്കുക.

VIII കുട്ടപ്പൻ കവലയും സമീപ ആഫീസ് വാതിലിൽ PWD റോഡ് കലിങ്ക് നിർമ്മിക്കുക.

പൊതുനിർദ്ദേശങ്ങൾ

1. തൊടുപുഴ-പൂമാലറോഡ് കുളമാവുവരെ നീട്ടുകയും, ഈ വഴി ബസ്സ് സർവ്വീസ് നടത്തുകയും ചെയ്യുക.
2. തൊടുപുഴ നിന്നുള്ള ചില ദീർഘദൂരസർവ്വീസുകൾ ആനക്കയം കാഞ്ഞാർ-മൂലമറ്റം വഴി തിരിച്ചുവിടുക.
3. നിർദ്ദിഷ്ട മലയോരസംസ്ഥാനപാത മൂലമറ്റത്തുനിന്നും ആനക്കയം വഴി നിർമ്മിക്കുക.
4. തൊടുപുഴ-ആലക്കോട്-ചിലവ് വഴി കരിമണ്ണൂർ ബസ്സ് സർവ്വീസ് ആരംഭിക്കുക.
5. ആലക്കോട്-ഇഞ്ചിയാനി-ആനക്കയം വഴി തൊടുപുഴ-മൂലമറ്റം ബസ്സ് സർവ്വീസ് ആരംഭിക്കുക.
6. തൊടുപുഴ-അഞ്ചിരി-ഇഞ്ചിയാനി-ആലക്കോടുവഴി സർക്കുലർ സർവ്വീസ് ആരംഭിക്കുക.
7. അഞ്ചിരി-ഇടിവെട്ടിപ്പാറ-ഇഞ്ചിയാനി റോഡ് മലങ്കരയുമായി ബന്ധിപ്പിച്ച് ലിങ്ക്റോഡ് നിർമ്മിച്ചു ടൂറിസ്റ്റ് കേന്ദ്രങ്ങളായ ഇലവീഴാപൂഞ്ചിറയും തൊമ്മൻകുത്തുമായി ബന്ധിപ്പിക്കുക.
8. ഏഴാം വാർഡിലെ മലങ്കരആശുപത്രികവല മുതൽ മഞ്ഞപ്രവരെയുള്ള എസ്റ്റേറ്റ് റോഡ് ഏറ്റെടുത്ത് പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കുക.
9. നിർദ്ദിഷ്ട റിംഗ്റോഡ് പരിധിയിൽ ആലക്കോട് പഞ്ചായത്ത് കൂടി ഉൾപ്പെടുത്തുക.
10. കോട്ടയം-തേനി സ്റ്റേറ്റ്ഹൈവേ ആലക്കോട് പന്നിമറ്റം വഴി ആക്കുക.

ഊർജ്ജം

വൈദ്യുതി, മണ്ണെണ്ണ,വിറക്, എന്നിവയാണ് പഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസ്സുകൾ. വൈദ്യുതിയും മണ്ണെണ്ണയും വെളിച്ചത്തിനുവേണ്ടിയും, വിറക് ഭക്ഷണം പാകം ചെയ്യുന്നതിനുവേണ്ടിയും ഉപയോഗിക്കുന്നു. നാഗാർജുനാ ഫാക്ടറിയിൽ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നതിനുപയോഗിക്കുന്നത് വൈദ്യുതിയും ഡീസലുമാണ്. ഹോട്ടലുകൾ, ചായക്കടകൾ, വീടുകൾ എന്നിവ വിറകുപയോഗിക്കുന്നു. വീടുകളിൽ ചുരുക്കമായി ഗോബർഗ്യാസ് , പെട്രോളിയം ഗ്യാസ് എന്നിവ ഉപയോഗിക്കുന്നു. സോമിൽ, സാമ്രാട്ട് ഫാക്ടറികൾ തുടങ്ങിയ ചെറുകിടവ്യവസായസ്ഥാപനങ്ങളിൽ യന്ത്രങ്ങൾ പ്രവർത്തിപ്പിക്കുന്നത് വൈദ്യുതി ഉപയോഗിച്ചാണ്. ജലസേചനാവശ്യത്തിനുള്ള പമ്പ് സെറ്റുകൾ വൈദ്യുതി ഉപയോഗിച്ചും വൈദ്യുതിയില്ലാത്തിടത്ത് ഡീസൽ ഉപയോഗിച്ചും പ്രവർത്തിപ്പിക്കുന്നു. വീട്ടാവശ്യങ്ങൾക്കുള്ള പമ്പുകൾ, വാഷിംഗ് മെഷീൻ,മിക്സികൾ എന്നിവ പ്രവർത്തിപ്പിക്കുന്നത് വൈദ്യുതി ഉപയോഗിച്ചാണ്. പഞ്ചായത്ത് പ്രദേശം പെട്രോളിയം ഗ്യാസ് വിതരണമേഖലയിൽ പെടു

ത്തിയിട്ടില്ലാത്തതിനാൽ പെട്രോളിയം ഗ്യാസിന്റെ ഉപയോഗം സർവ്വസാധാരണമായിട്ടില്ല.

ഊർജ്ജത്തിനു പ്രധാനമായി ഉപയോഗിക്കുന്ന ജൈവദ്രവ്യം വിറകാണ്. റബർകൃഷി ധാരാളമുള്ളതുകൊണ്ടും, ഒരു പരിധിവരെ തെങ്ങുൽപ്പന്നങ്ങൾ ലഭിക്കുന്നതുകൊണ്ടും,ചാണകം, ചപ്പുചവറുകൾ എന്നിവ കത്തിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കേണ്ടിവരുന്നില്ല. ചില സ്ഥലങ്ങളിൽനിന്നും സ്ത്രീകൾ വിറകുശേഖരിക്കുന്നതിന് പഞ്ചായത്തിന്റെ ഇതരഭാഗങ്ങളിലേക്ക് പോകാറുണ്ട്. എങ്കിലും 2 കി.മീ-ൽ കൂടുതൽ അകലത്തിൽ പോകേണ്ടിവരുന്നില്ല.

വൈദ്യുതി ഉപയോഗം സംബന്ധിച്ച കണക്കുകൾ

1. നിലവിലുള്ള ഉപഭോക്താക്കൾ

1. ഗാർഹികം -1972
2. വാണിജ്യം -249
3. വ്യവസായം -43
4. കാർഷികം -80

2. കണക്ഷൻ ലഭിക്കാൻബാക്കിയുള്ളവരുടെയെണ്ണം

1. ഓർഡിനറി -109
2. OTP-15
3. OYCE -15

3. തൽ വർഷം നൽകിയ കണക്ഷനുകൾ

1. ഓഡിനറി -3
2. OTP-7
3. OYCE -34

4. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണത്തിനു സ്ഥാപിച്ചിട്ടുള്ള ട്രാൻഫോർമറുകൾ

ആലക്കോട് ബ്ലോക്ക് -1
ആലക്കോട് പഞ്ചായത്ത്-1
ചിലവ് -1
അഞ്ചിരി-1
ഇഞ്ചിയാനി-1
ആനക്കയം-1
ആകെ - 6

5. വൈദ്യുതീകരിച്ച് ഹരിജൻ കോളനികൾ

1. ഹരിജൻ കോളനി എണ്ണം -1
2. പേര് - അഞ്ചിരി ഹരിജൻ കോളനി
3. വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ-25
4. സൗജന്യ സ്ലാബിൽ വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങൾ-5
5. പണം നൽകി വൈദ്യുതി ഉപയോഗിക്കുന്ന കുടുംബങ്ങൾ-20

6. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള വഴി വിളക്കുകളുടെ വിവരങ്ങൾ

1. വഴിവിളക്കുകളുടെ എണ്ണം 40 W-60
   60 W-22
2. വഴി വിളക്കുകൾക്കുവേണ്ടി പ്രതിമാസം അടയ്ക്കുന്ന തുക. - **886 രൂപ**

പൊതുവിൽ എല്ലാ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ട് എങ്കിലും വൈദ്യുതീകരിക്കാത്ത വീടുകൾ ഉള്ള പ്രദേശങ്ങൾ ഓരോ വാർഡിലും ഉണ്ട്. വൈദ്യുതി വിതരണത്തിൽ രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപെടുന്നു.

പഞ്ചായത്തിലുള്ള മൊത്തം വഴിവിളക്കുകളുടെ എണ്ണം 82 മാത്രമാണ്. അതും കൃത്യമായി തെളിയുന്നില്ല. പഞ്ചായത്തിന്റെ വിസ്തീർണ്ണവും റോഡുകളുടെ നീളവും കണക്കിലെടുത്താൽ വഴിവിളക്കുകളുടെ എണ്ണം തൃപ്തികരമല്ല.

വൈദ്യുതി എത്താത്ത പ്രദേശങ്ങളുടെ വാർഡുതിരിച്ചുള്ള പട്ടിക.

വാർഡ് 1. ആച്ചിക്കൽ, കച്ചിറപാറ, കുമ്മായതൊട്ടിപാറ, കൊച്ചുപറമ്പിൽ കോളനി

2. പറയക്കാട്ട് കോളനി
3. ചവറനാൽ കിഴക്കേകോളനി, കച്ചിറപ്പാറയുടെ താഴ്ഭാഗം
4. കുറിച്ചിപാടത്തിന് തെക്ക് കിഴക്കുഭാഗം
5. കുടിലിപ്പാറ, വേങ്ങപ്പാറ, ശവക്കോട്ടപ്പാറ, പുനരധിവാസകോളനി, കർഷകതൊഴിലാളി കോളനി.
6. ഇടിവെട്ടിപ്പാറ, പാറത്തോട്ടകോളനി,
7. വാർഡിന്റെ തെക്കുഭാഗം, പഞ്ചായത്തുകോളനി.
8. പഞ്ചായത്തുകോളനി, നത്തുമലഭാഗം

വഴിവിളക്കുകൾ സ്ഥാപിക്കേണ്ട റോഡുകൾ

1. ആലക്കോട്- കരിമണ്ണൂർ റോഡിൽ ആലക്കോടുമുതൽ മാരംപാറ വരെ.
2. ചിലവ് - ചാലാശ്ശേരിറോഡിൽ- അതിർത്തിവരെ
3. കലയന്താനി- ചിലവുറോഡിൽ ചിലവുവരെ
4. തെക്കുംഭാഗം - ആനക്കയം റോഡിൽ ഇഞ്ചിയാനി മുതൽ ആനക്കയംവരെ.
5. അഞ്ചിരി-തെക്കുഭാഗം റോഡിൽ കുട്ടപ്പൻ കവല മുതൽ കണ്ണിക്കാട്ട് കവല വരെ.
6. തലയനാട്-മഞ്ഞപ്ര റോഡിൽ തലയനാട് പള്ളി മുതൽ മലങ്കരവരെ
7. തലയനാടു സ്കൂൾ കവല മുതൽ തലയനാട് പള്ളി വരെ.
8. ആനക്കയം - കോളപ്ര എം.വി.ഐ.പി. റോഡിൽ ആനക്കയം മുതൽ കോളപ്ര പാലം വരെ.
9. ആലക്കോട് -തെക്കുഭാഗം റോഡിൽ ആലക്കോടു മുതൽ തെക്കുംഭാഗം വരെ.
10. ഇഞ്ചിയാനി-അഞ്ചിരികവല റോഡിൽ കാക്കൂർ കട

മുതൽ ഇഞ്ചിയാനി സ്കൂൾ കവല വരെ.

11. അഞ്ചിരികവല മുതൽ ഇഞ്ചിയാനി സ്കൂൾ വരെ.

12. റിസീവർക്കവലമുതൽ ഇഞ്ചിയാനിവരെ.

13. ആലക്കോട് മുതൽ കച്ചിറ വരെ.

ഊർജ്ജ രംഗത്ത് നേരിടുന്ന പ്രശ്നങ്ങൾ

1. രൂക്ഷമായ് വോൾട്ടേജ് ക്ഷാമം
2. ആവശ്യത്തിന് വഴിവിളക്കുകൾ ഇല്ല.
3. ഊർജ്ജോപയോഗം കുറയ്ക്കുന്നതിനുള്ള ബോധവല്കരണം നടക്കുന്നില്ല.
4. ഇന്ധനക്ഷമത കൂടിയ അടുപ്പുകളുടെ ഉപയോഗം സാർവ്വത്രികമല്ല
5. ഊർജ്ജലാഭമുള്ള വൈദ്യുതിവിളക്കുകൾ പ്രചാരത്തിലില്ല.

പ്രശ്ന പരിഹാര നിർദ്ദേശങ്ങളും സാധ്യതകളും

1. പഞ്ചായത്തു റോഡുകളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
2. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിലും കവലകളിലും സോഡിയം വേപ്പർ ലാംപുകൾ സ്ഥാപിക്കുക.
3. കൂടുതൽ ട്രാൻഫോർമറുകൾ സ്ഥാപിക്കുക.
4. ഇപ്പോൾ തൊടുപുഴയിൽ നിന്നും ഒരു 11 KV ലൈനിൽ കൂടിയാണ് പഞ്ചായത്തിന്റെ എല്ലാഭാഗത്തും വൈദ്യുതി എത്തുന്നത്. അത് തെക്കും വടക്കുംമായി രണ്ട് 11ഗഢ ലൈനുകൾ സ്ഥാപിച്ച് പ്രസരണശേഷി വർദ്ധിപ്പിക്കണം.
5. തൊടുപുഴയിൽ ഇന്നുള്ള സബ്സ്റ്റേഷന്റെ ശേഷി 220KV ആയി ഉയർത്തുക.
6. ബയോഗ്യാസിന്റെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ബോധവല്കരണം നടത്തുകയും ഗവൺമെന്റ് സബ്സിഡി വർദ്ധിപ്പിക്കുയും ചെയ്യുക.
7. ഭക്ഷത കുറഞ്ഞ അടുപ്പുകൾ പ്രചരിപ്പിക്കുകയും അവ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിഞ്ജാനം പഞ്ചായത്തിലുള്ള നിർമ്മാണ തൊഴിലാളികൾക്ക് നൽകുകയും ചെയ്യുക.
8. സൗരോർജ്ജം ഉപയോഗിക്കുന്നതിനുള്ള ബോധവല്കരണവും സാങ്കേതിക പരിശീലനവും നൽകുക.
9. സാമൂഹ്യവനവല്കരണം പ്രോത്സാഹിപ്പിക്കുകയും പുറമ്പോക്കു ഭൂമികളിൽ മരങ്ങൾ വച്ചുപിടിപ്പിക്കുകയും ചെയ്യുക.
10. പെട്രോളിയം ഗ്യാസ്സിന്റെ വിതരണമേഖലയിൽ ആലക്കോട് പഞ്ചായത്തുകൂടി ഉൾപ്പെടുത്തുക.
11. ആലക്കോട് കേന്ദ്രമാക്കി ഒരു പെട്രോൾ പമ്പ് അനുവദിക്കുക.

നിർദ്ദേശിക്കപ്പെടുന്ന ചില മിനിവൈദ്യുതി പദ്ധതികൾ

1. ഒന്നാം വാർഡിൽനിന്നും മൂന്നാം വാർഡിലേക്കൊഴുകുന്ന പാറത്തോട്ടതോട്ടിൽ ആച്ചിക്കൽ ഭാഗത്തുള്ള അരയൻ ഗവി വെള്ളച്ചാട്ടത്തിൽ നിന്നും വാദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള മിനി ജല വൈദ്യുതി.
2. ഒന്നാം വാർഡിലെ കുറിച്ചി തോട്ടിലെ വെള്ളച്ചാട്ടത്തിൽ നിന്നും മിനി വൈദ്യുതി പദ്ധതിമൂലം വൈദ്യുതി ഉല്പാദിപ്പിക്കാം.
3. മലങ്കര റിസർവോയറിലെ വെള്ളം മഞ്ഞപ്ര മലയിൽ അടിച്ചുകയറ്റി 300 അടി താഴ്ചയിലേക്ക് ചാടിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാവുന്നതാണ്. മിച്ചം വരുന്ന ജലം ജലസേചനത്തിനുപയോഗിക്കാവുന്നതുമാണ്.
4. എട്ടാം വാർഡിലെ ആനക്കയത്ത് വടക്കനാറ്റിൽ ഒരു ജലവൈദ്യുതപദ്ധതിക്കുള്ള സാധ്യതയുണ്ട്.



ആനക്കയത്ത് ജലവൈദ്യുതപദ്ധതിക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലം

"സ്വന്തം ശ്രമം കൊണ്ട്
തങ്ങളുടെ സ്ഥിതിക്ക് മാറ്റം
വരുത്താമെന്ന് ജനസാമാന്യത്തിന്
എപ്പോൾ തോന്നുന്നുവോ അപ്പോൾ
മാത്രമാണ് ഭാരതം പൂർണ്ണ സ്വാതന്ത്ര്യം
കൈവരിക്കുന്നത്"

ഗാന്ധിജി

5.7

പാർപ്പിടവും സാമൂഹ്യക്ഷേമവും

ആലക്കോട്, കരിമണ്ണൂർ വില്ലേജുകളിലായികിടക്കുന്ന ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ഇടത്തരം കർഷകരും കർഷകത്തൊഴിലാളികളുമാണ്. അതുകൊണ്ടുതന്നെ വീടുകളിൽ ഇടത്തരം വീടുകളും ഓലമേഞ്ഞ കുടിലുകളുമാണ് കൂടുതൽ വീടുകളുടെ തരംതിരിവുപട്ടിക വാർഡ് അടിസ്ഥാനത്തിൽ പട്ടിക-1 ൽകൊടുക്കുന്നു.

ഈ പട്ടികയിൽ ഓടുവെച്ച വീടുകൾ 1388 എണ്ണം കാണുന്നുണ്ടെങ്കിലും ആ വീടുകളിൽ നല്ലൊരുപങ്കും ആവശ്യത്തിന് വിസ്തീർണ്ണമോ, സൗകര്യങ്ങളോ ഇല്ലാത്തവയാണ്.

പഞ്ചായത്തിലെ കോളനികളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങൾ പട്ടിക-2 ൽ കൊടുക്കുന്നു.

മറ്റുകോളനികൾ എന്നതുകൊണ്ടുദ്ദേശിക്കുന്നത് 10 സെൻറും അതിൽ താഴെയും സ്ഥലം സ്വന്തമായി വാങ്ങി ഓരോ പ്രദേശത്തും അടുത്തടുത്തുതാമസിക്കുന്ന കുടുംബങ്ങളേയാണ്.

പട്ടിക-1

വാർഡ്	ആകെ വീട്	ബഹുനില കോൺക്രീറ്റ്	കോൺക്രീറ്റ്	ഓട്	കുടിൽ	താണതരം ഷീറ്റ്
1	339	4	24	185	121	5
2	297	1	10	199	83	4
3	365	11	27	223	98	6
4	280	5	26	209	36	4
5	322	5	20	145	142	10
6	279	–	17	145	107	10
7	136	1	10	112	8	45
8	325	4	29	170	116	6
ആകെ	2253	31	163	1388	711	50

പട്ടിക-2

വാർഡ് നമ്പർ	ലക്ഷം വീട് കോളനി	മറ്റ് അംഗീകൃത കോളനികൾ	മറ്റ് കോളനികൾ	ഹരിജൻ കോളനികൾ
I	2	-	3	-
II	-	-	2	-
III	1	1	3	-
IV	-	-	1	-
V	1	2	4	-
VI	-	-	1	1
VII	-	1	1	-
VIII	-	1	1	1

ഒന്നാം വാർഡിലെ കച്ചിറപ്പാറഭാഗത്തുള്ള 25 കുടുംബങ്ങളിൽ 16 കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചിട്ടില്ല. അധികവും കുടിലുകളാണ്. കൈവശാവകാശം മാത്രമുള്ള കർഷകത്തൊഴിലാളികൾ മാത്രം അധിവസിക്കുന്ന പാറപ്രദേശമാണത്.

ഒന്നാം വാർഡിൽത്തന്നെയുള്ള ചിലവ് ലക്ഷംവീട് കോളനിയിൽ 40 കുടുംബങ്ങൾ താമസിക്കുന്നു.

രണ്ടാം വാർഡിൽ ചിലവ് മുസ്ലീം പള്ളിക്കുസമീപപ്രദേശത്തും, പാട്ടോളി പ്രദേശത്തും പത്തുസെന്റിൽ താഴെ ഭൂമിയുള്ള കർഷകത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നു.

മൂന്നാം വാർഡിൽ ചവറനായിൽ 48 വീടുകളുള്ള ഒരു അംഗീകൃത കോളനിയും കുണ്ടംകാനാപ്രദേശത്ത് 5 സെൻറ് പട്ടയഭൂമി വീതമുള്ള പ്ലോട്ടുകളിൽ സ്ഥിതിചെയ്യുന്ന 25 വീടുകളുടെ ഒരു കോളനിയും സ്ഥിതിചെയ്യുന്നു. വാർഡിലെ ദരിദ്രവിഭാഗങ്ങളിൽപെട്ട ജനങ്ങൾ അധികവും കുടിലുകളിലാണ് താമസിക്കുന്നത്.

നാലാം വാർഡിൽ കുറിച്ചിപ്പാടത്തിന് മുകളിലായി 10 സെന്റിൽ താഴെ ഭൂമിയുള്ള 15 കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു. അഞ്ചാംവാർഡിൽ ഇഞ്ചിയാനി ലക്ഷംവീടു കോളനിയും, പഞ്ചായത്തിൽനിന്നും നൽകിയ 4 സെൻറ് ഭൂമിയിൽ കുടിൽകെട്ടി നിർദ്ധനരായ ആളുകൾ താമസിക്കുന്ന 3 കോളനികളും ഉണ്ട്. അതുപോലെ ഈ വാർഡിലെ കുടിലിപ്പാറ ഭാഗത്ത് 16 ഓലമേഞ്ഞ കുടിലുകളുമുണ്ട്

ആറാംവാർഡിൽ ഇടവെട്ടിപ്പാറ ഹരിജൻകോളനിയും പട്ടയം ലഭിച്ചിട്ടില്ലാത്തതാണ്. കൈവശാവകാശം മാത്രമുള്ള കർഷകതൊഴിലാളികുടുംബങ്ങൾ അവിടെ കുടിൽ കെട്ടി താമസിക്കുന്നു. ഇടവെട്ടിപ്പാറയുടെ കിഴക്കുഭാഗത്തായി പാറത്തോട്ടാഭാഗത്ത് 15 കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു.

ഏഴാംവാർഡിൽ മഞ്ഞപ്രഭാഗത്ത് 4 സെൻറ് ഭൂമി വീതം നൽകിയിരിക്കുന്ന പഞ്ചായത്ത് കോളനിയും. ഒരു ഹരിജൻ ഹാബിറ്റാറ്റും ഉണ്ട്.

എട്ടാം വാർഡിൽ അംഗീകൃത ഹരിജൻ കോളനിയിൽ 60 കുടുംബങ്ങൾ അധിവസിക്കുന്നു. ആനക്കയത്ത് 15 വീടുകളുടെ മറ്റൊരു കോളനിയുമുണ്ട്. വീടുകൾ ഓലമേഞ്ഞവയുമാണ്. പാലപ്പള്ളിഭാഗത്ത് ഭൂരഹിത കർഷകത്തൊഴിലാളികൾക്കായി 4 സെൻറ്, 3 സെൻറ് ക്രമത്തിൽ 102 പ്ലോട്ടുകൾ പഞ്ചായത്ത് നൽകിയിട്ടുണ്ട്. എങ്കിലും അവിടെ വീടുകൾ ഭൂരിഭാഗവും നിർമ്മിച്ചിട്ടില്ല. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങൾ അപര്യാപ്തമാണ്. പഞ്ചായത്ത് നൽകിയിട്ടുള്ള 4 സെൻറ് വീതമുള്ള പ്ലോട്ടുകളിൽ പലതും പ്രത്യേകിച്ച് പാലപ്പിള്ളി ഭാഗത്ത് വീടു നിർമ്മാണത്തിന് അനുയോജ്യമായവയല്ല. സ്ഥലമല്ലാതെ വീടുകൾ നിർമ്മിക്കാനുള്ള സഹായധനമോ മാർഗ്ഗനിർദ്ദേശമോ ഇന്നത്തെ അവസ്ഥയിൽ പഞ്ചായത്ത് നൽകുന്നില്ല. പട്ടയം ഇല്ലാത്തതിനാൽ കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ദുർബ്ബലവിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണ പദ്ധതിയുടെ ഗുണഫലങ്ങൾ പ്ലോട്ട് ലഭിച്ചവർക്ക് കിട്ടുന്നുമില്ല.

പഞ്ചായത്തിൽ ഹൗസിംഗ് സൊസൈറ്റികളോ, ഭവനനിർമ്മാണത്തിന് വായ്പ നൽകുന്ന മറ്റ് ധനകാര്യസ്ഥാപനങ്ങളോ പ്രവർത്തിക്കുന്നില്ല.

കെട്ടിടനിർമ്മാണ സാമഗ്രികളുടെ അമിതമായ വിലവർദ്ധനവ്, അവയുടെ ലഭ്യതയില്ലായ്മ, ഗതാഗത സൗകര്യമില്ലായ്മ, ഗതാഗതചെലവിലുണ്ടായ വർദ്ധനവ്, നിർമ്മാണത്തൊഴിലാളികളുടെ വർദ്ധിച്ച കൂലിനിരക്ക്, അവരുടെ ലഭ്യതയില്ലായ്മ, ഭൂമിയുടെ ക്രമാതീതമായ വിലവർദ്ധനവ്, ജലക്ഷാമം, സാമ്പത്തിക പരാധീനത തുടങ്ങിയ കാരണങ്ങൾ സാധാരണക്കാരന് പാർപ്പിടനിർമ്മാണത്തിന് വിലങ്ങുതടിയാകുന്നു. കേന്ദ്രസംസ്ഥാനഗവൺമെന്റുകളുടെ ഓരോ ബജറ്റും സാധാരണക്കാരന്റെ പാർപ്പിടനിർമ്മാണ സ്വപ്നങ്ങളെ തകിടം മറിക്കുന്നു.

വാസ്തവത്തിൽ പാർപ്പിടനിർമ്മാണത്തിന് ഏറ്റവും വൈഷമ്യമനുഭവിക്കുന്നവർ പഞ്ചായത്തിലെ ഇടത്തരക്കാരായ ജനങ്ങളാണ്. ദുർബ്ബലവിഭാഗങ്ങൾക്ക് സബ്സിഡിയോടുകൂടിയ ഭവനനിർമ്മാണ പദ്ധതികളുണ്ട്. എന്നാൽ വളരെ വിഷമിച്ച് ജീവിതത്തിന്റെ രണ്ടറ്റവും കൂട്ടിമുട്ടിക്കുവാൻ ശ്രമിക്കുന്ന ഇടത്തരം കർഷകർക്ക് കാര്യമായ സഹായമൊന്നും ഈ രംഗത്ത് ലഭിക്കുന്നില്ല. അവരുടെ സർവ്വസമ്പാദ്യങ്ങളും സ്വരൂപിച്ചാലും ഒരു വീടു പണിയുകയെന്നത് ദുഷ്ക്കരമായിരിക്കുന്നു.

ദുർബ്ബലവിഭാഗങ്ങൾക്ക് വിവിധപദ്ധതികളിൽപ്പെടുത്തി 1995-96 വരെ അനുവദിച്ച വീടുകളുടെ എണ്ണവും, വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണവും സംബന്ധിച്ച് I.R.D.P. സർവ്വേയിൽ നിന്നും ലഭിച്ച വിവരങ്ങൾ പട്ടിക - 3 ൽ ക്കൊടുക്കുന്നു.

കോളനികളിൽ മാത്രമല്ല കർഷകത്തൊഴിലാളികളുടേയും നാമമാത്രകർഷകരുടേയും ഇടത്തരം കർഷകരുടേയും വീടുകളിലും വീടുകളോടനുബന്ധിച്ച് പ്രാഥമികകൃത്യങ്ങൾ നിർവ്വഹിക്കുകന്നതിനുള്ള സൗകര്യങ്ങളുടെ അഭാവം ഒരു വലിയപ്രശ്നമാണ്. IRDP സർവ്വേപ്രകാരമുള്ള കക്കൂസുകളെ സംബന്ധിച്ച കണക്ക് പട്ടിക-4 യിൽ ക്കൊടുക്കുന്നു.

ഈ പട്ടികയിൽനിന്നും വീടും, കക്കൂസും ആവശ്യമുള്ളവരിൽ 10 ശതമാനത്തിനുപോലും അവ നൽകുവാൻ കഴിഞ്ഞിട്ടില്ലന്നു കാണാം.

കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മാണച്ചെലവ് പതിന്മടങ്ങ് വർദ്ധിച്ചിട്ടുണ്ടെങ്കിലും കോൺക്രീറ്റ് കെട്ടിടനിർമ്മാണത്തോടാണ് പൊതുവിൽ ആഭിമുഖ്യം.

പാർപ്പിടനിർമ്മാണരംഗത്ത് പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ താഴെപ്പറയുന്നു.

1. ഭവനനിർമ്മാണവായ്പ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്

പട്ടിക - 3

വാർഡ് നമ്പർ	വീട് ആവശ്യ മുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പദ്ധതികളിൽ അനുവദിച്ചി വീടുകളുടെ എണ്ണം	പൂർത്തിയാക്കിയ വീടുകൾ	അനുവദിച്ചതിൽ പൂർത്തിയാക്കിയത്	ഇനിയും അനുവദിക്കേണ്ട വീടുകൾ
I	20	3	3	-	17
II	40	-	-	-	40
III	39	3	3	-	36
IV	10	2	1	1	8
V	50	1	1	-	49
VI	20	3	3	-	17
VII	5	1	1	-	4
VIII	55	10	8	2	45
ആകെ	239	23	20	3	216

പട്ടിക-4

വാർഡ് നമ്പർ	IRDP സർവ്വേ പ്രകാരം കക്കൂസുകൾ ഇല്ലാത്ത വീടുകൾ	വിവിധ പദ്ധതികളിൽ അനുവദിച്ചവ	പൂർത്തിയാക്കിയവ	ഇനിയും കക്കൂസുകൾ വേണ്ടകുടുംബങ്ങളുടെ എണ്ണം
I	97	4	4	93
II	90	1	1	89
III	100	42	42	58
IV	50	8	8	42
V	155	5	5	150
VI	59	2	2	57
VII	30	-	-	30
VIII	95	-	-	95
ആകെ	676	62	62	614

2. ഭവനനിർമ്മാണ സഹകരണസംഘത്തിന്റെ കുറവ്

3. നിർമ്മാണസാമഗ്രികളുടെ അമിതമായ വിലവർദ്ധനവും, അവ ലഭിക്കുന്നതിനും ലഭ്യമായവ നിർമ്മാണരംഗത്ത് എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ടും.

4. സാമ്പത്തിക പരാധീനത

5. ചിലവുകുറഞ്ഞ വീടുനിർമ്മാണത്തെപ്പറ്റിയുള്ള അറിവില്ലായ്മ

6. നിർമ്മാണത്തൊഴിലാളികളുടെ വർദ്ധിച്ച വേതനനിരക്കും, അവരുടെ ലഭ്യതയില്ലായ്മയും

7. പേരിൽ ആധാരമോ, പട്ടയമോ ഇല്ലാത്ത അവസ്ഥ

8. ഭൂമിയുടെ ക്രമാതീതമായ വിലവർദ്ധനവ്

പഞ്ചായത്തിലെ എട്ടുഗ്രാമസഭകളും പാർപ്പിട നിർമ്മാണപ്രശ്നത്തെക്കുറിച്ച് ചർച്ചനടത്തി. ആ ചർച്ചകളിൽ ഉയർന്നുവന്ന പരിഹാരനിർദ്ദേശങ്ങൾ താഴെക്കൊടുക്കുന്നു.

1. പട്ടയമില്ലാത്തവർക്ക് അതാതു തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന ഭൂമിയുടെ കൈവശാവകാശസർട്ടിഫിക്കറ്റിന്റേയും, പണിയുന്ന വീടിന്റേയും ജാമ്യത്തിൽ ഭവനനിർമ്മാണവായ്പ ലഭ്യമാക്കാൻ തക്കവണ്ണം നിയമങ്ങൾ ഭേദഗതിചെയ്യുക

2. പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ സഹകരണസംഘം രൂപികരിക്കുക

3. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ഭവനനിർമ്മാണ പ്രവർത്തനങ്ങളിൽ പരിശീലനം നൽകുക. അതുവഴി നിർമ്മാണത്തൊഴിലാളികളുടെ ലഭ്യത വർദ്ധിപ്പിക്കാം.

4. പഞ്ചായത്തിൽ ഒരു ഭവനനിർമ്മാണ ഉപദേശകസമിതി രൂപികരിക്കുക

5. ഇടത്തട്ടുകാർക്ക് ഭവനനിർമ്മാണ വായ്പ കുറഞ്ഞ പലിശനിരക്കിൽ നൽകാനുള്ള സംവിധാനം പഞ്ചായത്തുതലത്തിൽ ഉണ്ടാക്കുക.

6. നിർമ്മിതി കേന്ദ്രങ്ങളുടെ പ്രവർത്തനം പഞ്ചായത്തിനോടനുബന്ധിച്ചാക്കുക.

7. ചിലവുകുറഞ്ഞ കെട്ടിടനിർമ്മാണരീതി പ്രചരിപ്പിക്കുക

8. പരിസ്ഥിതിക്ക് അനുയോജ്യമായ കെട്ടിടനിർമ്മാണരീതികളെക്കുറിച്ച് ജനങ്ങളെ ബോധവത്ക്കരിക്കുക

9. ചിലവുകുറഞ്ഞ വീടുകളുടെ പ്ലാനും എസ്റ്റിമേറ്റും പഞ്ചായത്തിൽനിന്നും ലഭിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക

10. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിപണനത്തിനായി ലാഭനഷ്ടമില്ലാതെ പ്രവർത്തിക്കുന്ന ഒരു സ്ഥാപനം താലൂക്കടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ച് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിർദ്ദേശപ്രകാരം യഥാർത്ഥ ഉപഭോക്താക്കൾക്ക് വസ്തുക്കൾ വിതരണം ചെയ്യുക

11. ലക്ഷംവീടുകോളനികൾ, ഹരിജൻകോളനികൾ ഇവയിൽ വർഷങ്ങൾക്കുമുമ്പു നൽകിയ വീടുകൾ ഇന്ന് ജീർണ്ണാവസ്ഥയിലാണ്. അവയുടെ അറ്റകുറ്റപ്പണി നടത്തുവാൻ യുദ്ധകാലാടിസ്ഥാനത്തിൽ പദ്ധതികളാവിഷ്കരിക്കുക

12. പഞ്ചായത്തടിസ്ഥാനത്തിൽ ലേബർ കോൺട്രാക്ട് സൊസൈറ്റികൾ രൂപവത്ക്കരിക്കുക

13. വൈദ്യുതീകരിക്കാത്ത ദുർബ്ബലവിഭാഗങ്ങളുടേയും ഹരിജനങ്ങളുടേയും വീടുകൾ വൈദ്യുതീകരിക്കുക.

സാമൂഹ്യക്ഷേമം

സുമൂഹ്യക്ഷേമരംഗത്ത് കേരളത്തിനുതന്നെ മാതൃകയായി തെരഞ്ഞെടുക്കാവുന്ന ഒരു പഞ്ചായത്താണ് ആലക്കോട്.

ഈ പഞ്ചായത്തിലെ 10 വയസ്സിനും 70 വയസ്സിനും ഇടയ്ക്കുള്ള എല്ലാ ആളുകളേയും ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിയുടെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ പെടുത്തി ഇൻഷ്വർ ചെയ്തിരിക്കുകയാണ്. ഇതിനുള്ള ഒരു വർഷത്തേക്കുള്ള പ്രമീയം തുക ലൂണാർ റബ്ബേഴ്സ് സ്പോൺസർ ചെയ്തു എന്നകാര്യം എടുത്തുപറയേണ്ടതാണ്. ഈ പദ്ധതിപ്രകാരം അപകടമരണത്തിൽപ്പെടുന്ന വ്യക്തിയുടെ ആശ്രിതർക്ക് പതിനായിരം രൂപ ആനുകൂല്യമായി ലഭിക്കും. ഇത്തരത്തിലുള്ള ആനുകൂല്യം ഈ പഞ്ചായത്തിലെ അപകടമരണത്തിൽപെട്ടവരുടെ ആശ്രിതർക്ക് ലഭിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്രരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്രനിർമ്മാർജ്ജനപദ്ധതികളും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

1. കേന്ദ്രസംസ്ഥാന ഗവ.മെൻറുകൾ വഹിക്കുന്ന പദ്ധതികൾ

2. തൊഴിലാളി -തൊഴിലുടമ സഹകരണത്തോടെ ക്ഷേമപദ്ധതികൾ വഴി നടത്തപ്പെടുന്നവ.

ഇതിനുപുറമെ പട്ടികജാതി വികസനകോർപ്പറേഷനും, വനിതാ- വികസനകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളുടെ പ്രയോജനം നമ്മുടെ പഞ്ചായത്തിൽ അർഹരായവരിൽ പലർക്കും ലഭിച്ചിട്ടില്ല. ഈ പദ്ധതികളുടെ ആവിഷ്കാരത്തെക്കുറിച്ചും, നടത്തിപ്പിനെക്കുറിച്ചും സാമാന്യജനങ്ങൾക്കുള്ള അജ്ഞത, അപേക്ഷാക്രമത്തിന്റെ നൂലാമാലകൾ, ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരോട് ധനകാര്യസ്ഥാപനങ്ങൾക്കുള്ള അവഗണന തുടങ്ങിയ ഘടകങ്ങൾ ഈ പദ്ധതികളുടെ ഗുണഫലങ്ങൾ ജന

IRDP സർവ്വേ സഹായ ലഭ്യത 1994-95 പട്ടിക-5

വാർഡ് നമ്പർ	സർവ്വേ ആകെ കുടുംബങ്ങളുടെ എണ്ണം	SC/ST	സഹായം ലഭിച്ച കുടുംബങ്ങൾ	അതിൽ SC/ST	സഹായംലഭിച്ചിട്ട് ദാരിദ്ര്യ രേഖക്കു മുകളിൽ	ദാരിദ്ര്യ രേഖക്കു താഴെ
I	133	8	18	5	3	130
II	158	-	4	-	2	156
III	133	6	31	2	10	123
IV	80	2	12	1	2	78
V	204	7	24	2	9	195
VI	109	9	12	3	6	103
VII	38	-	3	1	1	37
VIII	145	4	18	9	8	137
ആകെ	1000	36	122	23	41	959

ങ്ങളിൽ എത്തുന്നതിന് തടസ്സമാകുന്നു

ഈ പദ്ധതികൾ വഴി സഹായങ്ങൾ ലഭിച്ചവരുടെ വിവരങ്ങൾ പട്ടിക-5 ൽ കൊടുക്കുന്നു.

1994-95 ലെ I.R.D.P. സർവ്വേപ്രകാരം 74 SC/ST കുടുംബങ്ങൾ ഉൾപ്പെടെ സഹായാർഹരായി 1000 കുടുംബങ്ങൾ ഉണ്ടെങ്കിലും അവരിൽ 23 ഹരിജൻ കുടുംബങ്ങൾ ഉൾപ്പെടെ 112 കുടുംബങ്ങൾക്ക് മാത്രമേ സഹായം നൽകിയിട്ടുള്ളൂ. അവരിൽ തന്നെ 41 കുടുംബങ്ങളെ മാത്രമേ ദാരിദ്രരേഖക്ക് മുകളിലെത്തിക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. 859 കുടുംബങ്ങൾ ഇപ്പോഴും ദാരിദ്രരേഖയ്ക്ക് താഴെയാണ്. അർഹരായവരിൽ ഭൂരിഭാഗത്തിനും I.R.D.P സഹായം ലഭ്യമായില്ല എന്നതാണ് വസ്തുത. അജ്ഞതയും, സാങ്കേതികത്വത്തിന്റെ നൂലാമാലകളും, സ്വന്തംപേരിൽ കരം തീർത്ത രസീതില്ലായ്മയുമൊക്കെയാണ് കൂടുതൽപേർക്കും സഹായം കിട്ടാതിരിക്കാൻ കാരണമായത്.

I.R.D.P ഗുണഭോക്താക്കൾ പലരും ലോണെടുക്കുന്നത് അതേ ആവശ്യത്തിനായി വിനിയോഗിക്കുന്നില്ല. അതിനാൽ ഉദ്ദേശിക്കുന്ന ലക്ഷ്യം കിട്ടുന്നുമില്ല. ശരിയായ ഒരു മോണിട്ടറിംഗ് സംവിധാനം ഈ രംഗത്തില്ല. വായ്പ തിരിച്ചടക്കുന്നതിൽ വീഴ്ചവരുത്തുന്നത് കൂടുതലും ഇക്കാരണങ്ങളാലാണ്. ഒരേ പ്രദേശത്തുതന്നെ സാധ്യതകൾ നോക്കാതെ ഒരേതരം പദ്ധതികൾക്ക് വായ്പകൾ നൽകുന്നതമൂലം I.R.D.P ഗുണഭോക്താക്കളുടെ ഉൽപ്പന്നങ്ങൾക്ക് വിപണനസാധ്യതകുറയുന്നു. 1994-95 വരെ I.R.D.P വായ്പ എടുത്തവരുടെ വിനിയോഗം, പുരോഗതി എന്നിവ നിരന്തരം പഠനവിധേയമാക്കേണ്ടതാണ്.

ഈ രംഗത്ത് സർക്കാരിന്റെ നിർദ്ദേശങ്ങളിൽ കാലോചിതമായ മാറ്റം വരുത്തണം. വായ്പ എടുത്ത കുടുംബത്തെ ദാരിദ്രരേഖയ്ക്ക് മുകളിലെത്തിക്കുക എന്ന ലക്ഷ്യം സാമൂഹ്യബാധ്യതയായി എടുക്കണം. ദേശസാൽകൃതബാങ്കുകൾ വായ്പനൽകുവാൻ കാണിക്കുന്ന വൈമനസ്യം നീക്കാൻ സർക്കാർതലത്തിൽ നീക്കമുണ്ടാകണം. വായ്പ സഹകരണസംഘങ്ങൾ വഴി നൽകിയാൽ ഉപഭോക്താക്കൾക്ക് സൗകര്യമാകും. ഒരു പരിധിവരെ മോണിട്ടറിംഗും സാധിക്കും സഹകരണബാങ്കുൾക്ക് ഇതിന് ആവശ്യമായ ഫണ്ട് അനുവദിക്കുവാൻ സർക്കാർ നടപടിയെടുക്കണം. കൃത്യമായി ലോൺ തിരിച്ചടക്കുന്നവർക്കും അതേമേഖലയിൽ തന്നെ വിനിയോഗിച്ച് പുരോഗതി പ്രാപിക്കുന്നവർക്കും പ്രത്യേക പ്രോത്സാഹനം നൽകണം.

ട്രൈസം പരിശീലന ലഭ്യത

ട്രൈസം പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക-6 ൽ കൊടുത്തിരിക്കുന്നു.

ട്രൈസം ട്രെയിനിംഗിനെക്കുറിച്ച് ഉള്ള വിവരങ്ങൾ

ട്രൈസം പരിശീലന ലഭ്യത **പട്ടിക-6**

വാർഡ് നമ്പർ	പരിശീലന വിഷയം	പരിശീലനം ലഭിച്ചവരുടെ എണ്ണം	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതരതൊഴിൽ ഏർപെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
I	തയ്യൽ	1	1	-	-
II	ഇലക്ട്രോണിക്സ്	2	2	-	-
III	-	-	-	-	-
IV	ഇലക്ട്രോണിക്സ്	6	2	3	1
V	പ്ലംബിംഗ്, വെൽഡിംങ്ങ്, ടെയ്ലറിംഗ്	1 2 3	-	1	3
VI	-	-	-	-	-
VII	വയറിംഗ്	1	1	-	-
VIII	വയറിംഗ്	2	1	1	-

പഞ്ചായത്തിൽ എല്ലാവർക്കും യഥാസമയം നൽകുവാൻ സാധിക്കുന്നില്ല. പരിശീലനം ആഗ്രഹിക്കുന്നവർക്കെല്ലാം ട്രെയിനിംഗ് നൽകുവാനുള്ള സംവിധാനം നിലവിൽവരണം. പ്രത്യേകിച്ചും വനിതകൾക്ക്. വനിതകൾക്ക് വേണ്ടി നടത്തിയിരുന്ന തയ്യൽ പരിശീലനം പുനരാരംഭിക്കണം. തൊഴിൽസാധ്യതയുള്ള മേഖലകൾ കണ്ടെത്തി പരിശീലനം നൽകണം. പരിശീലകർക്ക് ലഭിക്കുന്ന സ്റ്റൈഫന്റ് തുക ഏകീകരിക്കുകയും, നിലവിലുള്ളത് വർദ്ധിപ്പിക്കുകയും ചെയ്യണം.

നമ്മുടെ പഞ്ചായത്തിൽ പരിശീലനം നേടിയവരിൽ 50% പേരും അതാതുമേഖലയിൽത്തന്നെ സ്വയംതൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

പണിയുപകരണ ലഭ്യത

ഗ്രാമീണകൈത്തൊഴിലുകാർക്ക് നവീനതൊഴിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയാണ് Tool kit. വിതരണം ചെയ്യുന്ന തൊഴിൽ ഉപകരണങ്ങൾ അതാത് ഗ്രാമീണമേഖലയ്ക്ക് അനുയോജ്യമായതും അവർക്ക് ഉപകരിക്കുന്നതും ആയിരിക്കണം. 1995 വരെ 41 പേർക്ക് Tool kit കിട്ടിയെങ്കിലും 1996 ൽ കിട്ടിയ ഉപകരണങ്ങൾ അതാതു മേഖലക്ക് അനുയോജ്യമായിരുന്നില്ല.

C.R.S.P

ദാരിദ്രരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാനുള്ള പദ്ധതിയാണ് C.R.S.P.

1996 വരെയുള്ള ഈ പദ്ധതിയനുസരിച്ച് ആനുകൂല്യം ലഭ്യമായവരുടെ വിവരങ്ങൾ പട്ടിക-7 ൽ ചേർക്കുന്നു.

കക്കൂസുകളുടെ വിതരണത്തിൽ 7,8 വാർഡുകളിൽ ഒന്നുപോലും അനുവദിച്ചിട്ടില്ല. ആ കുറവ് പരിഹരിക്കണം. അനുവദിച്ച കക്കൂസുകൾ പൂർത്തിയാക്കിയതായിക്കാണുന്നത് സന്തോഷകരമാണ് എങ്കിലും ആവശ്യക്കാരിൽ ഒരു ശതമാനത്തിനുപോലും നൽകാൻ കഴിയാത്തത് ഖേദകരമാണ്. ഈ പദ്ധതിയിൽ കക്കൂസ് നിർമ്മാണത്തിനായി നൽകുന്ന തുക കാലോചിതമായി പരിഷ്കരിക്കണം. കഴിയുന്ത്ര ഗുണഭോക്താക്കൾക്ക് ഓരോ വർഷവും പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കണം. ഓരോ വർഷവും അനുവദിക്കുന്ന കക്കൂസുകളുടെ എണ്ണം വർദ്ധിപ്പിക്കണം.

വില്ലേജ് ആഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

പെൻഷനുകൾ

കർഷകതൊഴിലാളി പെൻഷൻ, വാർധ്യക്യകാല പെൻഷൻ എന്നിവകൾക്ക് അർഹതയുള്ളവരുടേയും ലഭിക്കുന്നവരുടേയും വിവരങ്ങൾ പട്ടിക 8-ലും 9-ലുമായി കൊടുത്തിരിക്കുന്നു.

അർഹരായ മുഴുവൻപേർക്കും പെൻഷനുകൾ, നിർദ്ധനരായ വിധവകളുടെ മക്കൾക്കുള്ള വിവാഹധനസ

പട്ടിക-7

വാർഡ് നമ്പർ	സാനിട്ടറികക്കൂസ് ഇല്ലാത്തവരുടെ എണ്ണം	ഇതുവരെ അനുവദിച്ചത്	പൂർത്തീകരിച്ചത്	കക്കൂസുകൾ വേണ്ടത്
I	197	4	4	193
II	190	1	1	189
III	200	42	42	158
IV	50	8	8	42
V	205	5	5	200
VI	105	2	2	103
VII	30	-	-	39
VIII	250	-	-	250

പട്ടിക – 8

വാർഡ് തിരിച്ച് വാർദ്ധ്യകാല പെൻഷന് അർഹതയുള്ളവർ

വാർഡ് നമ്പർ	അർഹത യുള്ളവർ	നിലവിൽ കിട്ടുന്നവർ	അപേക്ഷകർ
I	25	-	25
II	18	-	18
III	30	-	30
IV	10	-	10
V	20	-	20
VI	25	-	25
VII	10	-	10
VIII	30	-	30

ഹായങ്ങൾ ഇവ കിട്ടുന്നില്ല. പെൻഷൻ ആനുകൂല്യങ്ങളെക്കുറിച്ചും, പദ്ധതികളെക്കുറിച്ചുമുള്ള അറിവില്ലായ്മ, അപേക്ഷാക്രമത്തിലെ നൂലാമാലകൾ തുടങ്ങിയ കാരണങ്ങളാൽ അർഹരായ പലർക്കും അപേക്ഷിക്കുവാൻ കഴിഞ്ഞിട്ടില്ല. ഈ പദ്ധതികളുടെ നടത്തിപ്പുചുമതല അതാത് ഗ്രാമപഞ്ചായത്തിനെ ഏൽപിക്കുന്നത് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമാണ്

അർഹരായ കർഷകത്തൊഴിലാളികളെ കണ്ടെത്തുവാൻ പഞ്ചായത്തുതലത്തിൽ സമിതി രൂപികരിച്ച് അവരുടെ നിർദ്ദേശാനുസരണം ഗുണഭോക്താക്കളെ കണ്ടെത്തണം

വിധവാപെൻഷൻ

വിധവാപെൻഷന് പ്രായപൂർത്തിയായ ആൺമക്കളുണ്ടങ്കിൽ പെൻഷൻ നൽകുന്നില്ല. ഈ അവസ്ഥമാറ്റി സാമ്പത്തിക അടിസ്ഥാനത്തിൽ പെൻഷൻ നൽകുവാനുള്ള നടപടി സ്വീകരിക്കണം.

വികലാംഗപെൻഷൻ

9 പേർക്ക് പഞ്ചായത്തിൽ കിട്ടുന്നുണ്ട്. അർഹരായ മറ്റുള്ളവർക്ക് കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

തൊഴിലില്ലായ്മ വേതനം

തൊഴിലില്ലായ്മ വേതനമായികൊടുക്കുന്ന തുക ഏതെങ്കിലും പ്രത്യുൽപാദനപരമായ മാർഗ്ഗത്തിൽ വിനിയോഗിക്കാവുന്ന തരത്തിൽ നൽകണം

അംഗൻവാടികൾ

അംഗൻവാടികളേയും അതിനോടനുബന്ധിച്ചുള്ള മഹിളാ സമാജങ്ങളേയും കുറിച്ചുള്ള വിവരങ്ങൾ പട്ടിക –10 ൽ കൊടുത്തിരിക്കുന്നു.

ഈ പഞ്ചായത്തിൽ ആകെ 10 അംഗൻവാടികൾ ആണ് ഉളളത് ഇതിൽ 1– ാം വാർഡിലുള്ള ഒരു അംഗൻവാടിക്ക് സ്വന്തമായ കെട്ടിടം ഇല്ല. ഇത് പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മറ്റ് ഉള്ളവ നേരത്തേ നിർമ്മിച്ച അംഗൻവാടികൾ ആണ്. ഈ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ കഴിഞ്ഞിട്ടില്ല. പ്രത്യേകിച്ച് ഇഞ്ചിയാനി 5–ാം വാർഡിലുള്ള 109–ാം നമ്പർ അംഗൻവാടിക്ക് അടിയന്തിരമായി അറ്റകുറ്റപ്പണികൾ ചെയ്യേണ്ടിയിരിക്കുന്നു.

കളിസ്ഥലമോ,കളിപ്പാട്ടങ്ങളോ,കക്കൂസുകളോ ഉള്ള അംഗൻവാടികൾ ഒന്നുമില്ല.

പട്ടിക – 9

കർഷക തൊഴിലാളി പെൻഷന് അർഹതയുള്ളവർ

വാർഡ് നമ്പർ	അർഹത യുള്ളവർ	നിലവിൽ കിട്ടുന്നവർ	അപേക്ഷകർ
I	125	20	15
II	123	23	106
III	117	30	87
IV	50	25	25
V	152	50	102
VI	43	10	33
VII	15	4	11
VIII	141	28	113

അംഗൻ വാടികൾ

വാർഡ് നമ്പർ	അംഗൻവാടി	മഹിളാ സമാജം	കുട്ടികളുടെ എണ്ണം
I	2	2	77
II	2	2	52
III	1	1	29
IV	-	-	-
V	2	2	26
VI	1	1	37
VII	1	1	20
VIII	1	1	13

അംഗൻവാടികൾ വഴി കുട്ടികൾക്കും ഗർഭിണികൾക്കും പോഷകാഹാര പരിപാടികൾ നടത്തുന്നുണ്ട്. 252 കുട്ടികൾക്കും 70 ഓളം അമ്മമാർക്കും ഈ പദ്ധതിയുടെ ഗുണങ്ങൾ പ്രയോജനപ്പെടുന്നു.

അംഗൻവാടി ജീവനക്കാരുടെ നിലയും ശോചനീയമാണ്. വർക്കർ, ഹെൽപ്പർ എന്ന രണ്ടു തസ്തികകളുണ്ട്. രാവിലെ 9 മുതൽ വൈകുന്നേരം 3.30 വരെ ഗൃഹസന്ദർശനമുൾപ്പെടെ ചെയ്യേണ്ടിവരുന്ന ഇവരുടെ വേതനവ്യവസ്ഥ വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് മാറ്റം വരുത്തണം.

പൊതുനിർദ്ദേശങ്ങൾ

1. അംഗൻവാടികൾക്ക് സ്കൂൾ PTA പോലുള്ള PTA ഉണ്ടാക്കുക.
2. കൂടുതൽ ജനപങ്കാളിത്വത്തോടെ അംഗൻവാടികളുടെ ഭൗതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിക്കരിക്കുക.
3. കുട്ടികളുടെ പോഷകാഹാര പദ്ധതിക്കുള്ള ഫണ്ട് വിഹിതം വർദ്ധിപ്പിക്കുക.
4. അംഗൻവാടികളുടെ അടുക്കളകൾ ആരോഗ്യകരമായി പരിഷ്കരിക്കുക. ഇന്ധനക്ഷമതയുള്ള അടുപ്പുകൾ ഏർപ്പെടുത്തുക
5. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ടോ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗപ്പെടുത്തിയോ അംഗൻവാടികളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ ഏർപ്പാടുണ്ടാക്കുക.
6. അംഗൻവാടികൾ സാമൂഹ്യക്ഷേമ കേന്ദ്രങ്ങൾ എന്നിവ വനിതാകേന്ദ്രങ്ങളാക്കുക.
7. അംഗൻവാടികളുടെ പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെ മേൽനോട്ടം ഉണ്ടാക്കുക.

കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധി

ഈ മേഖലയിലെ തൊഴിലാളികളിൽ നല്ല പങ്കും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസനം

പട്ടികജാതി വികസന കോർപ്പറേഷൻവഴിയുള്ള ആനുകൂല്യങ്ങൾ ഈ പഞ്ചായത്തിൽ ഭാഗികമായേ ലഭിച്ചിട്ടുള്ളു.

വനിതാ വികസനം

വനിതാവികസന കോർപ്പറേസഷന്റെ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ എത്തിയിട്ടില്ല. പഞ്ചായത്തിൽ ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് വഴിയാണ് പ്രവർഡത്തനങ്ങൾ നടക്കുന്നത്. പഞ്ചായത്ത് അടിസ്ഥാനത്തിൽ വനിതകൾക്ക് ഭക്ഷ്യവസ്തു സംസ്ക്കരണത്തിൽ പരിശീലനം നൽകുകയും ഒരു ഭക്ഷ്യ വസ്തുസംസ്ക്കരണ യൂണിറ്റ് ആരംഭിക്കുകയും വേണം.

പൊതുവിതരണം

പഞ്ചായത്തിൽ 5 റേഷൻ കടകളുണ്ട്. മാവേലിസ്റ്റോറുകൾ ഈ പഞ്ചായത്തിലില്ല. സഹകരണമേഖലയിലുള്ള ഒരു കൺസ്യൂമർസ്റ്റോർ ആലക്കോട് പ്രവർത്തിക്കുന്നുണ്ട്. ഉത്സവാവസരങ്ങളിൽ സഹകരണബാങ്കുകൾ ഓണച്ചന്തകൾ മാത്രം നടത്തുന്നു. പഞ്ചായത്തിൽ അടിയന്തിരമായി ആലക്കോട് കേന്ദ്രമായും തലയനാട് കേന്ദ്രമായും രണ്ടു മാവേലി സ്റ്റോറുകൾ അനുവദിക്കണം. സഞ്ചരിക്കുന്ന മാവേലിസ്റ്റോറിന്റെ റൂട്ടിൽ ഈ പഞ്ചായത്ത് പ്രദേശങ്ങൾ കൂടി ഉൾപ്പെടുത്തണം.

പഞ്ചായത്തിലെ റേഷൻ കടകളുടെ പ്രവർത്തന മേൽനോട്ടം പഞ്ചായത്തിനെ ഏൽപ്പിക്കണം. റേഷൻകാർഡുകൾ നൽകാനുള്ള നടപടിക്രമങ്ങൾക്കു വേണ്ട സർട്ടിഫിക്കറ്റുകൾ അതാത് വാർഡ്മെമ്പറൻമാരുടെ സാക്ഷ്യപ്രകാരം നൽകുവാനുള്ള അധികാരം പഞ്ചായത്ത് പ്രസിഡന്റിന് നൽകണം.

എല്ലാ വർഡുകളിലും പഞ്ചായത്ത് തലത്തിലും ഉപഭോതൃസംരക്ഷണസമിതി ഉണ്ടാക്കുവാനുള്ള നടപടികൾ എടുക്കണം.

അയൽകൂട്ടങ്ങൾ രൂപീകരിക്കുകയും ഓരോ അയൽക്കൂട്ടവും ഓരോ യൂണിറ്റായി എടുത്ത് ഓരോ യൂണിറ്റിനും വേണ്ട നിത്യോപയോഗസാധനങ്ങൾ അവർ തന്നെ ഒന്നിച്ച് മൊത്തവിലക്ക് എടുത്ത് ലാഭമില്ലാതെ വിതരണം നടത്തുകയും ചെയ്യുന്ന സംവിധാനം നിലവിൽ വരുത്താവുന്നതാണ്.

ഗ്രാമ പഞ്ചായത്ത് ആസ്ഥാനമായ ആലക്കോട് ടൗണിൽ ഒരു കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. □

5.8

സംസ്കാരം



ആലക്കോട് പഞ്ചായത്ത് 8 വാർഡുകൾ ഉൾക്കൊള്ളുന്ന കുന്നുകളും മലകളും സമതലങ്ങളും പാറക്കെട്ടുകളും നിറഞ്ഞ ഭൂപ്രദേശമാണ്. ആലക്കോടു പഞ്ചായത്തിൽ ഒരു വില്ലേജ്, ബ്ലോക്ക് പഞ്ചായത്ത് ഓഫിസ്, സഹകരണ ബാങ്ക്, I.C.D.S. ഓഫീസ്, 3 എൽ.പി. സ്കൂൾ, ഒരു യു.പി. സ്കൂൾ, ഒരു ഹൈസ്കൂൾ പഞ്ചായത്തിന്റെ പൊതു സാംസ്കാരിക നിലയം എന്നിവയുണ്ട്. 8 വാർഡുകളിലുമായി വിവിധ ജനവിഭാഗങ്ങളുടെ ആരാധനാലായങ്ങളും ഉണ്ട്.

മതസൗഹാർദ്ദത്തിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് കലാസാംസ്കാരിക പൈതൃകം കാത്തുസൂക്ഷിക്കുന്ന പഞ്ചായത്താണിത്. ഈ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾ ഏകദേശം 80% ത്തോളം തൃപ്തികരമാണ്. പഞ്ചായത്തിന്റെ പൊതുവായ വികസന പ്രവർത്തനങ്ങളിൽ എല്ലാവരും സഹകരിക്കുന്നു.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രാമസഭകൾ, എല്ലാ ജനവിഭാഗങ്ങളുടേയും സഹകരണത്തോടെ ചേർന്ന് വാർഡുകളുടെ തനതായ വികസനത്തെക്കുറിച്ചും പഞ്ചായത്തിന്റെ പൊതുവായ വികസനത്തെക്കുറിച്ചും ചർച്ചചെയ്തു.

ഈ പഞ്ചായത്തിലെ പ്രധാന മതവിഭാഗങ്ങൾ ക്രിസ്ത്യൻ, മുസ്ലീം, ഹിന്ദു മതവിഭാഗങ്ങളാണ്. ക്രിസ്ത്യൻ മുസ്ലീം ദേവാലയങ്ങളിലെ പെരുന്നാളുകളും അമ്പലങ്ങളിലെ ഉൽസവങ്ങളും എല്ലാവിഭാഗം ജനങ്ങളുടെയും സഹായസഹകരണങ്ങളോടെ സമുചിതമായി കൊണ്ടാടുന്നു.

പഞ്ചായത്തിനു പൊതുവായി ഒരു സാംസ്കാരിക നിലയം ഇഞ്ചിയാനിയിൽ പ്രവർത്തിക്കുന്നു. വാർഡുകളിൽ കലാ-സാംസ്കാരിക സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ട്. പ്രാചീന കലാരൂപങ്ങളായ പരിചമുട്ടുകളി, കോൽകളി, വില്ലടിച്ചാൻപാട്ട് എന്നിവ അറിയാവുന്നവരും അവതരിപ്പിക്കുന്നവരും ഈ പഞ്ചായത്തിലുണ്ട്. പ്രൊഫഷണൽ വേദികൾ ഒന്നും പ്രവർത്തിക്കുന്നില്ല. സാംസ്കാരിക പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്വം കുറവാണ്.

വായനാശീലം വർദ്ധിപ്പിക്കുന്നതിനും പൊതുപ്രവർത്തനങ്ങളിൽ സ്ത്രീകളെ പങ്കാളികൾ ആക്കുന്നതിനും എല്ലാ വാർഡുകളിലും വനിതാ സംഘടനകൾ സംഘടിപ്പിക്കുകയും ബോധവൽക്കരണ ചർച്ചകളും സെമിനാറുകളും നടത്തുകയും വേണം.

കുട്ടികളുടെ വിദ്യാഭ്യാസപരമായ ഉയർച്ചക്കുവേണ്ടി കേബിൾ ടി.വി., നെറ്റ് വർക്ക് ടി.വി. എന്നിവയിലെ പ്രക്ഷേപണങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും, വിദ്യാഭ്യാസമൂല്യമുള്ള പ്രക്ഷേപണങ്ങൾ ഉൾപ്പെടുത്തുവാൻ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിന്റെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്തിൽ കലാമേളകൾ നടത്തപ്പെടാറുണ്ട്. ഇവയിൽ വാർഡുകളുടെ പ്രതിനിധ്യം കുറവാണ്. പൊതുവായി കലാസാംസ്കാരിക പ്രവർത്തനം പഞ്ചായത്തിൽ മെച്ചമാണ്.

വാർഡുതല വിവരങ്ങളും നിർദ്ദേശങ്ങളും

വാർഡ് I

1. ഈ വാർഡിൽ ഒരു വായനശാലയും ഉണ്ട്. സ്വന്തമായി കെട്ടിടവും ഉള്ളതാണത്. ഒരു സാംസ്കാരിക നിലയത്തിനുള്ള സൗകര്യമുണ്ട്. വായനശാലയിൽ ഒരു ടി.വി.യും 3000 പുസ്തകങ്ങളും ഉണ്ട്. ഒരുവിധം നല്ലനി

പഞ്ചായത്തിലെ ക്ലബ്ബുകളെ സംബന്ധിക്കുന്ന വിവരങ്ങൾ

പേര്	സ്ഥലവും കെട്ടിടവും ഉണ്ട്/ഇല്ല	NYK രജിസ്ട്രേഷൻ	ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരം ഉണ്ട്/ഇല്ല
നോവ ചിലവ്	ഇല്ല	ഉണ്ട്	ഉണ്ട്
മോഹന ലൈബ്രറി ചിലവ്	ഉണ്ട്	ഉണ്ട്	ഉണ്ട്
സൗഹൃദയ ഗ്രന്ഥശാല ആലക്കോട്	ഉണ്ട്	ഇല്ല	ഉണ്ട്
ഐശ്വര്യ മഹിള സമാജം ആലക്കോട്	ഇല്ല	ഉണ്ട്	ഇല്ല
ഐശ്വര്യ മഹിള സമാജം ഇഞ്ചിയാനി	ഉണ്ട്	ഉണ്ട്	ഇല്ല
കൈലാസ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് ഇഞ്ചിയാനി	ഉണ്ട്	ഉണ്ട്	ഇല്ല
കസം ഇഞ്ചിയാനി	ഇല്ല	ഉണ്ട്	ഇല്ല
യുവവേദി ഇഞ്ചിയാനി	ഇല്ല	ഇല്ല	ഇല്ല
ശ്രുതി സ്പോർട്സ് ക്ലബ് അഞ്ചിരി	ഇല്ല	ഉണ്ട്	ഇല്ല
മിനർവ്വ അഞ്ചിരി	ഉണ്ട്	ഇല്ല	ഇല്ല
കൈരളി ആർട്സ് & സ്പോർട്സ് ക്ലബ് ആനക്കയം	ഇല്ല	ഉണ്ട്	ഇല്ല

ലയിൽ പ്രവർത്തിക്കുന്നു.

2. നാടൻ കലകളിൽ പ്രാവീണ്യമുള്ള കലാകാരൻമാർ ഇവിടെയുണ്ടെങ്കിലും അത് അവതരിപ്പിക്കുന്നതിനും കലകൾ നശിക്കാതെ കൊണ്ടുപോകുന്നതിനുള്ള സാഹചര്യങ്ങളില്ല.

3. മുസ്ലീം, ഹിന്ദു, ക്രിസ്ത്യൻ എന്നീ മൂന്നു മതവിഭാഗങ്ങളുടേയും ആരാധനാലയങ്ങൾ ഇവിടെ ഉണ്ട്. ഉൽസവങ്ങളും തിരുനാളുകളുമെല്ലാം മതസൗഹാർദ്ദത്തോടെ എല്ലാവരും ഒരുമിച്ച് ആഘോഷിക്കുന്നു.

നിർദ്ദേശങ്ങൾ

1. പൊതുവായ ഒരു കളിസ്ഥലം ആവശ്യമാണ്.

2. കലാ - സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ പഞ്ചായത്തുതലത്തിൽ കലാമേളകളും മറ്റും നടത്തി പ്രോൽസാഹിപ്പിക്കണം.

3. വായനശാലകളിൽ വനിതകൾക്ക് പ്രാധിനിത്യം നൽകുക, വനിതാ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക, വനിതകളുടെ വായനാശീലം വർദ്ധിപ്പിക്കുന്നതിന് ബോധവൽക്കരണം നടത്തുക.

4. ഒരു സാംസ്കാരിക നിലയം സ്ഥാപിക്കുക.

വാർഡ് II

ഈ വാർഡിൽ ക്ലബ്ബുകളോ ഗ്രന്ഥശാലകളോ സാംസ്കാരിക നിലയങ്ങളോ ഒന്നുമില്ല. 60 % ത്തോളം മുസ്ലീംകൾ താമസിക്കുന്ന ഇവിടെ ഒരു മുസ്ലീം പള്ളി മാത്രമേയുള്ളൂ. ഇവിടെ നബിദിനം ഭംഗിയായി ആഘോഷിക്കുന്നു.

നിർദ്ദേശം

ഇവിടെ ഒരു സാസ്കാരിക നിലയം സ്ഥാപിക്കണം

വാർഡ് III

70 ശതമാനവും നിർദ്ധനരായ ആളുകൾ വിഭാഗത്തിൽപ്പെട്ട ആളുകൾ തിങ്ങിപ്പാർക്കുന്ന ഇവിടെ ആരാധനാലയങ്ങളോ, കളിസ്ഥലമോ, മറ്റ് സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് ഉതകുന്ന സ്ഥാപനങ്ങളോ ഇല്ല.

1 -3 വാർഡുകളിലെ ലക്ഷം വീടുകളുടെ ആസ്ഥാനമാണ് ചവർണ. ഈ പ്രദേശത്ത് ഒരു സാംസ്കാരിക നിലയം ആവശ്യമാണ്. പനമറ്റം അമ്പലത്തിലെ ഉൽസവം എല്ലാവരും ചേർന്ന് ആഘോഷിക്കുന്നു.

വാർഡ് IV

ഇവിടെ ഒരു ഗ്രന്ഥശാലാ പ്രവർത്തിക്കുന്നു. ഗ്രാമപഞ്ചായത്ത് ഓഫിസും സഹകരണ ബാങ്ക് ഹെഡ് ഓഫിസും ഈ വാർഡിൽ സ്ഥിതി ചെയ്യുന്നു. കലയന്താനി പള്ളിയിലെ തിരുനാൾ നാനാജാതി മതസ്ഥർ ഭക്തിയാദരവുളോടെ കൊണ്ടാടുന്നു.

നിർദ്ദേശങ്ങൾ

ഗ്രാമ പഞ്ചായത്ത് ആസ്ഥാനമായ ഈ വാർഡിൽ ഒരു പൊതുകളിസ്ഥലവും ഒരു കമ്യൂണിറ്റി ഹാളും, ഒരു നീന്തൽകുളവും ആവശ്യമാണ്.

വാർഡ് V

പൊതുവേ നിർധനരായ കർഷക തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നുതും സർക്കാരിന്റെ വിവിധ പദ്ധതികളിൽപെടുത്തിയ മൂന്നു കോളനികൾ ഉൾപ്പെടുന്നതുമാണ് ഈ വാർഡ്. ഇവിടെ കൈലാസ് ആർട്സ് ആൻഡ് ആൻഡ് സ്പോർട്സ് ക്ലബ്, കസം ക്ലബ്, യുവവേദിയെന്ന സന്നദ്ധ സംഘടന, രണ്ട് മഹിളാ സമാജം, രണ്ട് അംഗൻവാടി, ഗവ. L.P.S. സ്കൂൾ എന്നിവയും സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഗ്രാമപഞ്ചായത്തുവക സാംസ്കാരിക നിലയവും അതോടനുബന്ധിച്ചുള്ള ലൈബ്രറിയും പ്രവർത്തിക്കുന്നു. ലൈബ്രറിയിൽ ഒരു T.V.യും 1200-ഓളം പുസ്തകങ്ങളും പത്രമാസിക പ്രസിദ്ധീകരങ്ങളുമുണ്ട്. ഇവയുടെ പ്രവർത്തനം 80% ത്തോളം തൃപ്തികരമാണ്. കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ മെച്ചമായ രീതിയിൽ നടക്കുന്നു. ഈ വാർഡിൽ ഒരു കലാ-സംഘടന പ്രവർത്തിച്ചിരുന്നു. എന്നാൽ സാമ്പത്തിക പരാധീനത മൂലം പ്രവർത്തനം നിലച്ചും പഞ്ചായത്തുതല കലാമൽസരങ്ങളിൽ വാർഡിന്റെ പങ്കാളിത്വം തൃപ്തികരമാണ്. ഈ വാർഡിനെ ഹരിജൻ വാർഡായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഭൂരിഭാഗവും ദളിത് ക്രിസ്ത്യാനികൾ ആണ് ഇവിടെ താമസം. ഇവരുടെ ദേവാലയങ്ങളായ സെന്റ് മാർട്ടിൻ ചർച്ച്, സെൻറ് ജോൺസ് സി.എം.എസ്. ചർച്ച്, സെ. മത്യാസ് സി.എസ്.ഐ. ചർച്ച്, സാബത്ത് മിഷൻ ചർച്ച്, പെന്തക്കോസ്ത് ചർച്ച് എന്നീ ദേവാലയങ്ങൾ ഈ വാർഡിലുണ്ട്. ഇവിടുത്തെ തിരുനാളുകൾ ജനപങ്കാളിത്തത്തോടു കൂടി ആഘോഷപൂർവ്വം കൊണ്ടാടപ്പെടുന്നു. മതസൗഹാർദ്ദത്തിനു പ്രസിദ്ധമാണ് ഇവിടം. ക്ലബ്ബുകളുടെ വാർഷികവും സ്കൂളിന്റെ വാർഷികവും പതിവായി നടത്താറുണ്ട്. ഓണാഘോഷം ഈ വാർഡിൽ ഒരു ഉൽസവം തന്നെയാണ്. ക്രിസ്തുമസും ആഘോഷിക്കപ്പെടുന്നു.

ഇവിടുത്തെ പ്രാചീന നാടൻ കലകൾ പരിചമുട്ടുകളി, കോൽക്കളി, വില്ലടിച്ചാൻപാട്ട് തുടങ്ങിയവാണ്. ഇവ കാലഹരണപ്പെടാതെ വരും തലമുറക്ക് കൈമാറുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

നിർദ്ദേശങ്ങൾ

1. അഭ്യസ്തവിദ്യരായ യുവതിയുവാക്കൾക്കായി പഞ്ചാ

യത്തു വക സാംസ്കാരിക നിലയത്തിൽ കേരള ഗസറ്റ്, മറ്റ് പ്രസിദ്ധീകരണങ്ങൾ, തൊഴിൽ വാർത്ത തുടങ്ങിയവ റഫറൻസിനായി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

2. സാംസ്കാരിക നിലയത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള ലൈബ്രേറിയൻ ഫുൾടൈം ലൈബ്രേറിയനായി നിയമിക്കുക.

ഇഞ്ചിയാനി കൈലാസിറ്റ് സ്വന്തം കെട്ടിടവും വൈദ്യുതി കണക്ഷനുമുണ്ട്. ഒരു ടി.വി. അനുവദിക്കണം. ഒരു പ്രാചീന കലാ പരിശീലന കേന്ദ്രം തുടങ്ങണം.

വാർഡ് VI

ഈ വാർഡിൽ രണ്ട് ക്ലബുകൾ ഉണ്ട്. ഗ്രന്ഥശാലയോ സാംസ്കാരിക നിലയമോ ഇല്ല. ക്ലബ്ബുകളിലാവട്ടെ ആവശ്യത്തിന് ഫർണിച്ചർ ഇല്ല. എല്ലാ തെരഞ്ഞെടുപ്പുകളിലും പോളിംഗ് ബൂത്തുകളായി ഉപയോഗിക്കുന്നത് ഈ ക്ലബ്ബുകളാണ്. കൂടാതെ മിക്ക പൊതുപരിപാടികളും ഇവിടെയാണ് നടത്തുന്നതും. എന്നിട്ടും ഇവയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇല്ല.

ഈ വാർഡുകളിൽ ഭൂരിഭാഗവും നിർദ്ധനരായ കർഷകത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നു. പ്രാചീന കലകളായ പരിചമുട്ടുകളി, കോൽക്കളി, വില്ലടിച്ചാൻപാട്ട്, നടീൽപ്പാട്ടുകൾ തുടങ്ങിയവ ഈ വാർഡിന്റെ കലാപരമായ പ്രത്യേകതയാണ്. ഇവിടുത്തെ താമസക്കാരിൽ ക്രിസ്ത്യാനികളാണ് ഭൂരിഭാഗവും. ഈ വാർഡിൽ ഇടിവെട്ടിപ്പാറ ഹരിജൻ കോളനിയും ഉൾപ്പെടുന്നു. മതസൗഹാർദത്തിന്റെ ഈറ്റില്ലമാണെങ്കിലും ദേവാലയങ്ങൾ ഒന്നും ഈ വാർഡിലില്ല. ഓണാഘോഷവും ക്ലബ്ബുകളുടെ വാർഷികവും ഭംഗിയായി ആഘോഷിക്കുന്നു.

നിർദ്ദേശങ്ങൾ

1. ക്ലബുകൾക്ക് ടി.വി., മേശ, കസേര, ബഞ്ച്, പുസ്തകങ്ങൾ, കായിക ഉപകരണങ്ങൾ എന്നിവ നൽകണം. സ്വന്തം സ്ഥലമുള്ള അഞ്ചിരി മിനർവ ക്ലബിന് ഒരു വായനശാലയും തൊഴിൽ പരിശീലന കേന്ദ്രവും തുടങ്ങാം. മിനർവാ ക്ലബിന് ഒരു പുതിയ ടി.വി സെറ്റ് അനുവദിക്കേണ്ടതാണ്.

2. ഇവിടെയുള്ള ഇടിവെട്ടിപ്പാറയിൽ (ഹരിജൻകോളനി) സ്ഥലം ലഭ്യമായ സ്ഥലത്ത് ഒരു ഗ്രന്ഥശാല നിർമ്മിക്കുകയും കോളനി നിവാസികളുടെ കലാ-സാംസ്കാരിക ഉന്നമനത്തിനു വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

3. മന്ദീഭവിച്ചുകൊണ്ടിരിക്കുന്ന പ്രാചീന നാടൻ കലകൾക്ക് സാമ്പത്തിക സഹായവും അടിസ്ഥാന സൗകര്യങ്ങളും നൽകി സംരക്ഷിക്കണം.

വാർഡ് VII

സാസ്കാരിക സംഘടനകളോ സ്ഥാപനങ്ങളോ പൊതു ലൈബ്രറിയോ പൊതു ടെലവിഷൻസെറ്റുകളോ ഒന്നും ഈ വാർഡിലില്ല.

നിർദ്ദേശങ്ങൾ

1. പഞ്ചായത്ത് കോളനിയിൽ കമ്മ്യൂണിറ്റി ഹാളിനായി നീക്കി വച്ചിരിക്കുന്ന സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുകയും ഒരുടി.വി.അനുവദിക്കുകയുംചെയ്യുക.

വാർഡ് VIII

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ട ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു ഹരിജൻ കോളനി ഉൾപ്പെടുന്ന വാർഡാണിത്. കോളനിയുമായി ബന്ധപ്പെട്ട് ഒരു കമ്മ്യൂണിറ്റി ഹാളും അഗ്രോ സർവ്വീസ് സെൻറർ എന്ന സൊസൈറ്റിയും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനങ്ങളും നാമമാത്രമാണ്.

എട്ടാം വാർഡിലെ തലയനാട് ലൂർദ്മാതാ ദേവാലയം ഈ പ്രദേശത്തെ പ്രധാന തീർത്ഥാടനകേന്ദ്രമാണ്. വർഷം തോറും ഫെബ്രുവരി 10, 11 തീയതികളിൽ ആഘോഷിക്കപ്പെടുന്ന ഇവിടത്തെ തിരുനാളിന് കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും തീർത്ഥാടകരെത്തുന്നു.

കോളനിയിലുള്ള അയ്യപ്പക്ഷേത്രമാണ് മറ്റൊരു ആരാധനാലയം. കോളനിവാസികൾ അയ്യങ്കാളിദിനം ആഘോഷപൂർവ്വം കൊണ്ടാടുന്നു. കോൽകളി, പരിചമുട്ടുകളി തുടങ്ങിയ നാടൻകലകളിൽ പ്രാവീണ്യം നേടിയവർ ഈ വാർഡിലുണ്ട്.

നിർദ്ദേശങ്ങൾ

1. വാർഡിൽ എല്ലാവരും ഒന്നിച്ചുചേരുന്നതിന് ഒരു പൊതു സ്ഥലം ഉണ്ടാവണം

2. കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് ഒരു വായനശാല ഉണ്ടാവണം. ഇവിടത്തെ പൊതു ടി.വി. പ്രവർത്തനക്ഷമമാക്കണം.

3. തലയനാട് കേന്ദ്രമാക്കി ഒരു ലൈബ്രറി സ്ഥാപിക്കണം

പൊതുനിർദ്ദേശങ്ങൾ

1. പഞ്ചായത്ത് തലത്തിൽ ആളുകൾക്ക് ഒന്നിച്ച് ചേരുന്നതിന് ഒരു സ്റ്റേഡിയവും ആലക്കോട് കേന്ദ്രമായി ഒരു ഓഡിറ്റോറിയവും ഉണ്ടാകണം

പഞ്ചായത്ത് തലത്തിൽ ഫൈൻ ആർട്സ് സൊസൈറ്റികൾ ഉണ്ടാവണം


പഞ്ചായത്ത് തലത്തിൽ നാടകകളരി, നാടൻകലാ പരിശീലന കളരി തുടങ്ങിയവ സംഘടിപ്പിക്കണം

പഞ്ചായത്തിലെ മുഴുവൻ സാംസ്കാരിക സംഘടനകളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ പഞ്ചായത്ത് തലത്തിൽ ഒരു ഏകോപനസമിതി ഉണ്ടാക്കുകയും ഒരു പഞ്ചായത്ത് മെമ്പർ അതിന്റെ ചുമതല വഹിക്കുകയും ചെയ്യണം

□

5.9

വനിത



ആലക്കോട് പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 8855 ആണ്. അതിൽ സ്ത്രീകളുടെ എണ്ണം 4474 ആണ്. സ്ത്രീപുരുഷ അനുപാതം തുല്യമാണ്. ഇതിൽ 3524 പേർ സാക്ഷരരാണ്. 95 പേർ നിരക്ഷരരും. മിക്കവാറും 60 വയസിൽ മുകളിലുള്ളവരുമാണ്. സ്ത്രീകളിൽ 50% ടടഘഇ വിദ്യഭ്യാസം ഉള്ളവരാണ്. ഗ്രാജുവേറ്റുകൾ 25% പോസ്റ്റ് ഗ്രാജുവേറ്റ് 5% ആണ്. തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം തൃപ്ത്തികരമല്ല. കാർഷീകമേഖലയിലാണ് സ്ത്രീകൾ അധികവും ജോലിചെയ്യുന്നത്. ഏതാനും സ്ത്രീകൾ വ്യവസായശാലയിൽ താൽക്കാലിക ജോലിയിൽ ഏർപ്പെട്ടിരിക്കുന്നു. കാർഷികമേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ ലഭിക്കുന്നില്ല. വരുമാനം ഉണ്ടാക്കുന്ന മറ്റ് തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. 100% സ്ത്രീകളും വീട്ടുജോലികൾ സ്വയം ചെയ്യുന്നു. സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രൈവറ്റ് മേഖലയിലും ജോലി ചെയ്യുന്ന സ്ത്രീകളുടെ എണ്ണം നാമമാത്രമാണ്.

വനിതാ നിയന്ത്രണത്തിലുള്ള കുടുംബങ്ങൾ ചെറിയശതമാനം മാത്രമേ വരുന്നള്ളൂ. താഴ്ന്ന വരുമാനക്കാരുടെ ഇടയിൽ വീട്ടുജോലിക്കിടയിൽ കാലിവളർത്തൽ, കോഴിവളർത്തൽ, പരുയിടകൃഷി, വിറകുശേഖരണം തുടങ്ങിയ ജോലികളും സ്ത്രീകൾ ചെയ്യുന്നുണ്ട്.

പഞ്ചായത്തിൽ 11 സ്ത്രീകൾക്ക് വിധവ പെൻഷൻ ലഭിക്കുന്നുണ്ട്. പെൻഷൻ ലഭിക്കുവാൻ അർഹതയുള്ള 25 പേർക്ക് വിധവ പെൻഷൻ ലഭിച്ചിട്ടില്ല.

അംഗൻ വാടികളുടേയും മഹിളാസമാജങ്ങളുടേയും കണക്ക് ചുവടെ ചേർക്കുന്നു.

വാർഡുനമ്പർ	I	II	III	IV	V	VI	VII	VIII
അംഗൻവാടി	2	2	1	-	2	1	1	1
മഹിളാ സമാജങ്ങൾ	2	2	1	-	2	1	1	1

കെട്ടിടങ്ങളുടെ അഭാവവും പ്രവർത്തനമൂലധനത്തിന്റെ കുറവും സ്ത്രീസഹകരണകുറവും മൂലം മഹിള സമാജങ്ങളുടേയും അംഗൻ വാടികളുടേയും പ്രവർത്തനം ക്രമമായി നടക്കുന്നില്ല. വനിത വ്യവസായസംരംഭങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല.

സ്ത്രീകളിൽ പൊതുവായികണ്ടുവരുന്ന രോഗങ്ങൾ പോഷണകുറവ് ഗർഭാശയസംബന്ധമായരോഗങ്ങൾ, മഞ്ഞപ്പിത്തം, വയറിളക്കം എന്നിവയാണ്. സ്ത്രീകൽ സാരഥികളായി പ്രവർത്തിക്കുന്ന സംഘടനകളോ സ്ഥാപനങ്ങളോ പഞ്ചായത്തിലില്ല. ഉന്നത പദവിയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ പഞ്ചായത്തിലില്ല.

D.W.C.R.A

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനു വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് സഹായം നൽകുന്ന പദ്ധതിയാണ് DWCRA. (Development of Woman And Children in Rural Area)

. DWCRA പദ്ധതി സഹായ ലഭ്യത.

വായ്പസംരംഭം	ആരംഭിച്ച വർഷം	പ്രവർത്തന അംഗങ്ങൾ	പ്രവർത്തന ക്ഷമത
3 ഡയറി യൂണിറ്റ്	1993	9	നല്ലരീതി

DWCRA യുടെ പ്രവർത്തനം പഞ്ചായത്തിൽ കാര്യമായി എത്തിയിട്ടില്ല.

III -ാം വാർഡിൽ ഒരുയൂണിറ്റ് മാത്രമേ പ്രവർത്തിക്കുന്നുള്ളു. ഈ സ്കീമിനെ കുറിച്ചുള്ള അഞ്ജതയാണ് പ്രശ്നം.

വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാനുള്ള സൗകര്യങ്ങൾ പഞ്ചായത്തിലുണ്ട്. ചുരുങ്ങിയത് I, II, വാർഡുകൾ കേന്ദ്രീകരിച്ചും III, IV, V, VI, VII, VIII എന്നിവാർഡുകൾ കേന്ദ്രീകരിച്ചും സഹകരണസംഘങ്ങൾക്ക് സാധ്യതയുണ്ട്.

പ്രശ്നങ്ങൾ.

1. സ്ത്രീകളുടെ തൊഴിലില്ലായ്മ
2. ദാരിദ്യ നിർമ്മാജ്ജന പരിപാടികളിൽ സ്ത്രികളോടുള്ള അവഗണന.
3. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത.
4. പൊതുസ്ഥലങ്ങളിൽ പ്രാഥമികകാര്യങ്ങൾ നിർവ്വഹിക്കിന്നതിനുള്ള സൗകര്യങ്ങൾ ഇല്ലായ്മ്മ.
5. തൊഴിൽ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം തൃപ്തികരമല്ല.
6. സ്ത്രീകളുടെ വിജ്ഞാന വിനോദ സൗകര്യങ്ങളുടെ നില തൃപ്തികരമല്ല
7. അംഗൻവാടികളുടേയും മഹിളാ സമാജങ്ങളുടേയും സാമ്പത്തിക ഭദ്രത തൃപ്തികരമല്ല.
8. സ്ത്രീകൾക്ക് സ്വയം വരുമാനം സമ്പാധിക്കുന്നതിനുള്ള പദ്ധതികളുടെ കുറവ്.
9. ജോലിക്ക് പോകുന്ന സ്ത്രീകളുടെ കുട്ടികളെ സംരക്ഷിക്കുന്നതിനുള്ള സൗകര്യകുറവ്.
10. സ്ത്രീകളുടെ ചികിൽസ സൗകര്യങ്ങളുടെ അപര്യാപ്തത.

പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ

1. സ്ത്രീകൾക്കായി കൂടുതൽ വനിതാ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് സ്ത്രികളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കത്തക്കവിധം സംഘങ്ങളെ സ്വയം പര്യാപ്തമാക്കുക.
2. പുരയിടകൃഷി, കോഴിവളർത്തൽ, പച്ചകറി കൃഷി തുടങ്ങിയ പരിപാടികൾക്ക് വനിതാസമാജങ്ങൾ വഴി സ്ത്രീകൾക്ക് പ്രത്യേകം പരിശീലനം നൽകുക.
3. വനിതാ സഹകരണ സംഘങ്ങളുടെ മേൽ നോട്ടത്തിൽ അച്ചാറുകൾ കറിപൗഡറുകൾ ഇവയുടെ നിർമ്മാണത്തിന് പ്രോൽസാഹനവും പരിശീലനവുംനൽകുക.
4. മഹിളാ സമാജങ്ങളുടെ പ്രവർത്തനം ശക്തിപെടുത്തി ദാര്യദ്രനിർമ്മാർജ്ജന പരിപാടിയിൽ പങ്കെടുക്കുന്നതിന് സ്ത്രീകൾക്ക് പ്രജോദനം നൽകുക.
5. ഗ്രന്ഥശാലകളുടേയും കലാ സമിതികളുടേയും പ്രവർത്തനത്തിൽ സ്ത്രീ പങ്കാളിത്തം ഉറപ്പുവരുത്തുക.
6. പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്ത്രീകൾക്കായി പ്രത്യേക കായികകലാ മൽസരങ്ങൾ നടത്തുക.
7. സ്ത്രീകൾക്ക് റബ്ബർ ടാപ്പിംഗ് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
8. ജോലിക്കു പോകുന്ന സ്ത്രീകളുടെ കുട്ടികളുടെ സംരക്ഷണത്തിന് അംഗൻവാടികൾ തോറും ഡെ കെയർ യൂണിറ്റ് സഥാപിക്കുക.
9. കെട്ടിടമില്ലാത്ത അംഗൻവാടിക്ക് ബഹുജന സഹകരണോത്തോടെ കെട്ടിടം നിരമ്മിച്ചു നൽകുവാനുള്ള പദ്ധതിനടപ്പിലാക്കുക.
10. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള കംഫർട്ട് സ്റ്റേഷനുകൾ പഞ്ചായത്തിൽനിന്നും സ്ഥാപിക്കുക.
11. ഗർഭണികൾക്കുള്ള പോഷഹാകാരങ്ങൾ വിതരണം തുടങ്ങിയവ നടത്തേണ്ടതാണ്.
12. സർക്കാർ നിയമനങ്ങൾക്ക് അപേക്ഷിക്കുവാനുള്ള സ്ത്രീകളുടെ പ്രായപരിധി ഉയർത്തുക. സർവ്വീസിലിരിക്കുന്ന സ്ത്രീകൾക്ക് പ്രസവാവധി ആറുമാസമെങ്കിലും ആക്കുക.
13. ആലക്കോട് കേന്ദ്രമാക്കി ഒരു വർക്കിംങ്ങ് വിമൻസ് ഹോസ്റ്റൽ സ്ഥാപിക്കുക.
14. ഓരോ വാർഡിലും അയൽകൂട്ടങ്ങൾ സ്ഥാപിക്കുക.
15. വനിതക്ഷേമത്തിനും മാർഗ്ഗനിർദ്ദേശത്തിനുമായി പഞ്ചായത്തിൽ ഒരു വിംഗ് പ്രവർത്തിക്കുക. ഒരു വനിത വികസന സമിതി രൂപീകരിച്ച് ഒരുമെമ്പർ അതിന് ചുമതല വഹിക്കുക.
16. ഔഷധസസ്യ കൃഷിക്ക് ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിയും കാലാവസ്ഥയും അനുയോജ്യമാണ്. വമ്പിച്ച വിപണനസാധ്യതകളും ഇന്നുണ്ട്. ഇത് കണക്കിലെടുത്ത് സ്ത്രീകൾ ഔഷധ സസ്യകൃഷി രംഗത്തേക്ക് കടന്നുവരുവാനുള്ള പദ്ധതികൾക്ക് പഞ്ചായത്ത് രൂപം നൽകേണ്ടതാണ്

5.10

സഹകരണം



സഹകരണ പ്രസ്ഥാനം സാർവത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള ഒരു പഞ്ചായത്താണ് ആലക്കോട് പഞ്ചായത്ത്. ഏതാണ്ട് 90 വർഷങ്ങൾക്കു മുമ്പ് ഈ പ്രദേശത്ത് സഹകരണ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ പ്രമുഖസഹകരണ സ്ഥാപനമായ ആലക്കോട് സർവീസ് സഹകരണ ബാങ്ക് 16-10-1102 (M.E) ൽ ആരംഭിച്ചു. ഈ പഞ്ചായത്തിന്റെ 6,7,8 വാർഡുകളിൽ പ്രവർത്തിക്കുന്ന തെക്കുംഭാഗം സർവീസ് സഹകരണ ബാങ്ക് 22-5-1960-ൽ ആരംഭിച്ചു.

സഹകരണ മേഖലയിൽ ഈ രാജ്യത്ത് കാർഷിക മേള, ഹയർ പർച്ചേസ് പദ്ധതി തുടങ്ങിയ നിരവധി പദ്ധതികൾക്ക് ആദ്യമായി രൂപം നൽകിയത് ആലക്കോട് സർവീസ് സഹകരണ ബാങ്കാണ്.

നിരവധി പ്രാവശ്യം ഈ ജില്ലയിലെ ഒന്നാമത്തെ ബാങ്കെന്ന ബഹുമതി ഈ ബാങ്കിന് ലഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലുള്ള സഹകരണസ്ഥാപനങ്ങളുടെയും സമിതികളുടെയും പേരു വിവരം താഴെ ചേർക്കുന്നു.

സംഘങ്ങൾ (നിലവിലുള്ളത്) ക്രെഡിറ്റ് സംഘങ്ങൾ

1. ആലക്കോട് സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1588
2. 6,7,8 വാർഡുകളിൽ തെക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്ക് പ്രവർത്തിക്കുന്നു.

Non Credit Soceity

3. ആലക്കോട് വനിത സഹകരണ സംഘം (പ്രവർത്തിക്കുന്നില്ല)
4. ആലക്കോട് പഞ്ചായത്ത് പാറമട സഹകരണ സംഘം (പ്രവർത്തിക്കുന്നില്ല)
5. കലയന്താനി ക്ഷീരോൽപാദക സഹകരണ സംഘം ചിലവ് (പ്രവർത്തിക്കുന്നില്ല)
6. അഞ്ചിരി ക്ഷീരോൽപാദക സംഘം (പ്രവർത്തിക്കുന്നില്ല)
7. അഞ്ചിരി റബ്ബർ ഉൽപാദക സംഘം
8. ചിലവ് റബ്ബർ ഉൽപാദക സംഘം
9. കേര വികസന സമിതി, ആലക്കോട്,
10. കുരുമുളക് വികസന സമിതി ആലക്കോട്
11. കുറിച്ചി പാടശേഖല നെല്ലുൽപാദക സമിതി
12. അഞ്ചിരി പാടശേഖര നെല്ലുൽപാദക സമിതി
13. ആനക്കയം അഗ്രോ സർവ്വീസ് സെൻറർ (കാര്യമായ പ്രവർത്തനമില്ല)
14. കലയന്താനി സ്കൂൾ സഹകരണ സംഘം
15. നാഗാർജ്ജുന എംപ്ലോയീസ് സഹകരണ സംഘം

ഇതിൽ ക്രഡിറ്റ് സഹകരണ സംഘങ്ങൾ ഒരുവിധം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് വായ്പ നൽകുന്നുണ്ട്. എന്നാൽ ദീർഘകാല വായ്പകളോ, ഭവനനിർമ്മാണ വായ്പകളോ നൽകുന്നതിനുള്ള സംവിധാനം നിലവിലില്ല. ചിട്ടികൾ, വിവിധതരം നിക്ഷേപ പദ്ധതികൾ, വളം, കീടനാശിനി വിതരണം, കൺസ്യൂമർ സ്റ്റോർ തുടങ്ങിയ പ്രവർത്തനങ്ങളും ഈ ബാങ്കുകളിലുണ്ട്. എന്നാൽ മറ്റു പല സംഘങ്ങളുടെയും പ്രവർത്തനം തൃപ്തികരമല്ല. റബ്ബർ ഉൽപാദക സംഘങ്ങളുടെ പ്രവർത്തനം വളരെ

പ്രയോജനം ചെയ്യുന്നതാണ്. രണ്ട് സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ലാ. ആലക്കോട് ഒരു സംഘം രൂപീകരിക്കുന്നതിന് മുൻപ് പരിശ്രമിച്ചിരുന്നെങ്കിലും അത് വിജയിച്ചില്ല. ഒരു ഭവനനിർമ്മാണ സഹകരണ സംഘം ഈ പഞ്ചായത്തിലില്ല. ഒരു വനിതാ സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചെങ്കിലും അത് ഇന്ന് നിലവിലില്ല. കൂടുതൽ വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. തൊഴിലില്ലായ്മ പരിഹരിക്കുവാൻ ഇത്തരം സംഘങ്ങൾ ഉതകുന്നതാണ്. ഒരു പാറമട സംഘം രജിസ്റ്റർ ചെയ്തെങ്കിലും പ്രവർത്തിക്കുന്നില്ല. ഇത് പ്രവർത്തിച്ചിരുന്ന പക്ഷം കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുമായിരുന്നു. ഒരു സഹകരണ ആശുപത്രിയും ഒരു എല്ലുപൊടി സഹകരണ സംഘവും ആലക്കോട് തുടങ്ങിയിരുന്നെങ്കിലും രണ്ടും വിജയിച്ചില്ല. ആശുപത്രി സഹകരണ സംഘം വളരെയധികം പ്രയോജനമുള്ള ഒന്നായിരുന്നു. ക്ഷീര വികസന സംഘങ്ങൾ വളരെ പ്രയോജനം ചെയ്യുന്ന സംഘങ്ങളാണ്. നിർഭാഗ്യവശാൽ ആലക്കോട് പഞ്ചായത്തിൽ ഈ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല. കലയന്താനി സ്കൂൾ സഹകരണ സംഘവും, നാഗാർജ്ജുന സഹകരണ സംഘവും നന്നായി പ്രവർത്തിക്കുന്നുണ്ട്. കേര, നെല്ല്, കുരുമുളക്, വികസന സമിതികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും പ്രയോജനം ലഭിക്കുന്നില്ല. ഈ സമിതികളുടെ പ്രവർത്തനം ഊർജ്ജസ്വലപ്പെടുത്തണം.

പഞ്ചായത്തിന്റെ സഹകരണരംഗത്ത് സുവർണ്ണലിപികളാലെഴുതേണ്ട നാമധേയമാണ് ആലക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1588 എന്നത്.

കടബാധ്യതിയിൽ പെട്ട് അവശതയനുഭവിച്ചുകൊണ്ടിരുന്ന കൃഷിക്കാർക്ക് അത്താണിയായി 1926-ൽ ആലക്കോട് പരസ്പരസഹകരണസംഘം രൂപീകൃതമായി. ആദ്യകാല പ്രസിഡൻറ് മുട്ടത്തിൽ പുത്തൻപുരയിൽ ഔസേപ്പ് പത്രോസ് ആയിരുന്നു. കുന്നേൽ ദേവസ്യാ ചാക്കോ പ്രാരംഭപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. 1960 ൽ സഹകരണചട്ടപ്രകാരം പ്രവർത്തനം വിപുലപ്പെടുത്തി. ഇപ്പോൾ 7995 അംഗങ്ങളും 35 ലക്ഷം രൂപ ഓഹരി മൂലധനവും 5 കോടി രൂപ നിക്ഷേപവും 4 കോടി 40 ലക്ഷം രൂപ വായ്പയുമുള്ള ആലക്കോട് സർവ്വീസ് സഹകരണ ബാങ്കിന്റെ ആരംഭം ഇങ്ങനെയായിരുന്നു.

ശ്രീ. തോമസ് മാത്യു കക്കുഴി പ്രസിഡൻറും ശ്രീ. മാത്യു എബ്രാഹം വൈസ് പ്രസിഡന്റുമായുള്ള ഭരണസമിതിയാണ് ഇന്ന് ബാങ്കിന്റെ ഭരണം നിയന്ത്രിക്കുന്നത്. നാലു ശാഖകളിലായി 23 ജീവനക്കാർ ഇന്ന് ഈ ബാങ്കിൽ സേവനമനുഷ്ടിക്കുന്നു.

1960-ൽ സ്ഥാപിതമായ തെക്കുംഭാഗം സർവ്വീസ് സഹകരണബാങ്കിന്റെ പ്രവർത്തനമേഖലയുടെ ഭൂരിഭാഗം പ്രദേശങ്ങളും ഈ പഞ്ചായത്തിൽത്തന്നെയാണ്.

2779 അംഗങ്ങളും 6 ലക്ഷം രൂപ ഓഹരി മൂലധനവുമുള്ള തെക്കുംഭാഗം സർവ്വീസ് സഹകരണബാങ്കിന് 1 കോടി 25 ലക്ഷം രൂപയുടെ നിക്ഷേപവും 90 ലക്ഷം രൂപ വായ്പയും ഉണ്ട്. ശ്രീ.പി.കെ.കുര്യൻ പഴയിടത്ത് പ്രസിഡന്റും ശ്രീ.ടോമി കാവാലം വൈസ്.പ്രസിഡന്റുമായുള്ള ഭരണസമിതി ഭരണം നടത്തുന്ന ഈ ബാങ്കിൽ ഇന്ന് 8 ജീവനക്കാർ സേവനമനുഷ്ടിക്കുന്നു.

മുട്ടം സർവ്വീസ് സഹകരണബാങ്ക്, കുടയത്തൂർ സർവ്വീസ് സഹകരണബാങ്ക്, വെള്ളിയാമറ്റം സർവ്വീസ് സഹകരണബാങ്ക് എന്നിവിടങ്ങളിൽ അംഗത്വവും ഇടപാടുകളുമുള്ള ധാരാളം ആളുകൾ ഈ പഞ്ചായത്തിലുണ്ട്.

ഈ പഞ്ചായത്തിൽ സഹകരണം വികസിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

1. ആലക്കോട് റബ്ബർ ഉൽപാദക സംഘം തുടങ്ങണം
2. ക്ഷീര ഉൽപാദക സഹകരണ സംഘങ്ങൾ ആലക്കോട്ടും അഞ്ചിരിയിലും തുടങ്ങണം.
3. ഗാർമെൻറ് നിർമ്മാണം പോലുള്ള വ്യവസായം യൂണിറ്റുകൾ തുടങ്ങണം.
4. കുറഞ്ഞ പലിശനിരക്കിൽ കൃഷിക്ക് ദീർഘകാല വായ്പകൾ നൽകണം.
5. തൊഴിലാളികളുടെ ക്ഷേമത്തിന് വേണ്ടി ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
6. ഗ്രൂപ്പ് ഫാമിംഗ് സംഘങ്ങളുടെ പ്രവർത്തനം വിപുലീകരിക്കണം.
7. ആനക്കയത്ത് തെക്കുംഭാഗം സർവ്വീസ് സഹകരണ ബാങ്കിന്റെ ഒരു ശാഖ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചെങ്കിലും അത് പൂർത്തിയാക്കിയിട്ടില്ല. അത് തലയനാട് ആണ് അഭികാമ്യം. നടപടികൾ ഏറ്റവും വേഗം പൂർത്തിയാക്കേണ്ടതാണ്.
8. ആലക്കോട് പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ മുഖേന കാർഷികോൽപ്പന്നങ്ങൾ ശേഖരിക്കുന്നില്ല. അത് കഴിവതും വേഗം തുടങ്ങേണ്ടതാണ്.
9. ആലക്കോട് പഞ്ചായത്തിൽ സഹകരണ മേഖലയിൽ നിത്യോപയോഗ സാധനങ്ങളുടെ വിതരണം ഫലപ്രദമായി നടക്കുന്നില്ല. ഉള്ളത് തന്നെ കുറഞ്ഞുവരുന്നു. അത് എല്ലാ വാർഡുകളിലും ലഭിക്കത്തക്ക സംവിധാനം ഉണ്ടാകണം.
10. മിതവ്യയ ശീലം പോഷിപ്പിക്കുന്നതിനുള്ള പദ്ധതികൾ സംഘങ്ങൾ മുഖേന അടിയന്തരമായി നടപ്പിലാക്കേണ്ടതാണ്.
11. ഒരു ഭവനനിർമ്മാണസഹകരണ സംഘംപഞ്ചായത്ത് അടിസ്ഥാനത്തിൽ ഉണ്ടാക്കണം.

12. വനിത സഹകരണ സംഘങ്ങൾ രൂപീകരിച്ച് തൊഴിലി ല്ലായ്മ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരി ക്കണം.

13. ഖാദി ബോർഡിന്റെ നിയന്ത്രണത്തിലുള്ള സംഘങ്ങൾ തുടങ്ങണം. തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് ഇത് പ്രയോജനം ചെയ്യുന്നതാണ്.

14. കാർഷിക വിഭവങ്ങൾക്ക് വില കുറയുമ്പോൾ ഉൽപ്പ ന്നങ്ങൾ കുറഞ്ഞ വിലക്കു വിൽക്കുവാൻ കർഷകർ നിർബന്ധിതരാകുന്നു. കാർഷിക വിഭവങ്ങളുടെ ഈടി ന്മേൽ കർഷകർക്കു ഹ്രസ്വകാല വായ്പ അനുവദിക്കാ നുള്ള പദ്ധതികളുണ്ടായാൽ കർഷകർക്ക് ഗുണകര മാകും.

15. ഇന്ന് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ വൻതോതിൽ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകളുള്ള വൻസ്ഥാപനങ്ങളായിരിക്കുന്നു. എസ്റ്റാബ്ലിഷ്മെൻറ് ചെലവ് കുറഞ്ഞ ലളിതമായ സഹകരണ സംഘങ്ങളാ യാൽ അംഗങ്ങൾക്ക് വളരെയേറെ പ്രയോജനകരമാകും. എസ്റ്റാബ്ലിഷ്മെൻറ് കുറഞ്ഞ ലളിതമായ സഹകരണ സംഘങ്ങളുടെ സാധ്യതയെക്കുറിച്ച് നാം ചിന്തിക്കേണ്ടി യിരിക്കുന്നു.

തൊടുപുഴ കാർഷിക വികസന ബാങ്കിന്റെ അംഗത്വ വിതരണവും വായ്പാ വിതരണവും നടത്തു മ്പോൾ പഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായം കൂടി ആരാ യേണ്ടതാണ്.

തൊടുപുഴയിൽ പ്രവർത്തിക്കുന്ന അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ഒരു ശാഖ കഴിഞ്ഞ വർഷം ഈ പഞ്ചായത്തിലെ 10 % ആളുകൾക്കു മാത്രമേ അംഗ ത്വമുള്ളു. ഫണ്ട് പരിമിതമാകയാൽ വായ്പകൾ ഗുണഭോ ക്താക്കൾക്ക് കാര്യമായി ലഭിക്കുന്നില്ല. വായ്പാ നടപടി കൾ ഉദാരമാക്കി ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭി ക്കത്തവിധത്തിൽ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക.

അർബൻ ബാങ്കിന്റേറയും അംഗത്വവിതരണവും വായ്പാ വിതരണം പഞ്ചായത്തു കമ്മിറ്റിയുടെ അഭിപ്രായം കൂടി കണക്കിലെടുത്തു നടത്തേണ്ടതാണ്.



"ജനാധിപത്യ പ്രക്രിയ ചെറിയ
സമൂഹങ്ങളിൽ നിന്ന് ആരംഭിക്കണം
കുടുംബങ്ങളുടെ കൊച്ചു കൊച്ചു
കൂട്ടായ്മകളിൽ നിന്ന്"
ഗാന്ധിജി

5.11

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

1991-ലെ സെൻസസ് കണക്കുപ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 6.5% മാത്രമേ പട്ടികജാതി-പട്ടികവർഗ്ഗ അംഗങ്ങളെയുള്ളു. ഇതിൽ 5 കുടുംബങ്ങൾ മാത്രമേ പട്ടികവർഗ്ഗക്കാരുടെതായിട്ടുള്ളു. ഒരു അംഗീകൃത കോളനിയും അംഗീകാരത്തിനായി അപേക്ഷ സമർപ്പിച്ച 3 കോളനികളുമാണ് ഉള്ളത്.കോളനികളിലൊഴിച്ച് മറ്റൊരു മേഖലയിലും പട്ടികജാതി പട്ടികവർഗ്ഗക്കാർ കൂട്ടമായിതാമസിക്കുന്നില്ല.

വിദ്യാഭാസ സാംസ്കാരികമേഖലയിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്, എങ്കിലും സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് ഇന്നും കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തികമേഖലയിൽ വളരെയേറെ ചൂഷണത്തിനു വിധേയരായിക്കൊണ്ടിരിന്ന ഇവർക്ക് മിച്ചഭൂമിലഭ്യതയും കുടികിടപ്പാവകാശവും അംഗീകൃതകോളനികളിലെ പുനരധിവാസവും സാമൂഹ്യപുരോഗതി നേടുന്നതിന് ഒരു പരിധിവരെ സഹായമായിട്ടിണ്ട്.

സമൂഹത്തിൽ മാന്യമായ ഒരു സ്ഥാനമാണ് ഇന്നവർക്ക് ലഭിക്കുന്നത്. സംവരണത്തിന്റെ പിൻബലത്തിൽ മാത്രമേ നേതൃത്വനിരയിലേക്ക് ഇക്കൂട്ടർ എത്തിപ്പെടാറുള്ളു. എല്ലാ മതസ്തരുടെയും എല്ലാ ചടങ്ങുകൾക്കും പങ്കെടുക്കുന്ന ഇവർക്ക് ഇന്ന് പൊതുപരിപാടികളിൽ മോശമല്ലാത്ത പരിഗണന ലഭിച്ചു വരുന്നുണ്ട്.

സർക്കാർ നടപ്പലാക്കിവരുന്ന പല പദ്ധതികളെക്കുറിച്ചുമുള്ള അറിവില്ലായ്മയും സാങ്കേതിക ബുദ്ധിമുട്ടുകളും മൂലം പല പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് ഇവർക്ക് കഴിഞ്ഞിട്ടില്ല. സർക്കാർ നൽകിവരുന്ന ചില സൗജന്യങ്ങൾ നാമാത്രമായ പുരോഗതികൈവരിക്കുവാൻ സഹായകമായിട്ടുണ്ട്. അംഗീകൃത കോളനിയിൽ താമസിക്കുന്നവർക്ക് മറ്റ് പ്രദേശങ്ങളിൽ താമസിക്കുന്നവരെക്കാൾ പുരോഗതി നേടുന്നതിന് കഴിഞ്ഞിട്ടുമുണ്ട്.

വിദ്യാഭ്യാസം

ഒരു എം.ബി.ബി.എസ് ബിരുധദാരിയുൾപ്പെടെ തൊഴിലധിഷ്ടിത വിദ്യഭ്യാസം നേടിയിട്ടുള്ളപട്ടികജാതി-പട്ടികവർഗ്ഗക്കാർ ഈ പഞ്ചായത്തിലുണ്ട്. പൊതുവെ നിരക്ഷരർകുറവാണെങ്കിലും വിദ്യഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സിക്കുശേഷം തുടർന്നു വിദ്യഭ്യാസം നടത്തുന്നതിൽ കുട്ടികളിൽ ഭൂരിഭാഗവും ഇംഗ്ലീഷ് ഭാഷയ്ക്ക് തോൽക്കുന്ന പ്രവണതയാണ് കാണുന്നത്. കുടുംബബാദ്ധ്യത ഏറ്റെടുത്തതിനാൽ പഠനം നിറുത്തേണ്ടിവരുന്ന കുട്ടികളും ഉണ്ട്. കോളനികളോടനുബന്ധിച്ച് ഇംഗ്ലീഷ് ട്യൂഷനും വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കേണ്ടത് അത്യാവശ്യമാണ്.

തൊഴിൽ

പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെ പ്രധാന വരുമാന മാർഗ്ഗം കൂലിപ്പണിയാണ്. എന്നാൽ അടുത്തകാലത്തായി കാർഷികമേഖലയിൽ വന്ന തകർച്ചയും യന്ത്രവൽക്കരണവും മൂലം തൊഴിൽ ദിനങ്ങൾ കുറയുകയാണ്. ഈ മേഖലയിൽ പണിയെടുക്കുന്ന

സ്ത്രീതൊഴിലാളികൾക്ക് 50 രൂപായും പുരുഷതൊഴിലാളിക്ക് 75 രൂപായും കൂലി കിട്ടുന്നു. പഞ്ചായത്തിൽ പൊതുവായ ഒരു കൂലിനിരക്ക് ഇല്ല. തൃപ്തികരമായ കൂലിയും ജോലിസ്ഥിരതയും ഇല്ലാത്തതിനാൽ പുതിയ തലമുറക്കാർ മറ്റ് രംഗങ്ങളിലേക്ക് മാറിപ്പോകുന്നു.

നാടിന്റെ പുരോഗതിക്ക് ഉതുകുംവിധം കൃഷി സമ്പ്രദായങ്ങൾ വികസിപ്പിക്കേണ്ടത് ആവശ്യമാണ്. ഇതു മൂലം കാർഷിക മേഖല കൂടുതൽ ആദായകരമാക്കുവാനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും.

കാർഷിക മേഖലയിൽ പണിയെടുക്കുന്ന SC/ST വിഭാഗത്തിൽപ്പെട്ട തൊഴിലാളികൾക്ക് സൗജന്യ ഇൻഷുറൻസ് ഏർപ്പെടുത്തുകയും കാർഷിക മേഖലയിലുള്ള ജോലിയുടെ അസ്ഥിരത പരിഹരിക്കുകയും പരമ്പരാഗത വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതാണ്.

പാർപ്പിടം

പഞ്ചായത്തിലെ അംഗീകൃത കോളനിയൊഴിച്ച് മറ്റ് മേഖലയിലെ പാർപ്പിടപ്രശനം പൂർണ്ണമായും പരിഹരിക്കുവാൻ കഴിഞ്ഞട്ടില്ല. പട്ടയം ലഭ്യമല്ലാത്ത പ്രദേശമാണ്. അംഗീകൃത കോളനി മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ലഭിക്കാത്തവർക്ക് അടിയന്തരമായി അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക.

SC-ST കുടുംബ വിവരകണക്കുകൾ

വാർഡ്	ആകെകുടുംബങ്ങൾ	പട്ടികജാതി	പട്ടികവർഗ്ഗം
1	20	15	5
2	10	10	–
3	12	10	2
4	15	15	–
5	15	15	–
6	20	20	–
7	11	11	–
8	80	80	–

ഈ പഞ്ചായത്തിലെ മുഴുവൻ ഹരിജൻ കോളനികളുടെയും അടിസ്ഥാനസൗകര്യങ്ങൾ വളരെ ശോചനീയമായ അവസ്ഥയിലാണ്. ഇതിൽ VI-ാം വാർഡിലുള്ള ഇടിവെട്ടിപ്പാറ ഹരിജൻകോളനിക്ക് ലഭിക്കേണ്ട യാതൊരുവിധ പരിഗണനയും ഇന്നേവരെ ലഭിച്ചിട്ടില്ല. ഈ വിഭാഗം ജനങ്ങളുടെ അവസ്ഥ അത്യന്തം ദുരിതപൂർണ്ണവും പരിതാപകരവുമാണ്.

കൈവശഭൂമിക്ക് പട്ടയമില്ലാതും വൈദ്യുതി ശുദ്ധ ജലവിതരണം, സുരക്ഷിതമായ ഭവനങ്ങൾ, കക്കൂസുകൾ, എന്നിവയുടെ അഭാവവും പുരോഗതിക്ക് തടസ്സമാകുന്നു.

നിർദ്ദേശങ്ങൾ

1. അംഗീകൃത ഹരിജൻ കോളനിയിൽ പട്ടയം നൽകുക. അതോടപ്പം പുറംപോക്ക് തരിശുഭൂമി പതിച്ച്നൽകുക.
2. പഞ്ചായത്തിലെ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട മുഴുവൻ ഭവനരഹിതർക്കും വീടുകൾ നിർമ്മിച്ചു നൽകുകയും, അറ്റകുറ്റപ്പണികൾക്കുള്ള ആനുകൂല്യം വർദ്ധിപ്പിക്കുകയും ചെയ്യുക.
3. കക്കുസ്, സൗജന്യമായി വൈദ്യുതി, ശുദ്ധജലവിതരണം റോഡുകൾ മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക.
4. നിലവിലുള്ള വിദ്യാഭ്യാസനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക. അംഗീകൃത കോളനികളിൽ ട്യൂഷൻ സെൻറെറുകളോടൊപ്പം കലാകായിക പരിശീലനകേന്ദ്രങ്ങളും സാങ്കേതികവിദ്യാഭ്യാസ സൗകര്യങ്ങളും ഉണ്ടാക്കുക.
5. എംപ്ലോയിമെന്റിൽ പേർ രെജ്സ്റ്റർ ചെയ്ത് 7 വർഷം പൂർത്തിയാക്കിയ ടി വിഭാഗത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കു സ്പെഷ്യൽ റിക്രൂട്ടുമെന്റ് വഴി അടിയന്തിരമായി തൊഴിൽ നൽകുക. അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സംവരണവ്യവസ്ഥ പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുക. സ്വയം തൊഴിലിനുള്ള പരിശീലനവും ധനസഹായവും നൽകുക.
6. അംഗീകൃത ഹരിജൻ കോളനികളിൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കുക.
7. ഹരിജൻ കോളനികളോടനുബന്ധിച്ച് സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കുകയും T.V സെറ്റ് ഏർപ്പെടുത്തുകയും ചെയ്യുക.
8. വിവാഹ സഹായ ധനം വർദ്ധിപ്പിക്കുക.
9. പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റു സാമൂഹ്യ സഹകരണമേഖലകളിലും, ജനകീയ സമിതികളിലും ഈ വിഭാഗത്തിലുള്ളവർക്കു അർഹമായ പ്രാതിനിധ്യം ഉറപ്പാക്കുക.
10. പഞ്ചായത്തിലെ I,V,VII വാർഡുകളിൽ യഥാക്രമം മാരാംപാറ, ഇഞ്ചായാനി, കർഷകതൊഴിലാളി പുനരധിവാസകോളനി, മഞ്ഞപ്ര തകിടിയേൽ കോളനി എന്നിവ ഹരിജൻ കോളനികളായി പ്രഖ്യാപിച്ച് ആനുകൂല്യം നൽകുക.

11. വഴിയരികിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർക്കായി അഭയകേന്ദ്രങ്ങൾ സ്ഥാപിക്കുക.

12. പട്ടികജാതി – പട്ടികവർഗ്ഗക്കാർക്കുള്ള എല്ലാ ആനുകൂല്യങ്ങളും അതാത് ഗ്രാമപഞ്ചായത്ത് വഴി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

13. പട്ടികജാതി–പട്ടികവർഗ്ഗകാർക്ക് കാലാകാലങ്ങളിൽ ഗവ: പ്രഖ്യപിക്കുന്നതും നിലവിലുള്ളതുമായ ആനുകൂല്യങ്ങൾ കൃത്യസമയത്ത് ലഭിക്കുന്നുണ്ടോയെന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ടോയെന്നും പരിശോധിക്കുവാൻ പഞ്ചായത്തു തലത്തിൽ ഒരു സംവിധാനം ഏർപ്പെടുത്തണം.

14. പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷനിലും ഡിപ്പാർട്ടുമെന്റിലുമുള്ള കാര്യക്ഷമമല്ലാത്തതും പ്രവർത്തനക്ഷമമല്ലാത്തുതുമായ സഹകരണസംഘങ്ങളെ പിരിച്ചു വിടുകയോ പുനഃസംഘടിപ്പിക്കുകയോ ചെയ്യുക.

15. ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘങ്ങളുടെയും പ്രർത്തനം വിലയിരുത്താനും മേൽനോട്ടം നടത്താനുമുള്ള അവകാശം ഗ്രാമപഞ്ചായത്ത് കമ്മറിക്ക് നൽകുക. അതിനാവശ്യമായ നിയമനിർമ്മാണം നടത്തുക.

16. പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമബോർഡിന്റെ കീഴിൽ പഞ്ചായത്തിൽ പരമ്പരാഗത കുടിൽ വ്യവസായങ്ങൾ ആരംഭിക്കുക

"ജനങ്ങളിൽ സ്വാശ്രയബോധവും ഇച്ഛാശക്തിയും വളർത്തി അവരെ കർമ്മോൻമുഖരാക്കണം. അവരുടെ കഴിവും ശക്തിയും വളരണം. അധികാരകേന്ദ്രങ്ങളെ നിയന്ത്രിക്കാനും അധികാര ദുർവിനിയോഗത്തെ ചെറുക്കുവാനും ജനങ്ങൾ ശക്തിയാർജ്ജിക്കണം."

ഗാന്ധിജി

5.12

വിഭവസമാഹരണം

പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാൻ സഹായിക്കുന്ന മാനദണ്ഡങ്ങളിൽ ഒന്നാണ് വരവ് ചെലവ് കണക്കുകൾ. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ എന്താണെന്നും ഏങ്ങനെ ചെലവഴിക്കപ്പെടുന്നു എന്നും മനസ്സിലാക്കുന്നത് പ്രയോജനകരമാണ്. ആലക്കോട് പഞ്ചായത്ത് ഒരു സെക്കൻറ് ഗ്രേഡ് പഞ്ചായത്താണ്. പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, സർക്കാർ ഗ്രാൻറുകൾ എന്നിവയാണ്.

കഴിഞ്ഞ രണ്ടുവർഷങ്ങളായി അസ്സസ് ചെയ്തിരിക്കുന്ന നികുതികൾ നൂറുശതമാനം നിശ്ചിതകാലയളവിനുള്ളിൽ തന്നെ പിരിച്ചുകൊണ്ടിരിക്കുന്ന പഞ്ചായത്താണ് ആലക്കോട് പഞ്ചായത്ത്.

പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് വിപുലമായ വിഭവ സമാഹരണം അത്യന്താപേക്ഷിതമാണ്. സംസ്ഥാന നിലവാരത്തിലുള്ള ഗ്രാൻറുകളും മറ്റും സമയാസമയങ്ങളിൽ വാങ്ങിച്ചെടുക്കുന്നു കാര്യത്തിൽ ജാഗ്രത പുലർത്തുന്നതോടൊപ്പം തന്നെ തനതായ ധനാഗമമാർഗ്ഗങ്ങളെക്കുറിച്ച് ഗ്രാമ പഞ്ചായത്ത് ഗൗരവപൂർവ്വം ആലോചിക്കേണ്ടിയിരിക്കുന്നു.

1995 – 96 സാമ്പത്തിക വർഷത്തിലെ സംബ്ധിച്ചുള്ള വിവരങ്ങൾ പട്ടിക 1-ൽ നൽകിയിരിക്കുന്നു. പ്രധാന വരുമാന സ്രോതസ്സ് കെട്ടിട നികുതിയും, തൊഴിൽ നികുതിയുമാണ്.

ഇനം	വരവ്	മൊത്തവരുമാനത്തിന്റെ ശതമാനം
കെട്ടിട നികുതി	92833.00	8.91%
വിനോദ നികുതി	ഇല്ല	-
തൊഴിൽ നികുതി	109495.00	10.51%
ഉപാധിരഹതി ഫണ്ട്	213070.00	20.45 %
J.R.Y. ഗ്രാൻറ്	281999.00	27.07 %
എസ്റ്റാബ്ലിഷ്മെൻറ്	344225	33.04%

1995 – 96 സാമ്പത്തിക വർഷത്തിലെ പഞ്ചായത്തിന്റെ ചെലവു സംബന്ധിച്ച വിവരങ്ങൾ പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.

ഇനം	ചെലവ്	മൊത്ത വരുമാനത്തിന്റെ ശതമാനം
ഭരണം	388806.00	38.63 %
പൊതുമരാമത്ത്	173541.00	17.24%
വിദ്യാഭ്യാസം	6184.00	0.61 %
ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം	6000.00	0.59 %
തെരുവു വിളക്കുകൾ	10935.00	1.08%
മറ്റുള്ളവ	421007.00	41.82%
ആകെ	**1006473.00**	**99.97%**

പഞ്ചായത്തിലെ വ്യവസായിക മേഖല പരിശോധിച്ചാൽ നാമമാത്രമായ ചെറുകിട വ്യവസായങ്ങളും പോലും പേരിനു മാത്രമേയുള്ളുവെന്ന് കാണാം. വ്യവസായ സംരംഭകർക്ക് അനുയോജ്യമായ സൗകര്യം ലഭ്യമാണെങ്കിലും വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്നതിന് ലോണുകൾ നൽകാനുള്ള ബാങ്കുകളുടെ വിമുഖത, വൈദ്യുതി കണക്ഷൻ കിട്ടാനുള്ള കാലതാമസം തുടങ്ങിയ പ്രതിസന്ധികൾ നിലനിൽക്കുന്നു.

8-ാം വാർഡിൽ ആനക്കയം പരപ്പിൻകര പ്രദേശത്ത് ഏകദേശം 50 Hect. സ്ഥലം M.V.I.P.യുടെ ജലാശയമാണ്. ഇവിടം മൽസ്യകൃഷിക്ക് അനുയോജ്യമാണ്. അതുപോലെ 5-ാം വാർഡിലുള്ള തേവരുപാറ പഞ്ചായത്തിന്റെ ഏറ്റവും ഉയർന്ന പാറക്കെട്ടാണ്. ഇവിടവും, ഇടിവെട്ടിപ്പാറയും പരപ്പിൻകരയും ടൂറിസ്റ്റ് കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ ആരായാവുന്നതാണ്.

91-92 മുതൽ 95-96 വരെ പഞ്ചായത്തിന്റെ വരുമാനത്തിലെ വ്യത്യാസം താഴെ ചേർത്തിരിക്കുന്നു.

ഇനം	91-92	95-96	വ്യത്യാസം	കുറവ്	ശതമാന കണക്കിൽ
കെട്ടിട നികുതി	54139	92833.00	38694.00	ഇല്ല	58.32%
വിനോദനികുതി	ഇല്ല	ഇല്ല	-	-	-
തൊഴിൽ നികുതി	67402.00	109495.00	42093.00	ഇല്ല	61.55%
ഉപാധിരഹിത ഫണ്ട്	158400	213070.00	54664.00	ഇല്ല	74.34%
S.C.P.	ഇല്ല	ഇല്ല	-	-	-
J.R.Y. ഗ്രാൻറ്	110924	281999	171075	ഇല്ല	39.33%
എസ്റ്റാബ്ലിഷ് മെൻറ്	246953	344225	97272	ഇല്ല	71.74%

ഈ സാമ്പത്തിക വർഷം സർക്കാരിൽ നിന്നും പഞ്ചായത്തിന് 919669 രൂപ ഗ്രാൻറിനത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിന്റെ 30.66 % ജവഹർ റോസ് ഗാർ യോജന പദ്ധതിക്കും, 23.17 % അൺടൈഡ് ഫണ്ടിനും, B.T.C. ഫണ്ട് 24.35% വും V.R.M. ഗ്രാൻറ് 2.38% വും എസ്റ്റാബ്ലിഷ്മെൻറ് ഫണ്ട് 12.53% വും Basic Tax 1.44% ഫണ്ട് പദ്ധതി വിഹിതങ്ങളായിട്ട് ലഭിച്ചിട്ടുണ്ട്.

J.R.Y. പദ്ധതി പ്രകാരം പട്ടികജാതി/പട്ടിക വർഗത്തിനുള്ള വീടു നിർമ്മാണത്തിനായി ഉപയോഗിച്ചിരിക്കുന്ന കണക്കു വിവരങ്ങൾ

ഇനം	ജനറൽ		SC/ST	
പണിയുടെ വിവരം	എസ്റ്റിമേറ്റ് തുക	നൽകിയത്	എസ്റ്റിമേറ്റ് തുക	നൽകിയത്
2-ാം വാർഡിൽ ഒരു കിണർ			15000.00	7274.00
3-ാം വാർഡിൽ 3 വീടുകൾ വയറിംഗ്			1500.00	1000.00
8-ാം വാർഡിൽ ഒരു വീട്			15800.00	——
റിട്ടേണിംഗ് വസ്തു	15000.00			
കലയന്താനി ചിലവ് റോഡ് ടാറിംഗ്	150280	140297.00		

പഞ്ചായത്തിലെ പൊതുമരാമത്ത് പണി സംബന്ധിച്ച് വിവരങ്ങൾ പട്ടിക 4 ൽ കൊടുത്തിരിക്കുന്നു. 91-92 മുതൽ 95-96 വരെയുള്ള കണക്കുകളാണ് താഴെ.

		ചെലവ്		
പണിയുടെ സ്വഭാവം	എസ്റ്റിമേറ്റ് തുക	ഗ്രാൻറ് തുക	പഞ്ചായത്ത് ഫണ്ട്	ആകെ
റോഡ്	441248	400000	41248	441248
ഓഫിസ് കെട്ടിടം സാംസ്കാരിക നിലയം	421783	347890	7389	21783
നടപ്പാലം, നടപ്പുവഴി	24699	24699	-	24699
മറ്റുള്ളവ സംരക്ഷണ ഭിത്തി	86533	86533	288.00	86821

പഞ്ചായത്ത് രാജ് ആക്ട് നിയമം അനുസരിച്ച് പഞ്ചായത്തിന് വിവിധ വകുപ്പുകളിൽ നിന്നും 95-96 വർഷം സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടിയ തുക സംബന്ധിച്ച വിവരങ്ങൾ മൃഗ സംരക്ഷണം, ആരോഗ്യം, കൃഷി, P.W.D., പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം, പാൽ സംഭരണം ഡയറി, അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ എന്നിവയാണ്. പദ്ധതി വിഹിതം 282661 രൂപയും പദ്ധതിയേതര വിഹിതം 7600 രൂപയും കൂടി ആകെ 290261 ലക്ഷം രൂപ പഞ്ചായത്തിന് കിട്ടി. പട്ടിക താഴെ കൊടുത്തിരിക്കുന്നു.

വകുപ്പ്	പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	ആകെ
മൃഗസംരക്ഷണം	2620.00		2620.00
ആരോഗ്യം	54355.00		54355.00
കൃഷി	204036.00		204036
P.W.D.	8400.00		8400.00
പട്ടികജാതി ക്ഷേമം	2500.00		2500.00
പാൽ സംഭരണം (ഡയറി)	10750.00		10750.00
അഗതി പെൻഷൻ	6600.00		6600.00
വാർദ്ധക്യകാല പെൻഷൻ	1000.00		1000.00

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ ഭരണച്ചെലവ് കുറക്കുക.

2. പഞ്ചായത്തുകൾക്ക് കിട്ടുന്ന ഉപാധിരഹിത ഫണ്ടും

J.R.Y. പദ്ധതിയിൽ കിട്ടുന്ന ഫണ്ടും വർദ്ധിപ്പിച്ചു കിട്ടുക.

3. പഞ്ചായത്തിനു പുറത്തു നിന്നുള്ള നിർമ്മാണ തൊഴിലാളികൾക്ക് പഞ്ചായത്തിൽ രജിസ്ട്രേഷൻ ഏർപ്പെടുത്തുക.

4. ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കണം.

5. പഞ്ചായത്തിൽ വ്യവസായ സംരംഭകരെ കണ്ടെത്തുന്നതിന് ഇടക്കിടെ സെമിനാർ നടത്തുകയും സംരംഭകർക്ക് പരിശീലനം നൽകുകയും ആവശ്യമെങ്കിൽ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ പുറത്ത് പരിശീലനത്തിനു അയക്കുകയും വേണം.

6. പഞ്ചായത്തിൽ ഒരു വ്യവസായ പ്രോൽസാഹന സമിതി രൂപീകരിക്കണം.

7. വാഹന നികുതി ഭൂമി രജിസ്ട്രേഷൻ നികുതി ഇവയുടെ പഞ്ചായത്തു വിഹിതം വർദ്ധിപ്പിക്കണം.

8. ആലക്കോട് വില്ലേജിൽ നിന്നും പഞ്ചായത്തിനു ലഭിക്കുന്നു വിഹിതം അപര്യാപ്തമാണ് ഇത് വർദ്ധിപ്പിക്കണം.

9. ഇളംദേശം ബ്ലോക്കിന്റെ പുറകുവശത്തുള്ള സർക്കാർ വക സ്ഥലം പഞ്ചായത്തിനു കൈമാറുവാൻ നടപടി സ്വീകരിക്കുക. ഇങ്ങനെ കിട്ടുന്ന സ്ഥലത്ത് സർക്കാർ ജീവനക്കാർക്കും മറ്റ് ആളുകൾക്കും വേണ്ടി ഒരു ഹോസ്റ്റൽ സ്ഥാപിക്കുകയും അവയുടെ വാടക പഞ്ചായത്ത് ഈടാക്കുകയും ചെയ്യാം.

10. ആലക്കോട് വില്ലേജിൽ പെട്ട ഇളംദേശം വെട്ടിമറ്റം കരകൾ (നിലവിൽ വെള്ളിയാമറ്റം പഞ്ചായത്തിൽ ഉള്ളത്) ആലക്കോട് പഞ്ചായത്തിനോട് കൂട്ടി ചേർക്കുക.

കരിമണ്ണൂർ വില്ലേജിലുള്ള ചിലവ് കരയെ (ആലക്കോട് പഞ്ചായത്തിലെ 1 ഉം 2 ഉം വാർഡുകൾ) ആലക്കോട് വില്ലേജിനോട് ചേർക്കുക.

11. പഞ്ചായത്തിലെ റവന്യൂ സ്ഥലങ്ങളിൽ നിൽക്കുന്നു തടികൾ പഞ്ചായത്തിനു കൈമാറുക. അവ ലേലം ചെയ്തു പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം

12. ഇളംദേശം ബ്ലോക്ക് ഓഫിസിനു മുൻവശത്തുള്ള സർക്കാർ സ്ഥലം പഞ്ചായത്തിനു ലഭിക്കുവാൻ നടപടി സ്വീകരിക്കുക.

13. ഇളംദേശം ബ്ലോക്കോഫിസിനു മുൻവശത്ത് ഒരു ടാക്സി സ്റ്റാൻഡും വെയിറ്റിംഗ് ഷെഡും നിർമ്മിക്കേണ്ടത് ആവശ്യമാണ്.

14. പഞ്ചായത്തിലെ നിലവിലുള്ള വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ചും പുതിയതായി പണിയുന്ന വെയിറ്റിംഗ് ഷെഡിനോടനുബന്ധിച്ചും ഒന്നോ രണ്ടോ മുറികൾ പണിയുകയും അവ വാടകയ്ക്കു നൽകുകയും ചെയ്യാവുന്നതാണ്.

15. നാഷണൽ സേവിംഗ് സ്കീമും ഇന്ദിര വികാസ് പത്രവും എടുക്കുന്നതു മൂലം തുകയുടെ 25% തുക പഞ്ചായത്തിനു ഗ്രാൻറായിട്ട് കിട്ടുന്ന സംവിധാനം നിലവിലുള്ളതിനാൽ ഈ നിക്ഷേപങ്ങൾ പഞ്ചായത്തിൽ പരമാവധി പ്രോൽസാഹിപ്പിക്കാൻ ശ്രമിക്കേണ്ടതാണ്.

16. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ മാനവി വിഭവ ശേഷി പരമാവധി ഉപയോഗപ്പെടുത്തുവാൻ ശ്രമിക്കണം.

17. റോഡ്, തോട്, പുറംപോക്കുകളിൽ മരം വച്ചുപിടിപ്പിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിക്കും.

അനുയോജ്യമായ സ്ഥലം കണ്ടെത്തി പഞ്ചായത്തിന് ബസ് സ്റ്റാൻഡ് കം ഷോപ്പിംഗ് കോംപ്ലക്സ് സ്ഥാപിക്കാവുന്നതാണ്.

18. പഞ്ചായത്തിനു പുറകു വശത്തുള്ള സ്ഥലത്ത് ഒരു ഓഡിറ്റോറിയം നിർമ്മിക്കുക.

19. ആലക്കോട് പഞ്ചായത്തലെ പാറമടകൾക്ക് നിർബന്ധമായും ലൈസൻസ് ഏർപ്പെടുത്തുക.

20. പഞ്ചായത്തു തോടുകളിലെ മണൽവാരുന്ന അവകാശം ലേലം ചെയ്തു ഫീസിടാക്കുക.

21. പഞ്ചായത്തിൽ നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് ഫീസ് ഏർപ്പെടുത്തുക. ഇതുമൂലം പഞ്ചായത്തിന് വരുമാനവർധനവും അതോടൊപ്പം അലഞ്ഞു തിരിയുന്ന നായ്ക്കളെ നിയന്ത്രിക്കുവാനും കഴിയും.

ഉപസംഹാരം

നിലവിലുള്ള വികസന ആശയത്തിനു
ഒരു പുത്തൻമാനം നാം കണ്ടെത്തി. ജനപങ്കാളിത്തമില്ലാതെ
ഒരു വികസന പ്രവർത്തനവും പൂർണ്ണതയിൽ എത്തുകയില്ല.
ജനശക്തിയാണ് നമ്മുടെ ഏറ്റവും വലിയ സമ്പത്ത്.
ഈ സമ്പത്തിനെ പരമാവധി ഉപയോഗപ്രദമാക്കണം.
തങ്ങൾ തന്നെ പദ്ധതികൾക്ക് രൂപം നൽകുന്നു എന്നത് ജനപങ്കാളിത്തം
ഉറപ്പുവരുത്താൻ സഹായകമാകും.
ഡിഫാർട്ടുമെന്റിസവും, ഉദ്യോഗസ്ഥമേധാവിത്വവും,
രാഷ്ട്രീയ അതിപ്രസരവും വിട്ടുമാറുന്നതോടെ
വികസനപ്രവർത്തനം സുഗമാകും.

നമ്മുടെ പഞ്ചായത്തിൽ നടന്ന 8 ഗ്രാമസഭകളുടെ റിപ്പോർട്ടുകളും
ജനങ്ങളുടെ ജീവിതത്തെ സ്പർശിക്കുന്ന
എല്ലാ പ്രശ്നങ്ങളേയും സൂചിപ്പിക്കുന്നവയാണ്.
ആ പ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങളും
ആ സഭകൾ നിർദ്ദേശിച്ചിട്ടുമുണ്ട്.
ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുകഎന്നതിലുപരി
കാർഷികോൽപാദനക്ഷമത വർദ്ധിപ്പിക്കുകയും കൂടുതൽ തൊഴിലവസരങ്ങൾ
സൃഷ്ടിക്കുകയും ചെയ്യുന്ന വികസനസംസ്കാരമാണ് ഇന്നിന്റെ ആവശ്യം
മഹത്തായ ഈ ആശയം നിറവേറ്റുവാനുതകുമാറാണ്
ഈ വികസനരേഖ തയ്യാറാക്കിയിട്ടുള്ളത്.
വിശദമായ വിശകലത്തിനും വ്യക്തമായ നിർദ്ദേശങ്ങൾക്കും ആത്മാർത്ഥമായ
അംഗീകാരത്തിനുമായി ഈ വികസനരേഖ നിങ്ങളുടെ സമക്ഷം
സവിനയം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

പി.കെ.കുര്യൻ പഴയിടത്ത്
പ്രസിഡൻറ്
ആലക്കോട് ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പ്

കൃഷി-ജലസേചനം

കൺവീനർ -ജോസ് മിറ്റത്താനി
മാത്യു അഗസ്റ്റിൻ
ബേബി പാണംകാട്ട്
സക്കറിയ ജോൺ കല്ലിടുക്കിൽ
ജോൺസൺ ആലിലക്കുഴിയിൽ
മാത്യു പൗലോസ് മാളിയേക്കൽ
പി.എം. രാജപ്പൻ
എ.കെ. മീരാലവ

വ്യവസായം

കൺവീനർ -ബോബി കല്ലിടുക്കിൽ
ജോസഫ് കുറ്റിച്ചിറയിൽ
എ.എം. മുസ്തഭ എലവുങ്കൽ
കെ.എം. ജോസഫ് കാര്യമാത്തിൽ
പി.കെ.നീലകണ്ഠനാചാരി പുത്തൻ വീട്ടിൽ
ജോൺസൺ പൂവന്നിക്കുന്നേൽ
ഓ.റ്റി. രവീന്ദ്രൻ ഒട്ടകുറ്റിയിൽ
ജോൺസൺ പാണംകാട്ട്

മൃഗപരിപാലനം-മത്സ്യ ബന്ധനം

കൺവീനർ -മാത്യു ഊരാളിക്കുന്നേൽ
റ്റി.റ്റി. പൊന്നപ്പൻ
മത്തായി ചാക്കോ കീമറ്റത്തിൽ
ഔസേപ്പ് ഈറ്റകലോടിൽ
ഷാജി മാത്യു കൊച്ചുപുരക്കൽ
രാജു സ്കറിയ വള്ളോപ്പിള്ളിൽ
അപ്പച്ചൻ ചെറുവള്ളാത്ത്
ചന്ദ്രൻ പുല്ലുകുന്നുപാറയിൽ

റോഡ്-ഊർജ്ജം

കൺവീനർ -എം.എ. തോമസ് മുണ്ടയ്ക്കൽ
സഖറിയാസ് ജോൺ താന്നിക്കൽ
എ.എം. മാണി ഇളയിടത്തുക്കുന്നേൽ
ഇ.എസ്. റഷീദ് ഇല്ലിക്കൽ
ജോസഫ് കല്ലിങ്കക്കുടിയിൽ
പി.പി. പീറ്റർ പേന്താനത്ത്
വി.എൻ. ഭാസ്ക്കരൻ വെള്ളുച്ചാലിൽ
ഗോപാലകൃഷ്ണൻ പായിക്കാട്ട്

വിദ്യാഭ്യാസം

കൺവീനർ - എം.കെ. തങ്കപ്പൻ
അപ്പച്ചൻ കിഴക്കേക്കര
അന്നക്കുട്ടിചാക്കോ മരുതും പാറയിൽ
കെ.എസ്. ശശിദരൻ നായർ കളത്തൂർ
എം.പി. പത്രോസ് മുത്തോലി
അന്നക്കുട്ടി മത്തായി പാഴുകല്ലേൽ
മാത്യു മുണ്ടക്കൽ
ബെന്നി പാണംകാട്ട്

ഭവന നിർമ്മാണം-സാമൂഹ്യക്ഷേമം

കൺവീനർ -എ.റ്റി. മാത്യു ഇലഞ്ഞിക്കൽ
അപ്പച്ചൻ പാലാട്ട്
കെ.എം കാസിം കുറ്റിവേലിയിൽ
ഷെറിഫ് നൈൻക്കുന്നേൽ
വി.സി. ജോസ് വെടുവേലിയിൽ
തോമസ് കിഴക്കേക്കര
സെബാസ്റ്റ്യൻ തെങ്ങുംപ്പള്ളിയിൽ
തോമസ് നടുത്തൊട്ടിയിൽ

ആരോഗ്യം-കുടിവെള്ളം

കൺവീനർ -വി.ക്കെ. വർക്കി വട്ടക്കുന്നേൽ
വർക്കി കുറ്റിയാനി മറ്റം
എൻ.കെ. ജോസഫ് നന്തിങ്കാട്ട്
പി.സി.തോമസ് പെരുംത്തോട്ടത്തിൽ
ജോസഫ് നെല്ലിക്കുന്നേൽ
വിൻസന്റ് വേങ്ങയിൽ
ബിജു റ്റി. എസ്. തകിടിയിൽ
ശ്രീനിവാസൻ കരിക്കുന്നേൽ

സംസ്കാരം

കൺവീനർ -റ്റോമി ജോസഫ് പള്ളിക്കാമംത്തിൽ
ജോയി വരിക്കാട്ട്
എം.എം. സലിം മുണ്ടക്കൽ
തോമസ് കുരുവിള പുതിയിടത്ത്
ജോൺ പള്ളിക്കാമ്യാലിൽ
മാർട്ടിൻ ജോസഫ് വടക്കുംപുറത്ത്
റ്റി.ആർ. ജിജി തകടിയേൽ
റ്റി.ബി. ശിവദാസ് തോണിക്കുഴിയിൽ

വനിത

കൺവീനർ -മേരി ഫ്രാൻസിസ് വള്ളിക്കുന്നേൽ
എ.എ. പത്രോസ് ആച്ചിക്കൽ
സുലൈക മീരാലവ നൈൻകുന്നേൽ
ലീലാമ സെബാസ്റ്റ്യൻ കരോട്ടുകുന്നേൽ
ആന്നമ്മചാക്കോ കാരിക്കാട്ട്
ബൈജു വിലങ്ങുപുറത്ത്
സെലിൻ ജോസ് മുട്ടുങ്കൽ
ഗിരിജ കെ.ആർ

സഹകരണ മേഖല

കൺവീനർ -പീറ്റർ മാത്യു കണ്ടിരിക്കൽ
മനുവേൽ പുല്ലനിപ്പള്ളിൽ
സണ്ണി മൂലയിൽ
തോമസ് മാത്യു കക്കുഴിയിൽ
ആൻഡ്രൂസ് പുറക്കാട്ട്
കുട്ടിച്ചൻ തേക്കുംകാട്ടിൽ
മത്തച്ചൻ ചേബ്ലാങ്കൽ

പട്ടികജാതി-പട്ടികവർഗ്ഗം

കൺവീനർ -റ്റി.ബി. ശിവദാസൻ തോണിക്കുഴിയിൽ
സുകുമാരൻ കൊച്ചുകുഞ്ഞ് കയത്തുംങ്കര
ദിലീപ് കുമാർ കുളത്തിൽ
ഗോപി മങ്ങാട്ടുകുന്നേൽ
ഗോപികള്ളിക്കൽ
കെ.ഇ. ഭാസ്ക്കരൻ
ജോയി ഓലിക്കൽ

വിഭവസമാഹരണം

കൺവീനർ -ജോസ് താന്നിക്കൽ
ജോർജ്ജ് കറുത്തേടം
എൻ.ഇ.അബ്ദുൾജെബ്ബർ നൈനുക്കുന്നേൽ
ഷാജു മാളിയേക്കൽ
എം.പി. ചന്ദ്രൻ മഠത്തിൽ
എം.വി. സുധാകരൻ മാതാളിപറമ്പിൽ
ജോയി ചിറ്റാട്ടിൽ
ശ്രീധരൻ മാണിക്കാംകുഴിയിൽ

ആമുഖം

കൺവീനർ -എം.ഡി. മാത്യു മീൻമ്പൂര്
മർക്കോസ് പട്ടാകുളം
സി.ജെ.ജോസ് ചാമക്കാലയിൽ
സഖറിയാസ് ജോൺ കല്ലിടുക്കിൽ
ആൽബർട്ട് കണിയാംമറ്റത്തിൽ